
# JANUARY 2023 FULL CA

PSC TALKZ

Join us on Telegram

Subscribe

GET IT ON Google Play




# PSC TALKZ

A Unique platform for Self dedicated learners of life to improve and sharpen their skill set, An comprehensive website daily updated with free study materials, Mock quizzes, Model Exams with emphasized focus on Kerala PSC candidates in clearing the PSC examinations.

# 4.30 AM MORNING SELF STUDY BATCH





**Yes the time dedicated for the go-getters...active community of Quality Members early in the Morning for disciplined Self Study time, live discussions and quizzes, elite group in telegram solely for the aim of seeking knowledge**

**We are a strong 50000 + community who wants to strive for betterment of life and we have an active telegram activity channel + Discussion group**

# COME JOIN US!

Join us on Telegram

Subscribe

GET IT ON Google Play

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in

- **പരീക്ഷയോടു അടുക്കുമ്പോൾ മാത്രം കറണ്ട്അഫയർ നോക്കുമ്പോഴാണ് , കറണ്ട്അഫയർ പരസ്പരബന്ധമില്ലാത്ത വിവരങ്ങളുടെ വലിയൊരുശേഖരം ആയി തോന്നുന്നത്, സ്വാഭാവികമായി മടപ്പുവരും, എന്തൊക്കെയോ വായിച്ച് CA പഠിച്ചു എന്ന് വരുത്തിത്തീർക്കും**
- **ഓരോദിവസവും ആ ദിവസത്തെ കറണ്ട്അഫയർ പഠിച്ചു നോക്കൂ**
- **ഇന്നു പഠിച്ചു തുടങ്ങുന്നവർ ഇന്നത്തെ CA പഠിക്കുന്നതിനൊപ്പം പഴയ Daily CA കൂടെ കുറേശ്ശെ വായിച്ചു പഠിച്ചു നോക്കൂ – കൃത്യമായ ഇടവേളകളിൽ റിവിഷൻ ചെയ്യൂ പെട്ടെന്ന്തന്നെ ട്രാക്കിലേക്ക് വരാൻ സാധിക്കും☺**
- **അത്തരത്തിൽ തിരഞ്ഞെടുത്ത ഏതാനും ചോദ്യങ്ങൾ അടങ്ങിയ ഈ ഫയൽ നിങ്ങൾക്ക് ഉപകരിക്കട്ടെ**
- **വോയിസ്ടൈപ്പ്ചെയ്തതിനാൽ , അക്ഷരതെറ്റുകൾ** (ആശയം മനസിലാക്കുന്നതിനെ തടസ്സപ്പെടുത്തുന്നത്ത്) **ക്ഷമിക്കുക**

## JAN 1

- ആഗോള കുടുംബ ദിനം ആചരിക്കുന്നത് ?
  - **ജനുവരി 1**
- 12 വയസ്സിന് താഴെയുള്ള കുട്ടികളിലെ വളർച്ചാ വൈകല്യങ്ങൾ തുടക്കത്തിലേ കണ്ടെത്തി ആയുർവേദ ചികിത്സാ വിധികളിലൂടെ പരിഹരിക്കുന്നത് ലക്ഷ്യമിട്ട് തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജുമായി ചേർന്ന് ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതി ?
  - **സ്നേഹധാര**
- പട്ടികജാതിക്കാരിലെ അതിദുർബല വിഭാഗത്തിന് വീടിനും തൊഴിലിനും പ്രത്യേക സഹായധനത്തിന് ഉത്തരവിറക്കിയ സംസ്ഥാനം ?
  - **കേരളം**
- ഭരണഘടനാ അധിക്ഷേപ പ്രസംഗത്തിന്റെ പേരിൽ രാജി വെക്കേണ്ടിവന്ന ശേഷം വീണ്ടും മന്ത്രിസഭയിലേക്ക് ഉൾപ്പെടുത്തുന്നത് ?
  - **സജി ചെറിയാൻ**
- പ്രഥമ ഇന്ത്യൻ ലൈബ്രറി കോൺഗ്രസ് നടക്കുന്നത് ?
  - **2023 ജനുവരി 1, കണ്ണൂർ, ഉദ്ഘാടനം :പിണറായി വിജയൻ**
- വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്ത സംസ്ഥാന സ്കൂൾ കലോത്സവ വിവരങ്ങൾക്കായി ആരംഭിച്ച മൊബൈൽ അപ്ലിക്കേഷൻ ?
  - **KITE Ulsavam**
- അഞ്ചുദിവസം നീണ്ട സ്റ്റേറ്റ് ആൻഡ് ഇന്റർ ഡിസ്ട്രിക്ട് ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ ഓവറോൾ ചാമ്പ്യൻമാരായത് ?
  - **ആലപ്പുഴ (2. തിരുവനന്തപുരം)**
- ബഡ്സ് സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്കായി കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച സാമൂഹിക പിന്തുണ പദ്ധതി ?
  - **മുകുളം**
- അടുത്തിടെ ഗർഭിണികൾക്കായി ഐഐടി റൂർക്കി എയിംസുമായി സഹകരിച്ചുകൊണ്ട് പുറത്തിറക്കിയ ആപ്ലിക്കേഷൻ ?
  - **സ്വസ്ഥ് ഗർഭ്**
- കർഷകർക്കുള്ള നിക്ഷേപ സഹായ പദ്ധതിയായ ഋതു ബന്ധുവിന്റെ (Rhythu Bandhu) പത്താം പതിപ്പ് അടുത്തിടെ ആരംഭിച്ച സംസ്ഥാനം ?

- **തെലങ്കാന**

❖ 2022 ഡിസംബറിൽ പുറത്തിറക്കിയ റോഡ് ഗതാഗത മന്ത്രാലയത്തിന്റെ വാർഷിക റിപ്പോർട്ട് പ്രകാരം വാഹനാപകടം മൂലമുള്ള മരണങ്ങൾ ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയ സംസ്ഥാനം ?

- **ഉത്തർപ്രദേശ്**

❖ അമേരിക്കയിലും സിങ്കപ്പൂരിലുമൊക്കെ തീവ്രകോവിഡ് വ്യാപനത്തിന് കാരണമായ എക്സ്.ബി.ബി.-1.5 എന്ന ഒമിക്രോൺ സങ്കരയിനം ഇന്ത്യയിൽ ആദ്യമായി സ്ഥിരീകരിച്ചത് ?

- **ഗുജറാത്ത്**
- **ഒമിക്രോണിന്റെ തന്നെ ബി.ജെ.1, ബി.എ.2.75 ഉപവിഭാഗങ്ങൾ ചേർന്നുള്ളതാണ് എക്സ്.ബി.ബി.**

❖ കത്തോലിക്കാസഭയുടെ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ സ്വമേധയാ സ്ഥാനമൊഴിഞ്ഞ രണ്ടാമത്തെ മാർപാപ്പ 2022 ഡിസംബർ 31ന് കാലം ചെയ്തു. അദ്ദേഹത്തിന്റെ പേര് ?

- **ബെനഡിക്ട് പതിനാറാമൻ(95)**
- **ജോസഫ് അലോഷ്യസ് റാറ്റ്സിങ്ങറെന്നാണ് യഥാർഥ പേര്.**

❖ ഗ്ലാസ്ഗോയിൽ നടന്ന 26-ാം ആഗോള കാലാവസ്ഥാ ഉച്ചകോടി(COP-26)യിൽ കാലാവസ്ഥാ വ്യതിയാനത്തിനെതിരേ പൊരുതാനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നൽകിയതിന് ചാൾസ് മൂന്നാമൻ രാജാവിന്റെ ആദരം ലഭിച്ച ഇന്ത്യൻ വംശജനും ബ്രിട്ടനിലെ മുൻമന്ത്രിയും ആയ വ്യക്തി ?

- **അലോക് ശർമ**

❖ വിശ്വനാഥൻ ആനന്ദിന് ശേഷം ലോക ബ്ലിറ്റ്സ് ചെസ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടുന്ന രണ്ടാമത്തെ താരം ആയത് ?

- **കൊനേരു ഹംപി (വെള്ളി മെഡൽ)**

❖ കേരള ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് ആയി നിയമിതനായത് ?

- **വി. സുനിൽ കുമാർ**

❖ വാഹന അപകടത്തിൽ പരിക്കേറ്റ ഋഷഭ് പന്തിനു പകരം ഐപിഎല്ലിൽ ഡൽഹി ടീമിന്റെ ക്യാപ്റ്റൻ ആവുന്നത് ?

- **ഡേവിഡ് വാർണർ**

## JAN 2

- ❖ അടുത്തിടെ ബി.എസ്.എഫ്. സേനാംഗങ്ങൾക്കായി കേന്ദ്ര സർക്കാർ പുറത്തിറക്കിയ ആപ്ലിക്കേഷൻ ?
  - **പ്രഹരി**
- ❖ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI) യുടെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിതനായത് ?
  - **ജി. കമല വർധൻ റാവു ( FSSAI ആസ്ഥാനം: ന്യൂഡൽഹി )**
- ❖ കേന്ദ്ര സ്റ്റീൽ മന്ത്രാലയത്തിന് കീഴിലുള്ള ഒരു ഷെഡ്യൂൾ "എ" മിനിരത്ന കമ്പനിയായ മാംഗനീസ് ഓർ ഇന്ത്യ ലിമിറ്റഡ്(MOIL)ന്റെ ചെയർമാനായി ചുമതലയേറ്റത് ?
  - **അജിത് കുമാർ സക്സേന**
  - **MOIL ആസ്ഥാനം: നാഗ്പൂർ, മഹാരാഷ്ട്ര**
- ❖ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് (BSE) ന്റെ പുതിയ എംഡി & സിഇഒ ആയി 2023 ജനുവരി 4 ന് നിയമിതനാവുന്നത് ?
  - **സുന്ദരരാമൻ രാമമൂർത്തി**
- ❖ 2023 ജനുവരി 1 മുതൽ ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറും (എംഡി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും (സിഇഒ) ആയി ചുമതലയേറ്റത് ?
  - **അജയ് കുമാർ ശ്രീവാസ്തവ**
- ❖ ജനുവരി 1 ന് ഭീകരാക്രമണത്തിൽ മൂന്ന് പേർ കൊല്ലപ്പെട്ട ജമ്മു കാശ്മീരിലെ ഗ്രാമം ?
  - **ജമ്മു കാശ്മീരിലെ രജൗറിയിലെ ഡംഗരി ഗ്രാമത്തിൽ**
- ❖ ഇന്ത്യൻ ആർമി എവിടെയാണ് തങ്ങളുടെ ആദ്യത്തെ 3-ഡി പ്രിന്റഡ് ഹൗസ് യൂണിറ്റ് ഉദ്ഘാടനം ചെയ്തത് ?
  - **അഹമ്മദാബാദ്**
- ❖ തമു ലോസർ എന്ന പുതുവത്സരാഘോഷം സംഘടിപ്പിച്ചത് ?
  - **ഗുരുങ് കമ്മ്യൂണിറ്റി**
  - **സിക്കിമിലെ നേപ്പാളീസ് ഗുരുങ് കമ്മ്യൂണിറ്റിയുടെ പുതുവർഷാഘോഷം ആണ് തമു ലോസർ(Tamu Lhosar).**
- ❖ ഗോവയിൽ നിന്നും മഹാരാഷ്ട്രയിൽ നിന്നും എതിർപ്പ് നേരിടുന്ന അടുത്തിടെ കേന്ദ്രസർക്കാർ അംഗീകാരം നൽകിയ കർണാടകയുടെ കുടിവെള്ള പദ്ധതി ?
  - **കലാസ-ബന്ദൂരി കുടിവെള്ള പദ്ധതി**
- ❖ കേന്ദ്ര സർക്കാർ ഓഫീസുകൾ പൂർണമായി ഡിജിറ്റൽവത്കരിച്ചേക്കുന്നത് ?
  - **2023 ഫെബ്രുവരി**

- തുടർച്ചയായ പത്താം മാസമാണ് ജി.എസ്.ടി. വരുമാനം 1.4 ലക്ഷം കോടി ₹ യ്ക്കുമുകളിൽ വരുന്നത്. 2022 ഡിസംബർ മാസത്തെ ജി.എസ്.ടി. വരുമാനം എത്രയാണ് ?
  - **1,49,507 കോടി ₹**
- പുതിയ വിദേശകാര്യ മന്ത്രിയായി ചൈന നിയമിച്ച ചൈനയുടെ മുൻ യുഎസ് പ്രതിനിധി ?
  - **കിൻ ഗാങ്ങ് (56)**
- ബ്രസീലിന്റെ പുതിയ പ്രസിഡന്റായി 2023 ജനുവരി 1 ന് അധികാരമേറ്റത് ?
  - **ലുല ഡ സിൽവ(77)**
- യൂറോ വിനിമയ നാണയമായി സ്വീകരിക്കുന്ന ഏറ്റവും പുതിയ രാജ്യമായത് ?
  - **ക്രൊയേഷ്യ (മുൻ കറൻസി: ക്യൂണ)**
- യൂറോ കറൻസി സ്വീകരിച്ചതോടെ ക്രൊയേഷ്യ ഔദ്യോഗിക അംഗമായ പാസ്പോർട്ട് വേണ്ടാ മേഖല ?
  - **ഷെങ്കൻ മേഖല (27th അംഗം)**
- ആസ്ഥാനമന്ദിരത്തിന്റെ വാടക നൽകാത്തതിന് കേസ് നേരിടുന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം ?
  - **ടിറ്റർ**
- യുഎസ് ടിവിയിലെ ആദ്യ വാർത്താ അവതാരക അന്തരിച്ചു. പേര് ?
  - **ബാർബറ വോൾട്ടേഴ്സ് (93)**

- സെക്രട്ടേറിയറ്റിലെ മാതൃകയിൽ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലെയും ഫയൽ നീക്കം പൂർണമായി ഇ-ഓഫീസ് വഴിയാക്കുന്നത് ?
  - **കേരളം**
- ടാറ്റ സൺസ് മുൻ ഡയറക്ടറും ടാറ്റ ട്രസ്റ്റ് അംഗവുമായ വ്യക്തി അന്തരിച്ചു. പേര് ?
  - **ആർ. കെ. കൃഷ്ണകുമാർ (രായരോത്ത് കുട്ടമ്പള്ളി കൃഷ്ണകുമാർ-84)**
  - **തലശ്ശേരി സ്വദേശി ആയ അദ്ദേഹം മുൻ ചെയർമാൻ രത്തൻ ടാറ്റയുടെ വിശ്വസ്തനായാണ് അറിയപ്പെട്ടിരുന്നത്.**
- നാട്യോദയ കൾച്ചറൽ ആൻഡ് റിസർച്ച് സെന്ററിന്റെ നാട്യഗുരു ശ്രേഷ്ഠ പുരസ്കാരം ലഭിച്ച ഡോ. ഗുരു ഗോപിനാഥിന്റെ ശിഷ്യയും കേരള നടനം ആചാര്യയുമായ വ്യക്തി
  - **കോട്ടയം ഭവാനി ചെല്ലപ്പൻ**

- **ഭവാനി ചെല്ലപ്പന് 97-ാം പിറന്നാൾ നിറവിലാണ് പുരസ്കാരം സമ്മാനിക്കുന്നത്. 50,000 ₹യുടേതാണ് പുരസ്കാരം.**

❖ സന്തോഷ് ട്രോഫി ഫുട്ബോളിൽ തുടരെ മൂന്നാം ജയം നേടിയത് ?
- **കേരളം**

❖ അടുത്തിടെ അപൂർവ്വ രോഗങ്ങൾക്കുള്ള കേരളത്തിലെ ആദ്യ മികവിന്റെ കേന്ദ്രമായി കേന്ദ്ര ആരോഗ്യ മന്ത്രാലയം തിരഞ്ഞെടുത്തത് ?
- **എസ്.എ.ടി., തിരുവനന്തപുരം**

## JAN 3

❖ ഐക്യ രാഷ്ട്ര സഭ ചെറു ധാന്യവർഷമായി ആചരിക്കുന്ന വർഷം ?
- **2023 (Year of Millets)**

❖ ആറുവർഷം മുൻപ് ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകൾ അസാധുവാക്കിക്കൊണ്ടുള്ള കേന്ദ്രസർക്കാർ തീരുമാനം ശരിവെച്ചത് ?
- **സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ ഭൂരിപക്ഷ വിധി (4:1)**

❖ നടപടിക്രമങ്ങൾ പാലിച്ചായിരുന്നു നോട്ട് നിരോധനമെന്നും അത് ലക്ഷ്യപ്രാപ്തിയിലെത്തിയോ എന്നത് പ്രസക്തമല്ലെന്നും ഭൂരിപക്ഷവിധി പറഞ്ഞ അഞ്ചംഗ ബെഞ്ച് അധ്യക്ഷൻ ?
- **ജസ്റ്റിസ് എസ്. അബ്ദുൾ നസീർ**

❖ വിയോജിച്ച് ഭിന്നവിധിയെഴുതിയത് ?
- **ജസ്റ്റിസ് ബി. വി. നാഗരത്ന**

❖ ജില്ലാഭരണകൂടത്തിന്റെ ഇടപെടലിനെത്തുടർന്ന് 2023 ജനുവരി 2 ന് 50 വർഷങ്ങൾക്കു ശേഷം ദളിത് വിഭാഗത്തിന് പ്രവേശനം നൽകിയ തമിഴ്നാട്ടിലെ ക്ഷേത്രം ?
- **വരദരാജ പെരുമാൾ ക്ഷേത്രം, കള്ളെക്കുറിച്ചി, തമിഴ്നാട്**

❖ മഹാരാഷ്ട്ര സർക്കാരിന്റെ ഉപദേശക സമിതിയുടെ തലവനായി നിയമിക്കപ്പെട്ട ടാറ്റ സൺസ് ചെയർമാൻ ?
- **എൻ. ചന്ദ്രശേഖരൻ**

❖ ഇന്ത്യൻ വ്യോമസേനയുടെ വെസ്റ്റേൺ എയർ കമാൻഡിന്റെ പുതിയ മേധാവിയായി ചുമതലയേറ്റത് ?
- **എയർ മാർഷൽ പങ്കജ് മോഹൻ സിൻഹ**

- 2007 ൽ ഗുജറാത്തിലെ ആദ്യ വനിതാ ചീഫ് സെക്രട്ടറിയായി ചുമതലയേറ്റ വ്യക്തി അന്തരിച്ചു. പേര് ?
  - **ഡോ. മഞ്ജുള സുബ്രഹ്മണ്യം (74)**
- 2023 ജനുവരി 3 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി 108-ാമത് ഇന്ത്യൻ സയൻസ് കോൺഗ്രസ് ഉദ്ഘാടനം ചെയ്യും.ഏതാണ് വേദി ?
  - **RTM നാഗ്പൂർ സർവകലാശാല, മഹാരാഷ്ട്ര**
- അടുത്തിടെ "പ്രജ്ജ്വല ചലഞ്ച്" ആരംഭിച്ച കേന്ദ്ര മന്ത്രാലയം ?
  - **ഗ്രാമവികസന മന്ത്രാലയം**
- കന്നുകാലികൾക്കുള്ള ആദ്യത്തെ IVF യൂണിറ്റ് ആരംഭിച്ചത് ഇന്ത്യയിലെ ഏത് സംസ്ഥാനത്താണ് ?
  - **അമ്രേലി, ഗുജറാത്ത്**
- ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ (എ.ഐ.സി.ടി.ഇ.), അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് എന്നിവയുമായുള്ള പങ്കാളിത്തത്തോടെ വീബോക്സ് പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം 2023-ൽ തൊഴിൽ അന്വേഷകരുടെ ഇഷ്ട ഇടമായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ബെംഗളൂരു**
- ഓൺലൈൻ ഭക്ഷ്യവിതരണ കമ്പനിയായ സൊമാറ്റോയുടെ സഹസ്ഥാപകനും ചീഫ് ടെക്നോളജി ഓഫീസറുമായ വ്യക്തി രാജി വെച്ചു. പേര് ?
  - **ഗുഞ്ജൻ പാട്ടീദാർ**
- ലോകത്തെ മൂന്നിലൊന്ന് രാജ്യങ്ങളെ ഈ വർഷം സാമ്പത്തികമാന്ദ്യം ബാധിച്ചേക്കാമെന്ന് പ്രസ്താവിച്ചത് ?
  - **ഐഎംഎഫ് മേധാവി ക്രിസ്റ്റലീന ജോർജിവ**
- ഇസ്രയേൽ സേന മിസൈലാക്രമണം നടത്തിയ അന്താരാഷ്ട്ര വിമാനത്താവളം ?
  - **ഡമാസ്കസ്, സിറിയ**
- ഉത്തരകൊറിയൻ സേനയുടെ രണ്ടാമത്തെ തലവനെ കിം ജോങ് ഉൻ പുറത്താക്കി. പേര് ?
  - **പാക് ജോങ് ചോൺ**
- പൗരാവകാശ പ്രക്ഷോഭങ്ങൾ തുടരുന്ന ഇറാനിൽ സാഹിത്യകാരനും രേഖാചിത്രകാരനുമായ ആരെയാണ് വധശിക്ഷയ്ക്ക് വിധിച്ചത് ?

- **മെഹ്ദി ബഫമൻ**

❖ അമേരിക്കയിലെ നെവാദയിൽ മഞ്ഞു നീക്കുന്നതിനിടയിൽ ഗുരുതരമായി പരിക്കേറ്റ രണ്ടുതവണ ഓസ്കർ നാമ നിർദേശം ലഭിച്ചിട്ടുള്ള നടൻ ?

- **ജെറെമി റെനെർ**

❖ 2022-ലെ റിപ്പോർട്ടിൽ യുവാക്കളുടെ തൊഴിൽ ക്ഷമതയിൽ മൂന്നാം സ്ഥാനത്തായിരുന്ന ഏത് സംസ്ഥാനമാണ് 2023 റിപ്പോർട്ടിൽ ആദ്യ 10 ൽ ഇടം നേടാതിരുന്നത് ?

- **കേരളം (1.ഉത്തർപ്രദേശ്,2.മഹാരാഷ്ട്ര,3.ഡൽഹി)**

❖ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ സ്മരണാർഥം രാജീവ് വിചാർ വേദി ഏർപ്പെടുത്തിയ 2022- ലെ ബെസ്റ്റ് സ്റ്റേറ്റ്സ്മാൻ അവാർഡ് ലഭിച്ചത് ?

- **വി. ഡി. സതീശൻ**

❖ ദക്ഷിണാഫ്രിക്ക അണ്ടർ 19 ടീമിനെതിരേയുള്ള ട്വന്റി 20 ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യക്ക് നാലുവിക്കറ്റ് ജയം. കളിയിൽ നിർണായകമായ മൂന്നു വിക്കറ്റുകൾ നേടിയ മലയാളി താരം ?

- **സി. എം. സി. നജ്ല (മലപ്പുറം സ്വദേശി)**

## JAN 4

❖ ലോക ബ്രെയ്‌ലി ദിനം ആചരിക്കുന്നത് ?

- **ജനുവരി 4**

❖ ന്യൂമോണിയ ബാധിച്ച് ചികിത്സയിലായിരുന്ന പ്രശസ്ത രബീന്ദ്ര സംഗീത വിദുഷി അന്തരിച്ചു. പേര് ?

- **സുമിത്രാ സെൻ (89)**
- **പശ്ചിമ ബംഗാൾ സർക്കാർ 2012 ൽ "സംഗീത് മഹാസമ്മാൻ' പുരസ്കാരം നൽകി ആദരിച്ചിരുന്നു.**

❖ മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ തുടങ്ങിയ പൊതുസേവകർക്ക് അഭിപ്രായസ്വാതന്ത്ര്യത്തിനുമേൽ അധിക നിയന്ത്രണം ഏർപ്പെടുത്താനാവില്ലെന്ന് പ്രസ്താവിച്ചത് ?

- **സുപ്രീംകോടതി**

- മന്ത്രിമാരുടെ പ്രസ്താവനയുടെ പരോക്ഷബാധ്യത, കൂട്ടുത്തരവാദിത്വം ചൂണ്ടിക്കാട്ടി സർക്കാരിനു മേൽ ചുമത്താനാവില്ലെന്ന് വ്യക്തമാക്കിയ അഞ്ചംഗ ഭരണഘടനാ ബെഞ്ച് അധ്യക്ഷൻ ?
  - **ജസ്റ്റിസ് എസ്. അബ്ദുൾ നസീർ**
- ഭൂരിപക്ഷവിധിയോട് കൂടുതലും യോജിച്ചു കൊണ്ടുതന്നെ ഭിന്നവിധി എഴുതിയത് ?
  - **ജസ്റ്റിസ് ബി. വി. നാഗരത്ന**
- പ്രധാനമന്ത്രിയുടെ പരീക്ഷ പേ ചർച്ചയുടെ എത്രാമത്തെ പതിപ്പ് ആണ് 2023 ജനുവരി 27 ന് നടക്കുന്നത് ?
  - **6**
- വിദേശ ഇന്ത്യക്കാർക്കുള്ള പരമോന്നത ബഹുമതിയായ പ്രവാസി ഭാരതീയ സമ്മാൻ അവാർഡിന് (പിബിഎസ്എ) 2023-ൽ കേന്ദ്ര സർക്കാർ തിരഞ്ഞെടുത്തത് ?
  - **27 പേരെ**
- 2023 ജനുവരി 8 മുതൽ 10 വരെ മധ്യപ്രദേശിലെ ഇൻഡോറിൽ നടക്കുന്ന പ്രവാസി ഭാരതീയ ദിവസ് കൺവെൻഷന്റെ 17-ാമത് എഡിഷനിൽ അവാർഡ് സമ്മാനിക്കുന്നത് ?
  - **ദ്രൗപദി മുർമു**
- പ്രവാസി ഭാരതീയ സമ്മാനത്തിന് അർഹനായ ദുബായ് ആസ്ഥാനമായ ബ്യൂമെർക് കോർപ്പറേഷന്റെ എക്സിക്യുട്ടീവ് ചെയർമാനും സി.ഇ.ഒ.യുമായ വ്യക്തി ആരാണ് ?
  - **സിദ്ധാർഥ് ബാലചന്ദ്രൻ (എറണാകുളം സ്വദേശി)**
- പ്രവാസി ഭാരതീയ സമ്മാനത്തിന് അർഹനായ ലോകത്തിലെ ഏറ്റവും വലിയ കൊറിയർ-ലോജിസ്റ്റിക്സ് കമ്പനിയായ അമേരിക്കയിലെ ഫെഡെക്സിന്റെ സിഇഒയും പ്രസിഡന്റും ആരാണ് ?
  - **രാജേഷ് സുബ്രഹ്മണ്യം (തിരുവനന്തപുരം സ്വദേശി)**
- വൈദ്യശാസ്ത്രരംഗത്തെ മികവിനുള്ള അംഗീകാരമായി പ്രവാസി ഭാരതീയ സമ്മാനത്തിന് അർഹനായ ബ്രൂണെയിലെ മെഡിക്കൽ സുൽത്താൻ എന്നറിയപ്പെടുന്ന കോട്ടയം സ്വദേശി ?
  - **ഡോ. അലക്സാണ്ടർ ജോൺ**
- ലോകത്തെ ഏറ്റവും ഉയരംകൂടിയ യുദ്ധഭൂമിയിൽ ജോലിചെയ്യുന്ന വനിതാ സൈനിക ഓഫീസറായ ഇന്ത്യക്കാരി ?

- **ക്യാപ്റ്റൻ ശിവ ചൗഹാൻ**
- **സമുദ്രനിരപ്പിൽനിന്ന് ഏകദേശം 15,632 അടി ഉയരത്തിലാണ് കുമാർ പോസ്റ്റ്,സിയാച്ചിൻ.**

❖ വാരണാസിയിൽ നിന്ന് ബംഗ്ലാദേശ് വഴി അസമിലേക്കുള്ള ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ റിവർ ക്രൂയിസ് ഉദ്ഘാടനം ചെയ്യുന്നത് ?

- **നരേന്ദ്ര മോദി, 2023 ജനുവരി 13**

❖ ഇമോയ്നു ഇറാറ്റ്പ ഉത്സവം ആഘോഷിക്കുന്ന ഇന്ത്യൻ സംസ്ഥാനം ?

- **മണിപ്പൂർ (മെയ്തേയ് കമ്മ്യൂണിറ്റി)**

❖ അരുണാചൽ പ്രദേശിലെ സിയാങ് ജില്ലയിൽ 100 മീറ്റർ സിയോം സ്റ്റീൽ ആർച്ച് പാലം ഉദ്ഘാടനം ചെയ്തത് ?

- **രാജ്നാഥ് സിംഗ്**

❖ 2023 മെയ് മാസത്തോടെ 100% മലിനജല സംസ്കരണ സൗകര്യങ്ങളുള്ള ഇന്ത്യയിലെ ആദ്യത്തെ നഗരമായി മാറുന്നത് ?

- **ഹൈദരാബാദ്**

❖ 'ദീദിർ സുരക്ഷാ കവച്', 'ദിദിർ ദൂത്' എന്നീ പദ്ധതികൾ ആവിഷ്കരിച്ചത് ?

- **മമത ബാനർജി**

❖ തിരഞ്ഞെടുപ്പ് കമ്മീഷൻ ബീഹാറിന്റെ സംസ്ഥാന ഐക്കണായി നിയമിച്ച നാടോടി ഗായിക ?

- **മൈഥിലി താക്കൂർ**

❖ ഹൈഡ്രജൻ പവർ ട്രെയിൻ ആരംഭിക്കുന്ന ഏഷ്യയിലെ ആദ്യത്തെ രാജ്യമായും ലോകത്തിലെ രണ്ടാമത്തെ രാജ്യമായും മാറിയത് ?

- **ചൈന (2022 സെപ്റ്റംബറിൽ ഹൈഡ്രജൻ പവർ ട്രെയിനുകൾ അവതരിപ്പിച്ച ആദ്യ രാജ്യമാണ് ജർമ്മനി.)**

❖ റോഹിംഗ്യ മുസ്ലിങ്ങൾക്കുനേരെ വിദ്വേഷപ്രചാരണം നടത്തി 'ബുദ്ധിസ്റ്റ് ബിൻ ലാദൻ' എന്നു കുപ്രസിദ്ധിനേടിയ ആർക്കാണ് മ്യാൻമാർ പട്ടാള ഭരണകൂടം പുരസ്കാരം നൽകിയത് ?

- **സന്യാസി വിരാതു**

❖ 2023-ലെ ആദ്യ ആറ് മാസത്തേക്ക് യൂറോപ്യൻ യൂണിയന്റെ കൗൺസിലിന്റെ പ്രസിഡൻസി ഏറ്റെടുത്ത രാജ്യം ?

- **സ്വീഡൻ**

- ഇന്ത്യയുടെ 78-ാമത്തെ ഗ്രാൻഡ്മാസ്റ്ററായത് ?
  - **കൗസ്താവ് ചാറ്റർജി(19)**
- പശ്ചിമ ബംഗാളിൽ നിന്നുള്ള എത്രാമത്തെ ഗ്രാൻഡ്മാസ്റ്റർ ആണ് കൗസ്താവ് ചാറ്റർജി ?
  - **10th**
- ലീഗ് ടീമായ ഡൽഹി ക്യാപിറ്റൽസിന്റെ ക്രിക്കറ്റ് ഡയറക്ടറാവുന്ന മുൻ താരം ?
  - **സൗരവ് ഗാംഗുലി**
- രഞ്ജി ട്രോഫി ക്രിക്കറ്റിൽ സൗരാഷ്ട്ര ടീമിനു വേണ്ടി ആദ്യ ഓവറിൽ ഹാട്രിക് വിക്കറ്റ് നേടുന്ന താരം ?
  - **ജയദേവ് ഉനദ്കട്ട് (ഡൽഹിക്കെതിരെ)**
- മിഷനറിയും പരിയാരം മരിയപുരം നിത്യസഹായമാതാ ദേവാലയ വികാരിയുമായിരുന്ന ദൈവദാസ പദവിയിൽ എത്തുന്ന വ്യക്തി ?
  - **ഫാദർ എൽ. എം. സുക്കോൾ**
- ഗുരുവായൂരപ്പൻ ട്രസ്റ്റിന്റെ 2022- ലെ ഓടക്കുഴൽ അവാർഡ് (30000₹) ലഭിച്ചത് ?
  - **അംബികാസുതൻ മങ്ങാട് (കൃതി : പ്രാണവായു)**
- 61-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് തുടക്കമായത് ?
  - **കോഴിക്കോട്**
- 22-ാമത് എ.എ. മലയാളി പുരസ്കാരത്തിന് അർഹനായത് ?
  - **ഇക്ബാൽ കുറ്റിപ്പുറം**
- ഹോട്ടൽ ഭക്ഷണത്തിൽനിന്നു ഭക്ഷ്യവിഷബാധയേറ്റ് കോട്ടയത്തു യുവതി മരിച്ച പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷാവിഭാഗം നടത്തിയ പരിശോധന ?
  - **ഓപ്പറേഷൻ ഹോളിഡേ**
- പുതിയ കണക്കുകൾ പ്രകാരം രാജ്യത്ത് ഏറ്റവുമധികം കയറുത്പന്നങ്ങളുടെ ഉത്പാദനം ?
  - **തമിഴ്നാട് (2. കേരളം)**
- രാജ്യത്ത് ഒരു സംസ്ഥാന സർക്കാർ ഏർപ്പെടുത്തുന്ന ഏറ്റവും ഉന്നത പുരസ്കാരം ?
  - **കൈരളി ഗവേഷക പുരസ്കാരങ്ങൾ**
- ശാസ്ത്ര-സാമൂഹികശാസ്ത്ര ശാഖകളിലെ സമഗ്ര സംഭാവനയ്ക്കുള്ള കൈരളി ഗ്ലോബൽ പുരസ്ക്കാരം ലഭിച്ച കാനഡ മാക്മാസ്റ്റർ സർവകലാശാലയിലെ പ്രൊഫസർ ?
  - **പ്രൊഫ. സലിം യൂസഫ് (അഞ്ചുലക്ഷം ₹യും പ്രശസ്തിപത്രവുമാണ് കൊട്ടാരക്കര സ്വദേശിയായ ഇദ്ദേഹത്തിന് ലഭിക്കുക)**

- സമഗ്രസംഭാവനയ്ക്ക് കേരളത്തിലെ സ്ഥാപനങ്ങളിലെ പ്രമുഖർക്കുള്ള പുരസ്ക്കാരത്തിന് അർഹരായവർ ?
    - **ഡോ. എം. ലീലാവതി (കലയും മാനവികതയും)**
    - **തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിട്ട്യൂട്ട് ഫോർ ഇന്ററർ ഡിസിപ്ലിനറി ആൻഡ് ടെക്നോളജി (നിസ്റ്റ്) മുൻ ഡയറക്ടറും രസതന്ത്ര ശാസ്ത്രജ്ഞനുമായ ഡോ. എ. അജയ്ഘോഷ് (ശാസ്ത്രം)**
    - **സംസ്ഥാന ധനകാര്യ കമ്മിഷൻ മുൻ അധ്യക്ഷനും സി.ഡി.എസ്. ഓണററി പ്രൊഫസറുമായ പ്രൊഫ. എം.എ. ഉമ്മൻ (സാമൂഹികശാസ്ത്രം)**

## JAN 5

- ഏഷ്യൻ-പസഫിക് പോസ്റ്റൽ യൂണിയൻ സെക്രട്ടറി ജനറലായി ചുമതലയേൽക്കുന്നത്
    - **ഡോ.വിനയ പ്രകാശ് സിംഗ്**
- 2023 ജനുവരി മുതൽ തായ്‌ലൻഡിലെ ബാങ്കോക്കിൽ ഏഷ്യൻ പസഫിക് പോസ്റ്റൽ യൂണിയന്റെ നേതൃത്വം വഹിക്കുന്ന രാജ്യം ?
    - **ഇന്ത്യ**
- ഇടക്കാല ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നളിൻ നേഗിയെ നിയമിച്ചത് ?
    - **ഭാരത് പേ**
- 2023 ജനുവരി 4 ന് ഗാൻ എൻഗൈ ഉത്സവം ആഘോഷിച്ച ഇന്ത്യൻ സംസ്ഥാനം ?
    - **മണിപ്പൂർ (സെലിയാങ്‌റോങ് കമ്മ്യൂണിറ്റി)**
- അടുത്തിടെ പുറത്തിറങ്ങിയ 'അംബേദ്കർ: എ ലൈഫ്' എന്ന പുസ്തകത്തിന്റെ രചയിതാവ് ?
    - **ശശി തരൂർ**
- തദ്ദേശീയ കായിക പ്രോത്സാഹിപ്പിക്കാൻ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിൽ ആരംഭിക്കുന്ന പദ്ധതി ?
    - **ഭാരതീയ ഗെയിംസ്**
- മുഖ്യമന്ത്രി ഭൂമി അധികാർ യോജന പദ്ധതി ആരംഭിച്ച സംസ്ഥാനം ?
    - **മധ്യപ്രദേശ്**
- രാജസ്ഥാനിലെ ജയ്പൂരിൽ 1000 MW ബിക്കാനീർ സോളാർ പവർ പദ്ധതിയ്ക്ക് തറക്കല്ലിട്ടത് ?

- **ദ്രൗപദി മുർമു**

❖ ഇന്ത്യയിലെ ആദ്യ മുസ്‌ലിം വനിതാ അധ്യാപികയായ ഫാത്തിമാ ഷെയ്ഖ് നെക്കുറിച്ചുള്ള പാഠം സ്കൂൾ സിലബസിലുൾപ്പെടുത്തിയ സംസ്ഥാനം ?

- **ആന്ധ്രാപ്രദേശ്**

❖ 2023 ജനുവരി 4 ന് വിരമിച്ച സുപ്രീം കോടതിയിലെ ജസ്റ്റിസ് ?

- **ജസ്റ്റിസ് എസ്. അബ്ദുൾ നസീർ**

❖ രാജ്യത്തെ ഏറ്റവും സമ്പന്നമായ തിരുപ്പതി തിരുമല ബാലാജി ക്ഷേത്രത്തിൽ പുതുവർഷദിനത്തിൽ കാണിക്കയായി ലഭിച്ചത് ?

- **7.6 കോടി ₹**
- **ആദ്യമായാണ് ഒറ്റദിവസം ഇത്രയധികം തുക ഭണ്ഡാരത്തിലെത്തുന്നത്.**

❖ കേന്ദ്ര മന്ത്രിസഭ അനുമതി നൽകിയ ഹരിതഹൈഡ്രജൻ ഇന്ധനത്തിന്റെ ഉത്പാദനവും ഉപയോഗവും കൂട്ടാൻ ലക്ഷ്യമിട്ടുള്ള പദ്ധതി ?

- **നാഷണൽ ഗ്രീൻ ഹൈഡ്രജൻ മിഷൻ**

❖ അടുത്തിടെ പ്രായപൂർത്തിയാകാത്തവർ ഓൺലൈൻ ഗെയിം കളിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയ രാജ്യം ?

- **ഇന്ത്യ**

❖ ഓരോ അഞ്ച് ദിവസം കൂടുമ്പോഴും പുതുവർഷം ആഘോഷിക്കാൻ കഴിയുന്ന ഗ്രഹത്തെ കണ്ടെത്തിയത് ?

- **നാസ (തെക്കൻ ക്വീൻലൻഡ് സർവകലാലയിലെ ഗവേഷകരാണ് ടി.ഒ.ഐ. 778ബി യെ കണ്ടെത്തിയത്)**
- **സൗരയൂഥത്തിന് പുറത്തുള്ള ടി.ഒ.ഐ. 778ബി യ്ക്ക് അതിന്റെ സംവിധാന കേന്ദ്രമായ കുള്ളൻ നക്ഷത്രത്തെ വലം വെക്കാൻ വെറും 5 ദിവസം മതി.**

❖ ഇന്ത്യയിലെ യു.എസ്. സ്ഥാനപതിയായി പ്രസിഡന്റ് ജോ ബൈഡൻ വീണ്ടും നാമനിർദേശം ചെയ്തത് ആരെയാണ് ?

- **എറിക് ഗാർസറ്റി**

❖ കോവിഡിന് കാരണമായ സാർസ് കോവ് 2 വൈറസ് തലച്ചോർ ഉൾപ്പെടെ ശരീരത്തിൽ മുഴുവൻ ബാധിക്കുമെന്നും എട്ടുമാസത്തോളം തങ്ങിനിൽക്കുമെന്നും പഠനത്തിൽ കണ്ടെത്തിയത് ?

  - **യു.എസ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത്**

❖ അത്യാഡംബര കാർ കമ്പനിയായ ലംബോർഗിനിയുടെ സ്ഥാപകൻ ഫെറുചിയോ ലംബോർഗിനിയുടെ മകൻ ടൊനിനോ ലംബോർഗിനി മുതൽമുടക്കാൻ ഒരുങ്ങുന്ന സംസ്ഥാനം ?

  - **കേരളം**

❖ സ്കൂൾ വാഹനങ്ങളെ ജി.പി.എസുമായി ബന്ധിപ്പിച്ച് മോട്ടോർവാഹനവകുപ്പ് തയ്യാറാക്കിയ "സുരക്ഷാ മിത്ര' സോഫ്റ്റ് വെയറിൽനിന്നുള്ള വിവരങ്ങൾ ലഭ്യമാക്കുന്ന മൊബൈൽ ആപ്പ് ?

  - **വിദ്യാവാഹൻ (പ്രവർത്തന സജ്ജമായത് :2023 ജനുവരി 4)**

❖ സിനിമാഗാനരചയിതാവ്, നോവലിസ്റ്റ്,നാടകകൃത്ത്, പ്രഭാഷകൻ,തിരക്കഥാകൃത്ത് എന്നീ നിലകളിൽ പ്രശസ്തനായ വ്യക്തി 2023 ജനുവരി 4 ന് അന്തരിച്ചു. പേര് ?

  - **ബീയാർ പ്രസാദ് (62)**
  - **യഥാർത്ഥ നാമം : ബി. രാമചന്ദ്രപ്രസാദ്**
  - **ആദ്യ നോവൽ: ചന്ദ്രോത്സവം.**
  - **ഗാനങ്ങൾ: ഒന്നാം കിളി പൊന്നാൺകിളി...., കേരനിരകളാടും...., മഴത്തുള്ളികൾ പൊഴിഞ്ഞീടുമീ....**

❖ സൈലന്റ് വാലി ദേശീയ ഉദ്യാനത്തിൽ ഏഴാമത് പക്ഷി സർവേ പൂർത്തിയായി. എത്ര ഇനം പക്ഷികളെയാണ് പുതുതായി കണ്ടെത്തിയത് ?

  - **17 ഇനം**

❖ വളർത്തു മൃഗങ്ങൾക്ക് അടിയന്തര ചികിത്സ വീട്ടിൽ ലഭ്യമാക്കുന്നതിനുള്ള ടോൾഫ്രീ നമ്പർ ?

  - **1962**

❖ മഹാത്മാഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ ആയ പ്രൊഫ. സാബു തോമസിന് വിസിറ്റിങ് പ്രൊഫസർ പദവി നൽകിയ കസാഖിസ്ഥാനിലെ സർവകലാശാല ?

  - **സാത്ബയേവ് സർവകലാശാല**

❖ ദേശീയ അന്തർ സർവകലാശാല വനിതാവോളിബോൾ ചാമ്പ്യൻഷിപ്പിന്
❖ വേദിയാകുന്ന കേരളത്തിലെ ജില്ല ?

  - **ഇടുക്കി**

## JAN 6

- സർക്കാർ ജീവനക്കാർക്ക് പണിമുടക്കാൻ അവകാശമില്ലെന്നും പണിമുടക്കുന്നവർക്ക് ശമ്പളത്തിന് അർഹതയുണ്ടാകില്ലെന്നും പ്രസ്താവിച്ചത് ?
  - **കേരള ഹൈക്കോടതി**
- ജി. അരവിന്ദൻ മാതൃഭൂമി ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിച്ച "ചെറിയ മനുഷ്യരും വലിയ ലോകവും" എന്ന കാർട്ടൂൺ പരമ്പരയിലെ രാമു എന്ന കഥാപാത്രമായിരുന്ന വ്യക്തി അന്തരിച്ചു. പേര് ?
  - **ആർട്ടിസ്റ്റ് ശബരിനാഥ് (87)**
- 15-ാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം ഗവർണറുടെ നയ പ്രഖ്യാപനത്തോടെ തുടങ്ങാൻ മന്ത്രിസഭ ശിപാർശ ചെയ്തത് ?
  - **ജനുവരി 23**
  - **ഫെബ്രുവരി മൂന്നിന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ 2023-24ലെ ബജറ്റ് അവതരിപ്പിക്കും.**
- കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള സ്വദേശ് ദർശൻ പദ്ധതിയിൽ കേരളത്തിൽ നിന്ന് അടുത്തിടെ ഉൾപ്പെട്ടത് ?
  - **കുമരകം**
- കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ നിയമസഭാ ലൈബ്രറി അവാർഡിന് അർഹനായത് ?
  - **ടി. പത്മനാഭൻ**
  - **മലയാള സാഹിത്യത്തിനു നൽകിയ സമഗ്ര സംഭാവനയ്ക്കാണ് ഒരു ലക്ഷം ₹ യുടെ പുരസ്കാരം**
- ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി) കേരള സ്റ്റേറ്റ് കൗൺസിൽ പുതിയ ചെയർമാനായി നിയമിതനായ കിംസ് ഹെൽത്ത് കെയർ ഗ്രൂപ്പ് സ്ഥാപക ചെയർമാനും മാനേജിങ് ഡയറക്ടറുമായ വ്യക്തി ?
  - **ഡോ. എം. ഐ. സഹദുള്ള**
- മന്ത്രി സജി ചെറിയാന് മുൻപു വഹിച്ചിരുന്ന അതേ വകുപ്പുകൾ തന്നെ അനുവദിച്ചു. ഇതിനായുള്ള സർക്കാർ ശിപാർശ രാജ്ഭവൻ അംഗീകരിച്ചു. ഏതെല്ലാം ആണ് വകുപ്പുകൾ ?
  - **സാംസ്കാരികം, ഫിഷറീസ്, യുവജനകാര്യം**

❖ 17-ാമത് പ്രവാസി ഭാരതീയ ദിവസ ആഘോഷങ്ങളുടെ മുഖ്യാതിഥി ആയ ഗയാന യുടെ പ്രസിഡന്റ് ?
  - **മൊഹമ്മദ് ഇർഫാൻ അലി**

❖ അസമിലെ പരമോന്നത സിവിലിയൻ ബഹുമതിയായ അസം ബൈഭവ് 2022 ൽ ലഭിച്ചത് ?
  - **ഡോ. തപൻ സൈകിയ (കാൻസർ ചികിത്സാ രംഗത്തെ സംഭാവനകൾക്ക്)**

❖ അസമിലെ രണ്ടാമത്തെ ഉയർന്ന സിവിലിയൻ അവാർഡ് ആയ അസം സൗരവ് ലഭിച്ചത് ആർക്കെല്ലാം ?
  - **കൃഷ്ണ റോയ്**
  - **ഗിൽബെർട്ട്സൺ സാങ്മ**
  - **നയൻമോണി സൈകിയ**
  - **ഡോ. ബിനോയ് കുമാർ സൈകിയ,**
  - **ഡോ. ശശിധർ ഫൂക്കൻ**

❖ 15 പേർക്ക് നൽകുന്ന അസമിലെ മൂന്നാമത്തെ ഉയർന്ന സിവിലിയൻ അവാർഡ് ?
  - **അസം ഗൗരവ്**

❖ ഹിമാചൽ നിയമസഭയുടെ അടുത്ത സ്പീക്കറാകുന്ന മുതിർന്ന കോൺഗ്രസ് നേതാവും അഞ്ച് തവണ എംഎൽഎയുമായ വ്യക്തി ?
  - **കുൽദീപ് സിംഗ് പതാനിയ**

❖ യുഎൻ-ഹാബിറ്റാറ്റിന്റെ വേൾഡ് ഹാബിറ്റാറ്റ് അവാർഡ് രണ്ടാം തവണയും നേടുന്ന ജഗ മിഷൻ ഏത് സംസ്ഥാനത്തിന്റെ ആണ് ?
  - **ഒഡീഷ (2019,2023)**
  - **ജഗ മിഷൻ ലക്ഷ്യം: ഒഡീഷയെ ഇന്ത്യയിലെ ആദ്യത്തെ ചേരി രഹിത സംസ്ഥാനം ആക്കുക.**

❖ പ്രഥമ All India Annual State Ministers Conference on Water നടക്കുന്നത് ?
  - **5-6 ജനുവരി 2023; ഭോപ്പാൽ, മധ്യപ്രദേശ്**

❖ ചരിത്രത്തിലാദ്യമായി ആസ്തിയിൽ 200 ബില്ല്യൺ ഡോളറിന്റെ നഷ്ടം സംഭവിച്ച വ്യക്തി ?
  - **ഇലോൺ മസ്ക്**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in

- നാസയുടെ അപ്പോളോ 7 ബഹിരാകാശ സഞ്ചാരി അടുത്തിടെ അന്തരിച്ചു. പേര് ?
  - **വാൾട്ടർ കണ്ണിംഗ്ഹാം(90)**
- ഇന്റർനാഷണൽ ഫുട്ബോൾ ഫെഡറേഷൻ ഹിസ്റ്ററി ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് (IFFHS) 2022 ലെ മികച്ച കളിക്കാരനായി തിരഞ്ഞെടുത്തത് ?
  - **ലയണൽ മെസ്സി**
- 30-ാം ടെസ്റ്റ് സെഞ്ചുറി കുറിച്ചതോടെ ഡോൺ ബ്രാഡ്മാനെ മറികടന്ന ഓസ്‌ട്രേലിയൻ താരം ?
  - **സ്റ്റീവ് സ്മിത്ത്**
- ഓസ്‌ട്രേലിയൻ വനിതാ ക്രിക്കറ്റ് ടീമിന്റെ മുൻ ക്യാപ്റ്റൻ ബെലിൻഡ ക്ലാർക്കിന്റെ പ്രതിമ അനാവരണം ചെയ്തത് ?
  - **സിഡ്നി ക്രിക്കറ്റ് ഗ്രൗണ്ട്**
- ശ്രീലങ്കയ്ക്കെതിരായ ട്വന്റി20 ക്രിക്കറ്റിൽ അരങ്ങേറ്റം കുറിച്ച ഇന്ത്യൻ താരങ്ങൾ ?
  - **ശുഭ്മാൻ ഗിൽ, ശിവം മാവി, രാഹുൽ ത്രിപാഠി**
- 20 പന്തിൽ 50 റൺസ് നേടിയതോടെ ഒരു ശ്രീലങ്കൻ താരത്തിന്റെ അതിവേഗ അർധസെഞ്ചുറി കുറിച്ചത് ?
  - **ശ്രീലങ്കൻ ക്യാപ്റ്റൻ ദസുൻ ഷനക**

## JAN 7

- രാജ്യത്ത് ആദ്യമായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഒരു സർക്കാർ ക്ഷേമനിധിബോർഡ് ഏർപ്പെടുത്തുന്നു. ഏത് സംസ്ഥാനം ?
  - **കേരളം**
- തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധിബോർഡ് ചെയർമാൻ ആവുന്നത് ?
  - **എസ്. രാജേന്ദ്രൻ (മഹാത്മാഗാന്ധി തൊഴിലുറപ്പ് തൊഴിലാളി യൂണിയൻ നേതാവ്)**
- സാമൂഹ്യ പരിഷ്കർത്താവ് ആറാട്ടുപുഴ വേലായുധപ്പണിക്കരുടെ സ്മരണാർത്ഥം ആറാട്ടുപുഴ വേലായുധ പണിക്കർ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പ്രഥമ പുരസ്കാരം (25000₹) നേടിയത് ?
  - **ഗോകുലം ഗോപാലൻ (ഗോകുലം ഗ്രൂപ്പ് ചെയർമാൻ)**
- മിസ് കേരളയായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ലിസ് ജയ്മോൻ ജേക്കബ്**

- റിപ്പബ്ലിക് ദിനാഘോഷങ്ങളോടനുബന്ധിച്ച് കേരളം അവതരിപ്പിക്കുന്ന നിശ്ചലദൃശ്യം ഏത് വിഷയത്തെ അടിസ്ഥാനമാക്കിയുള്ളതാണ് ?
    - **സ്ത്രീ ശാക്തീകരണം**
- വിന്റേജ് വാഹനങ്ങൾക്ക് പ്രത്യേക രജിസ്ട്രേഷൻ ആരംഭിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനം ?
    - **ഒഡീഷ**
- യാത്രക്കാർക്ക് സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം നൽകുന്നതിൽ നിലവാരം പുലർത്തുന്ന റെയിൽവേ സ്റ്റേഷനുകൾക്ക് FSSAI നൽകുന്ന ഈറ്റ് റൈറ്റ് സ്റ്റേഷൻ സർട്ടിഫിക്കേഷൻ അടുത്തിടെ ലഭിച്ചത് ?
    - **വാരണാസി കന്റോൺമെന്റ് റെയിൽവേ സ്റ്റേഷൻ**
- FSSAI ഈറ്റ് റൈറ്റ് സ്റ്റേഷൻ സർട്ടിഫിക്കേഷൻ ഉള്ള മറ്റ് റെയിൽവേ സ്റ്റേഷനുകൾ ?
    - **ആനന്ദ് വിഹാർ ടെർമിനൽ റെയിൽവേ സ്റ്റേഷൻ (ഡൽഹി), ഛത്രപതി ശിവജി ടെർമിനസ് (മുംബൈ), മുംബൈ സെൻട്രൽ റെയിൽവേ സ്റ്റേഷൻ (മുംബൈ), വഡോദര റെയിൽവേ സ്റ്റേഷൻ, ചണ്ഡീഗഡ് റെയിൽവേ സ്റ്റേഷൻ, ഭോപ്പാൽ റെയിൽവേ സ്റ്റേഷൻ**

- നാഷണൽ ജീനോം എഡിറ്റിംഗ് ആൻഡ് ട്രെയിനിംഗ് സെന്റർ (NGETC) അടുത്തിടെ ഉദ്ഘാടനം ചെയ്തത് ?
    - **മൊഹാലി, പഞ്ചാബ്**
- വിരാസത് സാരി ഫെസ്റ്റിവൽ നടക്കുന്നത് ?
    - **ന്യൂഡൽഹി**
- രാജ്യത്തേക്ക് കൂടുതൽ വിനോദസഞ്ചാരികൾ ആകർഷിക്കാൻ കേന്ദ്രസർക്കാർ പദ്ധതി ?
    - **Visit India 2023**
- റവന്യൂ പോലീസ് സംവിധാനം നിർത്തലാക്കിക്കൊണ്ട് റവന്യൂ വില്ലേജുകളെ സംസ്ഥാന പോലീസിന് കീഴിലാക്കുമെന്ന് പ്രഖ്യാപിച്ച സംസ്ഥാനം ?
    - **ഉത്തരാഖണ്ഡ്**
- നടപ്പുസാമ്പത്തികവർഷം രാജ്യത്തിന് ഏഴുശതമാനം വളർച്ച നേടാനാകുമെന്ന് പ്രവചിച്ചത് ?
    - **നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ**

- ഗുജറാത്തിലെ രാജ്കോട്ടിൽ വാഗുഡാദ് ഗ്രാമത്തിൽ ഗിർഗംഗാ പരിവാർ ട്രസ്റ്റ് പൊതുജനങ്ങളിൽ നിന്നു സംഭാവന സ്വീകരിച്ച് നിർമിക്കുന്ന തടയണയ്ക്ക് ആരുടെ പേരാണ് നൽകിയിരിക്കുന്നത് ?
  - **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അമ്മയുടെ പേര് - ഹീരാബാ സ്മൃതി സരോവർ**
- എത് രാജ്യത്തെ ചെമ്പ് ലിഥിയം ഖനികൾ ഏറ്റെടുക്കാനാണ് ഇന്ത്യ 2023 ജനുവരിയിൽ തീരുമാനിച്ചത്?
  - **അർജന്റീന**
- ജപ്പാനെ പിന്തള്ളി ലോക വാഹന വിപണിയിൽ ആദ്യമായി മൂന്നാം സ്ഥാനത്ത് എത്തിയത് ?
  - **ഇന്ത്യ**
  - **1. ചൈന,2. അമേരിക്ക,3. ഇന്ത്യ,4. ജപ്പാൻ**
- ന്യൂയോർക്ക് ഫിലിം ക്രിട്ടിക് സർക്കിളിന്റെ മികച്ച സംവിധായകനുള്ള പുരസ്കാരം ഏറ്റുവാങ്ങിയത് ?
  - **എസ്. എസ്. രാജമൗലി (സിനിമ: ആർ ആർ ആർ)**
- കുതിരയെ ഓടിക്കുന്ന പോളോ കളിക്കാരന്റെ രൂപത്തിലുള്ള പ്രതിമ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അനാച്ഛാദനം ചെയ്തത് എവിടെയാണ് ?
  - **മണിപ്പൂരിന്റെ തലസ്ഥാനമായ ഇംഫാലിലെ മാർജിങ് പോളോ കോംപ്ലക്സിൽ.**
  - **120 അടിയാണ് ഉയരം.**
- ലോകത്തിലെ ഏറ്റവും വലിയ ഹോക്കി സ്റ്റേഡിയം ?
  - **ബിർസ മുണ്ട ഹോക്കി സ്റ്റേഡിയം (റൂർഖേല, ഒഡീഷ)**
- ദേശീയ വനിതാ ചെസ് കിരീടം നിലനിർത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമായ മഹാരാഷ്ട്രയിൽ നിന്നുള്ള ഗ്രാൻഡ് മാസ്റ്റർ ?
  - **ദിവ്യ ദേശ്മുഖ്**
- അർബുദബാധിതനായി ചികിത്സയിലായിരുന്ന ഇറ്റാലിയൻ ഫുട്ബോൾ താരവും പരിശീലകനുമായിരുന്ന വ്യക്തി അന്തരിച്ചു. പേര് ?
  - **ജിയാൻ ലൂക്ക വിയാലി (58)**

## JAN 8

- 945 പോയിന്റ് നേടി 61-ാം സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ജേതാക്കളായത് ?

- **കോഴിക്കോട്**

❖ 925 പോയിന്റ് നേടി സംസ്ഥാന സ്കൂൾ കലോത്സവത്തിൽ രണ്ടാം സ്ഥാനം പങ്കിട്ടത് ?

- **കണ്ണൂർ & പാലക്കാട്**

❖ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കോഴിക്കോട് ജില്ല സ്വർണക്കപ്പ് നേടുന്നത് എത്രാം തവണയാണ് ?

- **20**

❖ ഭക്ഷ്യ വിഷബാധ മൂലം സംസ്ഥാനത്ത് ഒരാഴ്ചയ്ക്കിടെ രണ്ടാമത്തെ മരണം സ്ഥിരീകരിച്ചത് ?

- **കാസർകോട്**

❖ സമസ്ത കേരള സാഹിത്യപരിഷത്തിന്റെ ആഭിമുഖ്യത്തിൽ കുമാരനാശാന്റെ ഏത് കവിതാസമാഹാരത്തിന്റെ 100ആം വാർഷികം ആണ് 2023 ജനുവരി 9 ന് ആഘോഷിക്കുന്നത് ?

- **പുഷ്പവാടി**

❖ രാജ്യത്ത് ഡിജിറ്റൽ ബാങ്കിങ് നടപ്പാക്കിയ ആദ്യ സംസ്ഥാനമായി കേരളത്തെ മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചത് ?

- **ജനുവരി 7, 2023**

❖ തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്ത ഡിജിറ്റൽ ബാങ്ക് ഇടപാടുകൾ വിശദീകരിക്കുന്ന ലഘുലേഖ ?

- **ബാങ്കിങ് ഇനി വിരൽത്തുമ്പിൽ**

❖ അപൂർവ രോഗങ്ങൾക്കുള്ള സംസ്ഥാനത്തെ ആദ്യത്തെ മികവിന്റെ കേന്ദ്രമായി തിരഞ്ഞെടുത്ത ആശുപത്രി ?

- **അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം**

❖ കുമരകത്തിനു പിന്നാലെ കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയത് ?

- **ബേപ്പൂർ**

❖ നാടക മേഖലയിലെ സമഗ്രസംഭാവനയ്ക്കുള്ള ആർട്ടിസ്റ്റ് കേശവൻ പുരസ്കാരം(25,000 ₹) ലഭിച്ചത് ?

- **നാടകരചയിതാവ് ഫ്രാൻസിസ് ടി. മാവേലിക്കര**

- കേരളത്തിലെ പുതുക്കിയ വോട്ടർ പട്ടിക പ്രകാരം നിലവിൽ ഏറ്റവും കൂടുതൽ വോട്ടർമാരുള്ള ജില്ല ?
  - **മലപ്പുറം (കുറവ്- വയനാട്)**
- ഈ വർഷം 500 മീറ്റർ ആഴത്തിലേക്ക് സമുദ്രപര്യവേക്ഷകരെ അയക്കാനൊരുങ്ങുന്ന രാജ്യം ?
  - **ഇന്ത്യ (സമുദ്രയാൻ പേടകമുപയോഗിച്ചാണ് പര്യവേക്ഷണം.)**
- ഏവിയേഷൻ അനലിറ്റിക്സ് സ്ഥാപനമായ സിറിയം റിപ്പോർട്ട് അനുസരിച്ച് 2022-ൽ ആഗോളതലത്തിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന 10 വിമാനത്താവളങ്ങളിൽ ഇന്ത്യയിൽ നിന്ന് ഉൾപ്പെട്ടത് ?
  - **കെംപെഗൗഡ ഇന്റർനാഷണൽ എയർപോർട്ട്, ബെംഗളൂരു & ഇന്ദിരാഗാന്ധി ഇന്റർനാഷണൽ എയർപോർട്ട്, ഡൽഹി**
- "ജഹാൻ ബന്ധൻ, വഹാൻ ട്രസ്റ്റ്' എന്ന പേരിൽ ക്യാമ്പയിൻ ആരംഭിച്ച ബാങ്ക് ?
  - **ബന്ധൻ ബാങ്ക് (ആസ്ഥാനം: കൊൽക്കത്ത)**

- ആകാശവാണിയുടെയും ദൂരദർശന്റെയും അടിസ്ഥാന സൗകര്യ വികസനത്തിനായി ആരംഭിച്ച പദ്ധതിയുടെ പേര് ?
  - **Broadcasting Infrastructure & Network Devlopment( BIND)**
  - **വിദൂര പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് സർക്കാർ എട്ട് ലക്ഷത്തിലധികം ദൂരദർശൻ സൗജന്യ ഡിഷ് ഡിടിഎച്ച് സെറ്റ്-ടോപ്പ് ബോക്സുകൾ വിതരണം ചെയ്യുന്നത് BIND സ്കീമിന് കീഴിൽ ആണ്.**
- കേന്ദ്ര സർക്കാരിന്റെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമവുമായി (NFSA) ബന്ധപ്പെട്ട ഫ്രീ റൈസ് സ്കീമിന്റെ ഭാഗമായ സംസ്ഥാനം ?
  - **തെലങ്കാന**
- 2023 ജനുവരി 12, 13 തീയതികളിൽ 'വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് സമ്മിറ്റ്' ന് ആതിഥേയത്വം വഹിക്കുന്ന രാജ്യം ?
  - **ഇന്ത്യ**
- രണ്ടുമാസത്തിലേറെ നീണ്ട രാഷ്ട്രീയ അനിശ്ചിതത്വത്തിന് വിരാമമിട്ട് യു.എസ്. ജനപ്രതിനിധിസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട റിപ്പബ്ലിക്കൻ പാർട്ടി നേതാവ് ?
  - **കെവിൻ മെക്കാർത്തി (57)**

- പ്രൊഫഷണൽ ടെന്നീസിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ താരം ?
  - **സാനിയ മിർസ**
- രാജ്യത്തെ ഏറ്റവും വലിയ ഹോക്കി സ്റ്റേഡിയമായ ബിർസ മുണ്ട ഇന്റർനാഷണൽ ഹോക്കി സ്റ്റേഡിയം ഉദ്ഘാടനം ചെയ്തത് ?
  - **ഒഡീഷ മുഖ്യമന്ത്രി നവീൻ പട്നായിക്**
- ഇന്ത്യയുടെ 79-ാമത് ഗ്രാൻഡ്മാസ്റ്ററായ തമിഴ്നാട് സ്വദേശി ?
  - **എം. പ്രാണേഷ് (16)**
- ജനുവരി 15 ന് ഇന്ത്യ - ശ്രീലങ്ക ഏകദിനം നടക്കുന്നത് ?
  - **കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം, തിരുവനന്തപുരം**
- ഇന്ത്യൻ ക്രിക്കറ്റ് ടീം സെലക്ഷൻ കമ്മിറ്റി ചെയർമാനായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ചേതൻ ശർമ**

- ശ്രീലങ്കയ്ക്കെതിരായ മൂന്നാം ട്വന്റി20 മത്സരത്തിൽ ജയത്തോടെ പരമ്പര സ്വന്തമാക്കിയ ഇന്ത്യൻ ക്യാപ്റ്റൻ ?
  - **ഹാർദിക് പാണ്ഡ്യ**
- ഏത് മേഖലയെ അവിശ്വസനീയനിലയിൽ എത്തിക്കാൻ ആരംഭിച്ച കാൽനൂറ്റാണ്ടിന്റെ കർമപദ്ധതിയാണ് വിഷൻ 2047 ?
  - **ഇന്ത്യൻ ഫുട്ബോൾ**
- 2026 വരെ ഫ്രഞ്ച് ഫുട്ബോൾ ടീം പരിശീലകനായി കരാർ ഒപ്പിട്ടത് ?
  - **ദിദിയർ ദെഷോം**

## JAN 9

- ഭൗമ ഭ്രമണ ദിനമായി ആചരിക്കുന്നത് ?
  - **ജനുവരി 8**
- 17-ാമത് പ്രവാസി ഭാരതീയ ദിവസ് കൺവെൻഷൻ നടക്കുന്നത് ?
  - **2023 ജനുവരി 8 മുതൽ 10 വരെ ഇൻഡോർ, മധ്യപ്രദേശ്**
- ഈ വർഷത്തെ പ്രവാസി ഭാരതീയ ദിവസ് ന്റെ പ്രമേയം ?
  - "**Diaspora: Reliable Partners for India's Progress in Amrit Kaal"**
- ഉത്തർപ്രദേശിലെ ഉന്നാവോ ജില്ലയിൽ ഏത് സ്വാതന്ത്ര്യ സമര സേനാനിക്കാണ് മ്യൂസിയം ഒരുങ്ങുന്നത് ?

- **ചന്ദ്രശേഖർ ആസാദ്**

❖ 26-ാമത് ദേശീയ യുവജനോത്സവം നടക്കുന്നത് ?
- **ഹുബ്ബള്ളി-ധാർവാഡ് , കർണാടക (2023 ജനുവരി 12-14)**

❖ "Octave 2023" എന്ന് പേരിട്ട കൾച്ചറൽ ഫെസ്റ്റിവൽ ആഘോഷിച്ച സംസ്ഥാനം ?
- **തമിഴ്നാട്**

❖ Paytm പേയ്മെന്റ് ബാങ്കിന്റെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിതനാവുന്നത് ?
- **സുരീന്ദർ ചൗള**

❖ ശാരീരികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് വേണ്ടിയുള്ള ഫെസ്റ്റിവൽ ആയ, ഇന്ത്യയിലെ ആദ്യ ഇൻക്ലൂഷൻ ഫെസ്റ്റിവൽ ആയ പർപ്പിൾ ഫെസ്റ്റ് ആരംഭിച്ച സംസ്ഥാനം ?
- **ഗോവ (2023 ജനുവരി 6-8)**

❖ 2023 ജനുവരി 7 ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ജാതി സർവേ ആരംഭിച്ചത്
- **ബീഹാർ**

❖ അടുത്തിടെ ഭൂമി ഇടിഞ്ഞുതാഴ്ന്ന് അപകടാവസ്ഥയിലായ ഉത്തരാഖണ്ഡിലെ തീർഥാടന നഗരം ?
- **ജോഷി മഠ്**

❖ നീതി ന്യായരംഗത്തെ സമഗ്രസംഭാവനയ്ക്ക് യുഎസിലെ ഹാർവഡ് ലോ സ്കൂൾ സെന്ററിന്റെ "അവാർഡ് ഫോർ ഗ്ലോബൽ ലീഡർഷിപ്പ്' എന്ന ബഹുമതി ലഭിച്ചത് ?
- **സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ്**

❖ ഇന്ത്യയും ജപ്പാനും ആദ്യമായി സംയുക്ത വ്യോമാഭ്യാസം നടത്തുന്നു.പേര് ?
- **വീർ ഗാർഡിയൻ 2023**

❖ വീർ ഗാർഡിയൻ 2023 നടക്കുന്നത് ?
- **2023 ജനുവരി 12 മുതൽ 26വരെ ഹ്യാകുരി എയർ ബേസ്, ഒമിറ്റാമ, ജപ്പാൻ**

❖ വീർ ഗാർഡിയൻ 2023 ൽ ഇന്ത്യൻ വ്യോമസേനയുടെ സുഖോയി എസ്.യു-30 എം.കെ.ഐ. യുടെ പൈലറ്റ് ?
- **അവനി ചതുർവേദി**

❖ സൈനിക സഹകരണത്തിനും പ്രതിരോധത്തിനും വേണ്ടി ഏത് രാജ്യവുമായാണ് ഇന്ത്യ അടുത്തിടെ കരാറിൽ ഏർപ്പെട്ടത് ?

- **സൈപ്രസ്**

❖ തേനീച്ചകളെ ഏറ്റവും കൂടുതൽ ബാധിക്കുന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന ഏത് രോഗത്തിനെതിരെയാണ് യുണൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രികൾച്ചർ (USDA) സോപാധിക ലൈസൻസ് അനുവദിച്ചത് ?

- **ഫൗൾബ്രൂഡ് രോഗം**
- **തേനീച്ചകൾക്ക് വാക്സിൻ ആരംഭിക്കുന്ന ലോകത്തിലെ ആദ്യ രാജ്യം ആണ് അമേരിക്ക.**

❖ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ പാഠ പദ്ധതി പരിഷ്കരണത്തിനായി നിയോഗിച്ച സമിതിയുടെ ചെയർമാൻ ?

- **പ്രൊഫ. സുരേഷ് ദാസ്**

❖ കേരള ടൂറിസത്തിന്റെ ആദ്യ വാട്ടർ സ്ട്രീറ്റ് പദ്ധതി ആരംഭിച്ചത് ?

- **മറവൻതുരുത്ത്, കോട്ടയം**

❖ പശ്ചിമഘട്ടസംരക്ഷണം ലക്ഷ്യമിട്ട് പ്രവർത്തനമാരംഭിച്ച 'ഗ്രീൻ ഗാഡ്സ് ഓഫ് ഇന്ത്യ' പരിസ്ഥിതിക്കൂട്ടായ്മയുടെ സ്ഥാപകൻ വിഷം കഴിച്ച് ആത്മഹത്യ ചെയ്തു. പേര് ?

- **കെ.വി. ജയപാലൻ (54)**

❖ മികച്ച വെബ്സൈറ്റിനുള്ള ഗോൾഡ് മെഡൽ നേടിയത്

- **കോട്ടയം ( സിൽവർ മെഡൽ -ക്ഷീരശ്രീ പോർട്ടൽ )**

❖ കേന്ദ്ര ഇലക്ട്രോണിക് ആൻഡ് ഐ ടി വകുപ്പിന്റെ ഡിജിറ്റൽ പുരസ്കാരങ്ങളിൽ മികച്ച ഡിജിറ്റൽ വർക്ക് ഫ്ലോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിനുള്ള പ്ലാറ്റിനം അവാർഡ് ലഭിച്ചത് ?

- **കെ- ഡിസ്ക്**

❖ അന്തരിച്ച ചലച്ചിത്രനടൻ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ പേരിലുള്ള പ്രഥമ ചലച്ചിത്ര അവാർഡിന് അർഹനായത് ?

- **ഇന്നസെന്റ്**
- **50,000 ₹യും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.**

❖ സന്തോഷ് ട്രോഫി ഫുട്ബോളിൽ ഗ്രൂപ്പിലെ അവസാന മത്സരത്തിൽ മിസോറമിനെ 5-1ന് തകർത്ത് തുടരെ അഞ്ചാം ജയത്തോടെ ഫൈനൽ റൗണ്ടിൽ കടന്നത് ?

- **കേരളം**

❖ മിസോറാമിനെതിരെ ഇരട്ടഗോൾ നേടിയത് ?

- **നരേഷ് ഭാഗ്യനാഥ്**

- കാമറൂൺ ഫുട്ബോൾ താരവും ഒളിമ്പിക്സ് സ്വർണമെഡൽ ജേതാവുമായ താരം അന്തരിച്ചു. പേര് ?
    - **മോഡസ്റ്റ് എംബാമി(40)**
- സെർബിയയുടെ നൊവാക് ജോക്കോവിച്ചും ബെലാറസിന്റെ ആര്യാന സബലേങ്കയും ജേതാക്കളായ ടൂർണമെന്റ് ?
    - **അഡ്ലെയ്ഡ് ഇന്റർനാഷണൽ ടെന്നീസ് ടൂർണമെന്റ്**
- അൽ നസർ ക്ലബ്ബിൽ പോർച്ചുഗൽ സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ അരങ്ങേറ്റ മത്സരം എന്നാണ് ?
    - **ജനുവരി 22, 2023**
- ട്വന്റി 20 ക്രിക്കറ്റിൽ ഒരു ഇന്ത്യൻ താരത്തിന്റെ രണ്ടാമത്തെ അതിവേഗ സെഞ്ചുറി നേടിയത് ?
    - **സൂര്യ കുമാർ യാദവ് (45 പന്തിൽ) { 1.രോഹിത് ശർമ (35 പന്തിൽ) }**

## JAN 10

- ലോക ഹിന്ദി ദിനം ആചരിക്കുന്നത് ?
    - **ജനുവരി 10**
- ജയ്പൂർ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന്റെ 15-ാം പതിപ്പിൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ഏറ്റുവാങ്ങിയത് ?
    - **മുതിർന്ന അഭിനേത്രിയും സംവിധായികയുമായ അപർണ സെൻ**
- Chief Minister's Diary No.1 എന്ന പുസ്തകം പ്രകാശനം ചെയ്ത മുൻ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ?
    - **രഞ്ജൻ ഗൊഗോയ്**
    - **അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മയുടെ ഒന്നാം വർഷത്തിലെ സംഭവങ്ങളുടെ വിവരണം ഉൾക്കൊള്ളുന്ന പുസ്തകം.**
- പിന്നാക്ക ജില്ലകളുടെ വികസനത്തിനായി ന്യൂഡൽഹിയിൽ നടന്ന ചീഫ് സെക്രട്ടറിമാരുടെ രണ്ടാം ദേശീയ സമ്മേളനത്തിൽ പ്രധാനമന്ത്രി മോദി ആരംഭിച്ച പദ്ധതി ?
    - **ആസ്പിരേഷനൽ ബ്ലോക്ക് പ്രോഗ്രാം**
- 2022 ൽ ഇന്ത്യയിലെ ജനങ്ങൾ ഗൂഗിളിൽ ഏറ്റവും കൂടുതൽ സെർച്ച് ചെയ്ത വ്യക്തി ?
    - **നൂപുർ ശർമ**

- രാജ്യത്തെ ഏറ്റവും വലിയ ക്ഷീരവിപണന സ്ഥാപനമായ അമുലിന്റെ മാനേജിങ് ഡയറക്ടർ രാജി വെച്ചു. പേര് ?
  - **ആർ. എസ്. സോധി**
- ലോകത്തെ ഏറ്റവും ദൈർഘ്യമേറിയ ആഡംബര നദീജല ക്രൂസ് 'എം.വി. ഗംഗാ വിലാസ്' എന്ന കപ്പലിന്റെ ആദ്യ യാത്ര പ്രധാനമന്ത്രി നരേന്ദ്രമോദി ഫ്ലാഗ് ഓഫ് ചെയ്യുന്നത് ?
  - **ജനുവരി 13, 2023**
  - **വാരാണസിയിൽനിന്ന് തുടങ്ങി ബംഗ്ലാദേശ് വഴി അസമിലെ ദിബ്രുഗഡിലേക്കാണ് 3,200 കിലോമീറ്റർ ക്രൂസ് യാത്ര.**
- ജി-20 സംഘടനയുടെ അധ്യക്ഷപദവി ഇന്ത്യ ഏറ്റെടുത്തതിനോടനുബന്ധിച്ചുള്ള ആദ്യ അന്താരാഷ്ട്ര സാമ്പത്തികസമ്മേളനം നടക്കുന്നത് ?
  - **കൊൽക്കത്ത, പശ്ചിമ ബംഗാൾ**

- ചെർചെറ ഫെസ്റ്റിവൽ ആഘോഷിക്കുന്ന ഇന്ത്യൻ സംസ്ഥാനം ?
  - **ഛത്തീസ്ഗഡ്**
- 2023 ജനുവരി 8-14 വരെ നടക്കുന്ന ഇന്റർനാഷണൽ കൈറ്റ്(Kite) ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തത് ?
  - **അഹമ്മദാബാദിൽ, ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ**
- പശ്ചിമ ബംഗാൾ,ബിഹാർ, മേഘാലയ, മിസോറം എന്നിവിടങ്ങളിൽ ഗവർണറും ഉത്തർപ്രദേശ് മന്ത്രിയും സംസ്ഥാന ബി.ജെ.പി അധ്യക്ഷനുമായിരുന്ന വ്യക്തി അന്തരിച്ചു. പേര് ?
  - **കേസരിനാഥ് ത്രിപാഠി (88)**
- ഇന്ത്യയിലെ താക്കോൽദ്വാര (ലാപ്രോസ്കോപിക്) ശസ്ത്രക്രിയയുടെ പിതാവ് എന്നറിയപ്പെടുന്ന വ്യക്തി അന്തരിച്ചു. പേര് ?
  - **ഡോ. ടെഹംടൻ ഇ. ഉദ്വാഡിയ (88)**
  - **1990 മേയ് 31നാണ് മുംബൈയിലെ ജെജെ സർക്കാർ ആശുപത്രിയിൽ ഡോ. ഉദ്വാഡിയ രാജ്യത്തെ ആദ്യ താക്കോൽദ്വാര ശസ്ത്രക്രിയ നടത്തിയത്. 2017 ൽ രാഷ്ട്രം പത്മഭൂഷൻ നൽകി ആദരിച്ചു.**

- അടുത്തിടെ യു.എൻ സമാധാന ദൗത്യത്തിന്റെ ഭാഗമായി ഇന്ത്യ വനിതാ സമാധാനപ്പോരാളികളുടെ ഏറ്റവും വലിയ ഒറ്റ യൂണിറ്റിനെ നിയോഗിച്ചത് ഏത് രാജ്യത്താണ് ?
    - **സുഡാൻ**
- 'അഫ്ലിക്ഷൻ', 'ക്ലൗഡ്സ്പ്ലിറ്റർ' തുടങ്ങിയ നോവലുകളുടെ രചയിതാവ് അന്തരിച്ചു. പേര് ?
    - **റസൽ ബാങ്ക്സ് (82)**
- അമേരിക്കയിലെ ആദ്യത്തെ സിഖ് വനിതാ ജഡ്ജിയായി നിയമിതയായ ടെക്സാസിലെ ഹൂസ്റ്റണിൽ നിന്നുള്ള ഇന്ത്യൻ വംശജ ?
    - **മൻപ്രീത് മോണിക്ക സിംഗ്**
- അന്താരാഷ്ട്ര ടി20 ക്രിക്കറ്റിൽ പന്തുകൾ നേരിട്ടതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും വേഗത്തിൽ 1500 റൺസ് തികയ്ക്കുന്ന ഇന്ത്യൻ താരം ?
    - **സൂര്യ കുമാർ യാദവ്**
- ഫിഫയുടെ രാജ്യാന്തര റഫറി ബാഡ്ജ് ലഭിക്കുന്ന ആദ്യ സൗദി അറേബ്യൻ വനിത ?
    - **അനൗദ് അൽ അസ്മരി**
- 2023 ജനുവരി 4-8 വരെ ബർമിംഗ്ഹാമിൽ നടന്ന 2023 ബ്രിട്ടീഷ് ജൂനിയർ ഓപ്പൺ ടൂർണമെന്റിൽ പെൺകുട്ടികളുടെ അണ്ടർ-15 സ്ക്വാഷ് കിരീടം നേടിയ ഇന്ത്യൻ താരം ?
    - **അനാഹത് സിംഗ് (14)**
    - **ഫൈനലിൽ ഈജിപ്തിന്റെ സൊഹൈല ഹസെമിനെ 3-1 ന് പരാജയപ്പെടുത്തി.**
- വെയ്ൽസ് ദേശീയ ഫുട്ബോൾ ടീം ക്യാപ്റ്റൻ വിരമിച്ചു. പേര് ?
    - **ഗാരെത് ബെയ്ൽ**
- പോർച്ചുഗൽ ഫുട്ബോൾ ടീമിന്റെ പരിശീലകനായി ചുമതലയേറ്റത് ?
    - **റോബർട്ടോ മാർട്ടിനെസ്**
- സനാതനധർമ സംഘത്തിന്റെ ചെട്ടികുളങ്ങരയമ്മ സനാതനധർമ പുരസ്കാരം(25,000 ₹) ലഭിച്ച പ്രശസ്ത സംഗീതജ്ഞ ?
    - **ഡോ. കെ. ഓമനക്കുട്ടി**
- എൻ.പി. ഉണ്ണിപ്പിള്ള ഫൗണ്ടേഷൻ യുവശ്രേഷ്ഠ പുരസ്കാരം (50,001₹) ലഭിച്ച നടൻ ?
    - **ഉണ്ണി മുകുന്ദൻ**

- സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ യോഗത്തിൽ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസ് ആയി കേന്ദ്ര സർക്കാർ പദ്ധതി അവതരിപ്പിച്ച കേരള സംസ്ഥാന വ്യവസായ വകുപ്പിന്റെ പദ്ധതി ?
  - **സംരംഭക വർഷം**
- കേരളത്തിലെ പുതുക്കിയ വോട്ടർ പട്ടിക പ്രകാരം നിലവിൽ ഏറ്റവും കൂടുതൽ പ്രവാസി വോട്ടർമാരുള്ള ജില്ല ?
  - **കോഴിക്കോട്**

## JAN 11

- ദേശീയ മനുഷ്യക്കടത്ത് ബോധവൽക്കരണ ദിനം ആചരിക്കുന്നത് ?
  - **ജനുവരി 11**
- റോഡ് സുരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം പ്രചരിപ്പിക്കാൻ എല്ലാ വർഷവും റോഡ് സുരക്ഷാ വാരം ആചരിക്കുന്നത് ?
  - **ജനുവരി 11-17**
- മലയാളത്തിലെ ആദ്യ സോംബി സിനിമ ?
  - **എക്സ്പിരിമെന്റ് ഫൈവ് (സംവിധാനം -അശ്വിൻ ചന്ദ്രൻ)**
- സംസ്ഥാനത്ത് നോൺ വൂവൺ വിഭാഗത്തിലെ പ്ലാസ്റ്റിക് കാരിബാഗുകൾ വിലക്കിക്കൊണ്ടുള്ള കേരള സർക്കാർ ഉത്തരവ് റദ്ദാക്കിയത് ?
  - **ജസ്റ്റിസ് എൻ. നഗരേഷ്, കേരള ഹൈക്കോടതി**
- തൃശൂർ പൂരത്തിന്റെ ഇലഞ്ഞിത്തറമേളത്തിന് ഇത്തവണ പെരുവനം കുട്ടൻ മാരാർക്ക് പകരം മേളം ഒരുക്കുന്നത് ?
  - **കിഴക്കൂട്ട് അനിയൻ മാരാർ**
- വെൺപാലവട്ടം ശ്രീഭഗവതിക്ഷേത്ര ട്രസ്റ്റിന്റെ വെൺപാലവട്ടത്തമ്മ ശ്രീചക്ര പുരസ്കാരത്തിന് അർഹനായ നടൻ ?
  - **ഇന്ദ്രൻസ്**
  - **രണ്ട് ലക്ഷം ₹ വിലവരുന്ന പഞ്ചലോഹ നിർമിതമായ ശ്രീചക്രമേരുവാണ് പുരസ്കാരം.**
- ഈ വർഷത്തെ മുതുകുളം പാർവതിയമ്മ സാഹിത്യ പുരസ്കാരത്തിന് (15,000 ₹) അർഹയായത് ?
  - **വി.കെ. ദീപ (ചെറുകഥാസമാഹാരം -വുമൺ ഈറ്റേഴ്സ് )**

- തലയോലപ്പറമ്പിലെ വൈക്കം മുഹമ്മദ് ബഷീർ സ്മാരക ട്രസ്റ്റിന്റെ 15-ാമത് ബഷീർ സ്മാരക ട്രസ്റ്റ് അവാർഡിന് എം. മുകുന്ദനെ അർഹനാക്കിയ നോവൽ ?
  - **നൃത്തം ചെയ്യുന്ന കുടകൾ**
  - **50000₹യും പ്രശസ്തിപത്രവും സി.എൻ. കരുണാകരൻ രൂപകല്പന ചെയ്ത ശിൽപവും അടങ്ങുന്നതാണ് പുരസ്കാരം.**
- കേരളത്തിൽ റിലയൻസ് ജിയോ ട്രൂ 5G അടുത്തിടെ സേവനങ്ങൾ ആരംഭിച്ചത് ?
  - **തൃശൂർ, കോഴിക്കോട്**
  - **കൊച്ചി, തിരുവനന്തപുരം, ഗുരുവായൂർ എന്നിവിടങ്ങളിൽ 5G സേവനം ലഭ്യമാക്കിയിട്ടുണ്ട്.**
- മുസ്ലിം സമുദായത്തിലെ സ്ത്രീ കളുടെ ഉന്നമനത്തിനായി നിരന്തരം സംവദിച്ച കന്നഡ നോവലിസ്റ്റും ചെറുകഥാകൃത്തും വിവർത്തകയുമായ മലയാളി അന്തരിച്ചു. പേര് ?
  - **സാറാ അബൂബക്കർ (87)**
- ഗൗരി ലങ്കേഷിന്റെ 'ലങ്കേഷ് പത്രിക'യിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ച സാറാ അബൂബക്കറിന്റെ ആദ്യ നോവൽ ?
  - **ചന്ദ്രഗിരിയ തീരദല്ലി (ചന്ദ്രഗിരിയുടെ തീരങ്ങളിൽ)**
- കേന്ദ്രസർക്കാർ കാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകിയ ആർ.ബി.ഐ. ഡെപ്യൂട്ടി ഗവർണർ ?
  - **മൈക്കൽ ദേബബ്രത പത്ര**
- ജമ്മുവിലെ ഇന്ത്യൻ സൈന്യത്തിന് ലോ-സ്മോക്ക് സുപ്പീരിയർ കെറോസിൻ ഓയിൽ (SKO) വിതരണം ചെയ്ത കമ്പനി ഏതാണ് ?
  - **ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്**
- വീഡിയോകോൺ വായ്പത്തട്ടിപ്പുകേസിൽ ബോംബെ ഹൈക്കോടതി ഇടക്കാലജാമ്യം അനുവദിച്ചത് ?
  - **ചന്ദാ കൊച്ചാർ, ദീപക് കൊച്ചാർ**
- 2023 ജനുവരി 12 മുതൽ 16 വരെ പരശുരാമ കുണ്ഡ് ഉത്സവം നടക്കുന്ന ഇന്ത്യൻ സംസ്ഥാനം ?
  - **അരുണാചൽ പ്രദേശ്**
- ജി-20 രാജ്യങ്ങളുടെ ആദ്യ Education Group യോഗം ചേരുന്നത് ?
  - **ചെന്നൈ**

- വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞനും ജനപ്രിയ ചരിത്രകാരനുമായ സഞ്ജീവ് സന്യാൽ ന്റെ പുതിയ പുസ്തകം ?
    - **"Revolutionaries: The Other Story of How India Won Its Freedom"**
- ഇത്തവണത്തെ ദേശീയശാസ്ത്രദിനത്തിന്റെ മുദ്രാവാക്യം കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു. എന്താണ് ?
    - **Global Science for Global Wellbeing..**
- നാസയുടെ ചീഫ് ടെക്നോളജിസ്റ്റായി നിയമിതനായ ഇന്ത്യൻ വംശജൻ ?
    - **എ. സി. ചരണിയ**
- ഗ്ലോബൽ ബിസിനസ് ഗ്രൂപ്പ് ഇന്ത്യയുടെ ഡയറക്ടറായി വികാസ് പുരോഹിതിനെ നിയമിച്ചത് ?
    - **മെറ്റ**
- 50,000 വർഷത്തിന് ശേഷം ഭൂമിക്കരിക്കരികിൽ കൂടി കടന്ന് പോകുന്ന വാൽനക്ഷത്രം
    - **C 2022 E3 (ZTF)**
- ഫ്രാൻസ് ദേശീയ ഫുട്ബോൾ ടീം ക്യാപ്റ്റൻ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിച്ചു. പേര് ?
    - **ഹ്യൂഗോ ലോറിസ്**
- ഗുവാഹത്തിയിൽ നടന്ന ശ്രീലങ്കയ്ക്കെതിരായ ഒന്നാം ഏകദിനത്തിൽ സെഞ്ചുറി നേടിയതോടെ വിരാട് കോഹ്‌ലിയുടെ ആകെ സെഞ്ചുറികൾ ?
    - **45-ാം ഏകദിന സെഞ്ചുറി,73-ാം അന്താരാഷ്ട്ര സെഞ്ചുറി**
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഏകദിന സെഞ്ചുറി നേടുന്ന താരമെന്ന സച്ചിന്റെ റെക്കോഡിന് ഒപ്പം എത്തിയത് ?
    - **വിരാട് കോഹ്‌ലി (20*)**
- ശ്രീലങ്കയ്ക്കെതിരേ ഏകദിനത്തിൽ ഏറ്റവും കൂടുതൽ സെഞ്ചുറി നേടിയത് ?
    - **വിരാട് കോഹ്‌ലി (9 എണ്ണം)**
- **മറികടന്നത് - സച്ചിനെ (8എണ്ണം)**
- ഇന്ത്യയിലെ ഏറ്റവും വേഗം കൂടിയ ബൗളറെന്ന സ്വന്തം റെക്കോഡ് പുതുക്കിയത് ?
    - **ഉമ്രാൻ മാലിക് (ഒന്നാം ഏകദിന ത്തിൽ ഉമ്രാൻ എറിഞ്ഞ ഒരു പന്തിന് 156kmph വേഗം.)**

## JAN 12

- ദേശീയ യുവജനദിനം ആചരിക്കുന്നത് ?

- **ജനുവരി 12 (സ്വാമി വിവേകാനന്ദന്റെ ജന്മദിനം)**

❖ 2023 ലെ ഹെൻലി പാസ്പോർട്ട് ഇന്റക്സിൽ ഒന്നാമതെത്തിയ രാജ്യം ?

- **ജപ്പാൻ**

❖ 2023 ലെ ഹെൻലി പാസ്പോർട്ട് ഇന്റക്സിൽ ഇന്ത്യയുടെ സ്ഥാനം ?

- **85**

❖ 18 വയസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഗണിത പഠനം നിർബന്ധമാക്കാൻ തീരുമാനിച്ച രാജ്യം ?

- **ബ്രിട്ടൺ**

❖ ഗ്രീസിലെ അവസാന രാജാവ് ചികിത്സയിലിരിക്കെ 2023 ജനുവരി 10 ന് അന്തരിച്ചു. പേര് ?

- **കോൺസ്റ്റന്റൈൻ രണ്ടാമൻ (82)**

❖ അമേരിക്കയിലെയും ലോകത്തെ വിവിധ ഭാഗങ്ങളിലെയും സിനിമ, ടെലിവിഷൻ മേഖലയിലെ മികവിനുള്ള ആദരമായി ഹോളിവുഡ് ഫോറിൻ പ്രസ് അസോസിയേഷൻ 1944-ൽ ഏർപ്പെടുത്തിയ പുരസ്കാരം ?

- **ഗോൾഡൻ ഗ്ലോബ് പുരസ്കാരം**

❖ 80-ാമത് ഗോൾഡൻ ഗ്ലോബ് അവാർഡിൽ ഡ്രാമ വിഭാഗം മികച്ച ചിത്രത്തിനും സംവിധായകനുമുള്ള പുരസ്കാരം നേടിയത് ?

- **സ്റ്റീവൻ സ്പിൽബെർഗ് (ചിത്രം - ദി ഫാബെൽമാൻസ്)**

❖ മികച്ച ഇംഗ്ലീഷ് ഇതര ഭാഷാചിത്രത്തിനുള്ള പുരസ്കാരം ലഭിച്ചത് ?

- **അർജന്റീന,1985**

❖ ഗോൾഡൻ ഗ്ലോബ് അവാർഡിൽ ബെസ്റ്റ് ഒറിജിനൽ സോങ് ബഹുമതി നേടിയത് ?

- **നാട്ടു നാട്ടു..... (സിനിമ - ആർ ആർ ആർ)**
- **ഇന്ത്യൻ ചിത്രത്തിലൂടെ ഇന്ത്യയിൽ ഈ പുരസ്കാരം എത്തുന്നതും, ഏഷ്യൻ ഗാനത്തിന് ഈ ബഹുമതി കിട്ടുന്നതും ആദ്യം.**

❖ 2009-ലും 2011-ലും എ.ആർ. റഹ്മാനിലൂടെ ഗോൾഡൻ ഗ്ലോബ് ഇന്ത്യയിലെത്തിയിട്ടുണ്ടെങ്കിലും വിദേശ ചിത്രങ്ങൾക്ക് സംഗീതം ഒരുക്കിയതിലൂടെ ആയിരുന്നു. ഏതെല്ലാം ചിത്രങ്ങൾ ?

- **സ്ലം ഡോഗ് മില്യണയർ, 127 അവേഴ്സ്**

❖ മികച്ച ഒറിജിനൽ ഗാനത്തിനുള്ള പുരസ്കാരം ഏറ്റുവാങ്ങിയത് ?

- **സംഗീത സംവിധായകൻ എം. എം. കീരവാണി**

❖ പുരസ്കാരത്തിന് അർഹമായ നാട്ടു നാട്ടു.... ഗാനം ആലപിച്ചത് ?
  ○ **കാലഭൈരവ, രാഹുൽ സിപ്ലിഗുഞ്ജ്**
❖ അടുത്തിടെ ആസ്ട്രോ ടൂറിസം വാനനിരീക്ഷണ പരിപാടിക്ക് വേദിയായ നഗരം ?
  ○ **ന്യൂഡൽഹി**
❖ ഇന്ത്യയുടെ 75-ാമത് കരസേനാ ദിനാഘോഷ പരേഡിന് വേദിയാകുന്ന ദക്ഷിണേന്ത്യൻ നഗരം ?
  ○ **ബെംഗളൂരു**
❖ സുഗന്ധവ്യഞ്ജന കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഇത്തവണത്തെ ലോക സുഗന്ധവ്യഞ്ജനസമ്മേളനം നടക്കുന്നത് ?
  ○ **മുംബൈ (ഫെബ്രുവരി 16-18, 2023)**
❖ ലോക സുഗന്ധവ്യഞ്ജന സമ്മേളനത്തിൽ മുഖ്യാതിഥി ആവുന്നത് ?
  ○ **കേന്ദ്ര വാണിജ്യ സഹമന്ത്രി അനുപ്രിയ പട്ടേൽ**
❖ അടുത്തിടെ സുന്നി ജലവൈദ്യുത പദ്ധതി നിലവിൽ വന്ന സംസ്ഥാനം ?
  ○ **ഹിമാചൽ പ്രദേശ്**
❖ മികച്ച രീതിയിൽ ഭക്ഷ്യസുരക്ഷാ പരിശോധനകൾ നടത്തുന്ന സംസ്ഥാനങ്ങളുടെ റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്ത് എത്തിയത് ?
  ○ **തമിഴ്നാട് (7. കേരളം)**
❖ പി.കെ ബാലകൃഷ്ണന്റെ ഇനി ഞാൻ ഉറങ്ങട്ടെ, മാധവിക്കുട്ടിയുടെ മനോമി ഉൾപ്പെടെയുള്ള കൃതികൾ കന്നഡയിലേക്ക് വിവർത്തനം ചെയ്ത അടുത്തിടെ അന്തരിച്ച കന്നഡ നോവലിസ്റ്റും ചെറുകഥാകൃത്തും വിവർത്തകയുമായ മലയാളി ?
  ○ **സാറാ അബൂബക്കർ (87)**
❖ പരാജയപ്പെട്ട കമ്പോള ദൈവം എന്ന പുസ്തകം രചിച്ചത് ?
  ○ **എം. ബി. രാജേഷ്**
❖ കറുപ്പും വെളുപ്പും മായാവർണ്ണങ്ങളും എന്ന പുസ്തകം രചിച്ചത്?
  ○ **ശ്രീകുമാരൻ തമ്പി**
❖ ഹരിവരാസനം പുരസ്കാരം (1ലക്ഷം ₹) ലഭിച്ചത് ?
  ○ **ശ്രീകുമാരൻ തമ്പി**
❖ തകഴിയുടെയും ബഷീറിന്റെയും കൃതികൾ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ ഭാഷാശാസ്ത്രജ്ഞനും ബഹുഭാഷാപണ്ഡിതനുമായ വ്യക്തി അന്തരിച്ചു. പേര് ?
  ○ **ഡോ. റൊണാൾഡ് ഇ. ആഷർ (96)**

- **വൈക്കം മുഹമ്മദ് ബഷീറിന്റെ ബാല്യകാലസഖി, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, പാത്തുമ്മയുടെ ആട്, തകഴി ശിവശങ്കരപ്പിള്ളയുടെ തോട്ടിയുടെ മകൻ തുടങ്ങിയ കൃതികൾ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി.**

❖ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ഡ്വെയ്ൻ പ്രിട്ടോറിയസ് ഏത് രാജ്യക്കാരനാണ് ?

- **ദക്ഷിണാഫ്രിക്ക**

❖ ICC യുടെ 2022 ഡിസംബർ മാസത്തെ Player of the Month ആരെല്ലാം ?

- **ഹാരി ബ്രൂക്ക് (ഇംഗ്ലണ്ട്),**
- **ആഷ്‌ലി ഗാർഡ്നർ (ഓസ്ട്രേലിയ)**

❖ പുറത്താക്കപ്പെട്ട ഫ്രഞ്ച് ഫുട്ബോൾ ഫെഡറേഷൻ പ്രസിഡന്റ്?

- **നോയൽ ലെ ഗ്രെയ്റ്റ്**

❖ നാലാമത്തെ ഹോക്കി ലോകകപ്പിന് ഇറങ്ങുന്ന മലയാളി ?

- **പി. ആർ. ശ്രീജേഷ്**

❖ ഗോൾഡൺ ഗ്ലോബ് റേസ് പകുതിദൂരം പിന്നിട്ടപ്പോൾ രണ്ടാം സ്ഥാനത്ത് എത്തിയ ഇന്ത്യൻ നേവി മുൻ കമാൻഡറായ മലയാളി താരം ?

- **അഭിലാഷ് ടോമി**

❖ ലിംഗവ്യത്യാസമില്ലാതെ എല്ലാ അധ്യാപകരെയും ഇനി 'ടീച്ചർ' എന്ന് അഭിസംബോധന ചെയ്യണമെന്ന് ഉത്തരവിട്ടത് ?

- **ബാലാവകാശ കമ്മിഷൻ**

❖ റിലയൻസ് ജിയോയ്ക്കു പിന്നാലെ കൊച്ചിയിൽ 5G സേവനങ്ങൾ ആരംഭിച്ചത് ?

- **എയർടെൽ**

❖ ഡോ. റൊണാൾഡ് ഇ. ആഷർക്ക് മലയാളത്തിലെ വിശിഷ്ടസേവനങ്ങൾക്കായി കേരള സാഹിത്യ അക്കാദമി സ്വർണമെഡൽ നൽകിയത് ?

- **1983 ൽ**

❖ രഞ്ജി ട്രോഫി ക്രിക്കറ്റിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന രണ്ടാമത്തെ വ്യക്തിഗത സ്കോർ നേടിയത് ?

- **മുംബൈ താരം പൃഥ്വി ഷാ(379 റൺസ്)**

- **1948-ൽ മഹാരാഷ്ട്ര താരമായിരുന്ന ഭൗസാഹേബ് നിംബാൽക്കർ നേടിയ 443 റൺസാണ് രഞ്ജിയിലെയും ഫസ്റ്റ് ക്ലാസ് ക്രിക്കറ്റിലെയും ഒരു ഇന്ത്യൻ ബാറ്ററുടെ ഉയർന്ന വ്യക്തിഗത സ്കോർ.**

## JAN 13

- അഞ്ചു പതിറ്റാണ്ട് ദേശീയ രാഷ്ട്രീയത്തിൽ നിർണായക സ്ഥാനം അലങ്കരിച്ച സോഷ്യലിസ്റ്റ് നേതാവും മുൻ കേന്ദ്രമന്ത്രിയും ആയ വ്യക്തി അന്തരിച്ചു. പേര് ?
  - **ശരത് യാദവ് (75)**
- രാജ്യത്തെ ഏറ്റവും നീളം കൂടിയ കടൽപാലം (ട്രാൻസ് ഹാർബർ ലിങ്ക്) ബന്ധിപ്പിക്കുന്നത് ?
  - **ദക്ഷിണ മുംബൈയിലെ ശിവ്രിയിൽ നിന്നു നവിമുംബൈയ്ക്കടുത്ത് നവഷേവ വരെ**
- ആകെ 22 കിലോമീറ്റർ വരുന്ന പാലത്തിൽ 16.5 കിലോമീറ്റർ കടലിനു മുകളിലൂടെ ആണ്. പാലം തുറക്കുന്നത് ?
  - **2023 നവംബർ**

- രാജ്യത്തെ ആദ്യത്തെ കൽക്കരി ഗ്യാസിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള വളം നിർമാണ പ്ലാൻറ് 2024 ഒക്ടോബറോടെ സജ്ജമാകുന്നത് ?
  - **Talcher Fertiliser plant, Odisha**
- അടുത്തിടെ ഓൾ ഇന്ത്യ പ്രിസൈഡിങ് ഓഫീസേഴ്സ് കോൺഫറൻസിന് വേദിയായ ഇന്ത്യൻ നഗരം ?
  - **ജയ്പൂർ, രാജസ്ഥാൻ**
- മദ്യത്തെ അർബുദത്തിനിടയാക്കുന്ന അപകടകാരിയായ ഗ്രൂപ്പ് ഒന്ന് പട്ടികയിൽ ഉൾപ്പെടുത്തിയത് ?
  - **ലോകാരോഗ്യ സംഘടന**
- 2050 ആകുമ്പോൾ ലോകത്ത് 65 വയസ്സോ അതിൽ കൂടുതലോ ആയവരുടെ എണ്ണം ഇപ്പോഴുള്ളതിന്റെ ഇരട്ടിയിലും അധികമാകുമെന്ന് നിരീക്ഷിച്ചത് ?
  - **ഐക്യരാഷ്ട്ര സംഘടന**
- അടുത്തിടെ പരാജയപ്പെട്ട ലോഞ്ചർ വൺ റോക്കറ്റ് വിക്ഷേപണം ഏത് രാജ്യത്തിന്റെ ആദ്യ ഉപഗ്രഹ വിക്ഷേപണ ദൗത്യമായിരുന്നു ?
  - **ബ്രിട്ടൺ**

- **സ്വകാര്യ കമ്പനിയായ വെർജിൻ ഓർബിറ്റിന്റെ ദൗത്യം.**
- **കോസ്മിക് ഗേൾ എന്ന ബോയിങ് 747 വിമാനമാണ് ദൗത്യത്തിൽ ഉപയോഗിച്ചത്.**

❖ Braving A Viral Storm: India's Covid-19 Vaccine Story എന്ന പുസ്തകത്തിന്റെ രചയിതാക്കൾ ?

- **ആഷിഷ് ചന്ദോർക്കർ & സൂരജ് സുധീർ**
- **പ്രകാശനം ചെയ്തത്- മൻസുഖ് മാണ്ഡവ്യ, ആരോഗ്യ മന്ത്രി**

❖ കേന്ദ്രം പുതിയ സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിക്ക് നൽകിയ പേര് ?

- **പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY)**

❖ 'അയ്യന്നൂർ അമ്മന്നൂർ' ഉത്സവം ആഘോഷിക്കുന്നത് ?

- **നീലഗിരിയിലെ കോട്ട ഗോത്രക്കാർ**

❖ DRDO അടുത്തിടെ ഹ്രസ്വദൂര ബാലിസ്റ്റിക് മിസൈൽ വിജയകരമായി വിക്ഷേപിച്ചു. പേര് ?

- **പൃഥ്വി -2 ( ചന്ദിപ്പൂരിലെ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ നിന്ന് പരീക്ഷണ വിക്ഷേപണം വിജയകരമായി നടത്തിയ പൃഥ്വി -2 മിസൈലിന്റെ ദൂരപരിധി - 350 KM )**

❖ 2023 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ 6.9% വളർച്ച കൈവരിക്കുമെന്ന് പ്രസ്താവിച്ചത് ?

- **ലോകബാങ്ക്**

❖ 2023 പുരുഷ ഹോക്കി ലോകകപ്പ് വേദി ?

- **ഇന്ത്യ**

❖ 15ആമത് പുരുഷ ഹോക്കി ലോകകപ്പിൽ ഇന്ത്യയുടെ ആദ്യ എതിരാളി ?

- **സ്പെയിൻ**

❖ കഴിഞ്ഞ ലോകകപ്പിൽ ചാമ്പ്യൻമാരായത് ബെൽജിയം ആണ്. എന്നാൽ ഏറ്റവും കൂടുതൽ തവണ കിരീടം നേടിയത് ?

- **പാകിസ്ഥാൻ (4 തവണ)**
- **ഇന്ത്യ -3 തവണ**

❖ 2023 ൽ ഒഡീഷയിൽ വെച്ച് നടക്കുന്ന പുരുഷ ഹോക്കി ലോകകപ്പിന്റെ ഭാഗ്യചിഹ്നം ?

- **ഒല്ലി എന്ന ആമ**

❖ 2023 മാർച്ചിൽ യു.എ.ഇ.യിൽ അഫ്ഗാനിസ്ഥാനെതിരേ നിശ്ചയിച്ചിരുന്ന ഏകദിന ക്രിക്കറ്റ് പരമ്പരയിൽ നിന്ന് പിൻമാറിയത് ?

- ഓസ്ട്രേലിയ

❖ ജനവാസകേന്ദ്രത്തിലിറങ്ങിയ കടുവയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ കർഷകൻ മരിച്ചു. എവിടെ ?

- **വയനാട്ടിലെ തൊണ്ടർനാട് പുതുശ്ശേരി വെള്ളാരംകുന്നിൽ**

❖ ടെക്നോ പാർക്കിന്റെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫിസറായി നിയമിതനായ മുൻ കരസേനാ ഉദ്യോഗസ്ഥനായ ആലപ്പുഴ സ്വദേശി ?

- **സഞ്ജീവ് നായർ**

❖ സംസ്ഥാന വിനോദസഞ്ചാരവകുപ്പിനു കീഴിലുള്ള ഉത്തരവാദിത്വ ടൂറിസം മിഷനുമായി ചേർന്ന് ഉത്തരവാദിത്വടൂറിസം പദ്ധതി ആരംഭിക്കുന്നത് ?

- **പെരുമ്പളം, ആലപ്പുഴ**

❖ അടുത്തിടെ പ്രകാശനം ചെയ്യപ്പെട്ട രബീന്ദ്രനാഥ ടാഗോർസ് ഗീതാഞ്ജലി: എ പിക്റ്റോറിയൽ ട്രിബ്യൂട്ട് എന്ന പുസ്തകം രചിച്ചത് ?

- **ജെസി ജേക്കബ്**

## JAN 14

❖ സംസ്ഥാനത്ത് സ്വകാര്യ, കൽപിത സർവകലാശാലകൾ അനുവദിക്കുകയെന്ന വലിയ നയംമാറ്റത്തിന് രാഷ്ട്രീയാനുമതി നൽകിയത് ?

- **എൽഡിഎഫ് നേതൃയോഗം**

❖ വിദ്യാർഥിനികൾക്കു ഓരോ സെമസ്റ്ററിലും 2% അധിക ആർത്തവ അവധി ആനുകൂല്യം നൽകുന്ന കേരളത്തിലെ ആദ്യ സർവകലാശാല ?

- **കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്)**

❖ രാജസ്ഥാനി-ഹിന്ദി മഹാകവി കനയ്യലാൽ സേത്തിയയുടെ സ്മരണാർഥമുള്ള കനയ്യലാൽ സേത്തിയ അവാർഡ് (ഒരു ലക്ഷം ₹) ലഭിച്ച മലയാള കവി ?

- **കെ. സച്ചിദാനന്ദൻ**
- **ജയ്പൂർ സാഹിത്യോത്സവത്തിൽ അവാർഡ് സമ്മാനിക്കും.**

❖ ഇന്ത്യയിലെ മികച്ച ഗവേഷകർക്കു നൽകുന്ന 1.18 കോടി ₹യുടെ രാമലിംഗ സ്വാമി ഫെലോഷിപ്പ് ലഭിച്ചത് ?

- **ഡോ. ഷാലുമോൻ**

- **ബയോ ഡീഗ്രേഡബിൾ പോളിമറുകൾ ഉപയോഗിച്ച് കൃത്രിമ കലകൾ നിർമിക്കുന്നതും അവയവങ്ങൾ പുനർ നിർമിക്കുന്നതുമായ ഗവേഷണമാണ് എറണാകുളം തേവര സേക്രട്ട് ഹാർട്ട് കോളേജിലെ അസിസ്റ്റൻറ് പ്രൊഫസറായ ഇദ്ദേഹം നടത്തുന്നത്.**

❖ 2023-ലെ ലോകത്തിലെ മികച്ച 2% ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടം നേടിയത് ?
- **ഡോ. ഷാലുമോൻ**

❖ പ്രഥമ സ്വാമി വിവേകാനന്ദ യുവപുരസ്കാരം(25000₹) ലഭിച്ച കാഴ്ചശക്തിയില്ലാത്തവർക്കു പ്രചോദനം നൽകി അവരെ ഉയർത്തിക്കൊണ്ടുവരുക എന്ന ലക്ഷ്യവുമായി തിരുവനന്തപുരം കേന്ദ്രമായി തുടങ്ങിയ ജ്യോതിർഗമയ ഫൗണ്ടേഷന്റെ സ്ഥാപക ?
- **ടിഫാനി ബ്രാർ**

❖ "മതം മാധ്യമം മാർക്സിസം" നവ കേരളത്തിലേക്ക് "എന്ന പുസ്തകം രചിച്ചത് ?
- **പിണറായി വിജയൻ**

❖ പ്രമുഖ ആണവ ശാസ്ത്രജ്ഞനും മുൻ CSIR ഡയറക്ടറും കെൽട്രോൺ മുൻ ചെയർമാനും ഇഎംഎസിന്റെ മരുമകനും ആയ വ്യക്തി 2023 ജനുവരി 13 ന് അന്തരിച്ചു. പേര് ?
- **ഡോ. എ. ഡി. ദാമോദരൻ(87)**

❖ അയൽക്കൂട്ട പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവിന് 2023 ജനുവരി 14 ന് ജന്മശതാബ്ദി. പേര് ?
- **ഡി. പങ്കജാക്ഷകുറുപ്പ്**

❖ ലോകത്ത് നിർബന്ധമായും കണ്ടിരിക്കേണ്ട സ്ഥലങ്ങളുടെ ന്യൂയോർക്ക് ടൈംസ് പട്ടികയിലെ ഏക ഇന്ത്യൻ സംസ്ഥാനം ?
- **കേരളം**

❖ ജയ്പൂർ സാഹിത്യോത്സവം നടക്കുന്നത് ?
- **2023 ജനുവരി 19-23**

❖ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സംരക്ഷിത സസ്യമായി പ്രഖ്യാപിച്ചത് ?
- **നീലക്കുറിഞ്ഞി**

❖ കെട്ടിടങ്ങൾ വിണ്ടുകീറിയും ഭൂമി പിളർന്നും ദുരന്തത്തിന്റെ വക്കിലുള്ള ജോഷിമഠ് കഴിഞ്ഞ 12 ദിവസത്തിനിടെ താഴ്ന്നത് 5.4 സെന്റീമീറ്റർ. ജോഷിമഠിന്റെ ഉപഗ്രഹ ചിത്രം പുറത്തുവിട്ടത് ?
- **കാർട്ടോസാറ്റ് 2 എസ്, ഐഎസ്ആർഒ**

- സൂർ സരിത-സിംഫണി ഓഫ് ഗംഗ എന്ന സാംസ്കാരികോത്സവത്തിന്റെ വേദി ?
    - **വാരണാസി, ഉത്തർപ്രദേശ്**
- ലോക്സഭാ സെക്രട്ടേറിയറ്റ് ആരെയാണ് അയോഗ്യനാക്കി ഉത്തരവിറക്കിയത് ?
    - **ലക്ഷദ്വീപ് എം.പി.- മുഹമ്മദ് ഫൈസലിനെ**
    - **ഭരണഘടന അനുച്ഛേദം 102 (1)ഇ. ,ജനപ്രാതിനിധ്യ നിയമത്തിന്റെ എട്ടാം വകുപ്പ് എന്നിവ അടിസ്ഥാനമാക്കിയാണ് അയോഗ്യതാ നടപടി.**
- പ്രമുഖ ഐ.ടി. കമ്പനിയായ കൊഗ്നിസന്റിന്റെ പുതിയ CEO ?
    - **എസ്. രവികുമാർ**
- എൽ.എച്ച്.എസ് 475 എന്ന് പേരിട്ട ഭൂമിയോട് വലുപ്പത്തിൽ സാമ്യമുള്ള ഗ്രഹത്തെ സൗരയൂഥത്തിന് പുറത്ത് കണ്ടെത്തിയത് ?
    - **ജെയിംസ് വെബ്, നാസ**
- യു.എസിലെ കൻസാസിൽ സെനറ്ററായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ വംശജ ?
    - **ഉഷാ റെഡ്ഡി**
- 2023 ബാഫ്റ്റ ചലച്ചിത്ര പുരസ്കാരത്തിനായുള്ള ചുരുക്കപ്പട്ടികയിൽ ഇടം നേടിയ ഇന്ത്യൻ സിനിമ ?
    - **RRR**
- ഡോക്യുമെന്ററി വിഭാഗത്തിന്റെ പ്രാരംഭപട്ടികയിൽ ഇടം നേടിയ ഇന്ത്യൻ ഡോക്യുമെന്ററി
    - **All that Breaths (Director: Shaunak Sen)**
- എട്ടു തവണ ഗ്രാമി പുരസ്കാരവും, രണ്ടു തവണ റോക്ക് ആൻഡ് റോൾ ഹാൾ ഓഫ് ഫെയിം നേടിയിട്ടുള്ള അടുത്തിടെ അന്തരിച്ച പ്രശസ്ത ഗിറ്റാറിസ്റ്റ് ?
    - **ജെഫ് ബെക്ക്**
- പ്രഥമ അണ്ടർ 19 വനിതാ ലോകകപ്പ് ക്രിക്കറ്റ് ആരംഭിക്കുന്നത് ?
    - **2023 ജനുവരി 14 (വേദി: ദക്ഷിണാഫ്രിക്ക)**
- ലോകകപ്പ് ഹോക്കിയിലെ ആദ്യമത്സരത്തിൽ ഇന്ത്യ സ്പെയിനിനെ തോൽപ്പിച്ചു (2-0). ഗോളുകൾ നേടിയത് ?
    - **അമിത് രോഹിഡാസ്, ഹാർദിക് സിങ്**
- രഞ്ജി ട്രോഫിയിൽ സർവീസസിനെതിരായ മത്സരത്തിൽ കേരളത്തെ തകർച്ചയിൽ നിന്നു ഉജ്വല ജയത്തിലേക്കു നയിച്ച മുൻ നായകൻ ഫസ്റ്റ് ക്ലാസ് ക്രിക്കറ്റിൽ 4000 റൺസ് എന്ന നേട്ടം കൈവരിച്ചു. പേര് ?

- **സച്ചിൻ ബേബി**

## JAN 15

- ജീവിത നാടകം എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **ബൈജു ചന്ദ്രൻ**
- ബിൽ നൽകുന്ന സമയത്തുതന്നെ വൈദ്യുത ചാർജ്ജ് എ.ടി.എം. കാർഡ് വഴി അടയ്ക്കാനുള്ള സൗകര്യം ഒരുക്കുന്നതിനായി സ്പോട്ട് ബില്ലിംഗ് യന്ത്രങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന പദ്ധതി ആദ്യം നടപ്പാക്കപ്പെടുന്നത് ?
  - **തിരുവനന്തപുരം**
- 2023 ൽ സുവർണ ജൂബിലി ആഘോഷിക്കുന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനം ?
  - **കെൽട്രോൺ**
- 60-ാം വാർഷികത്തിന്റെ ഭാഗമായി കുട്ടികളുടെ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നത് ?
  - **കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് (KSSP)**
- ഗവൺമെന്റിന്റെ ഇയർ ഓഫ് എന്റർപ്രൈസസ് പദ്ധതിയുടെ ഗുണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി 2023 ജനുവരി 21ന് ഇൻഡസ്ട്രിയൽ കോൺക്ലേവ് നടക്കുന്നത് ?
  - **കൊച്ചി**
- ആറന്മുള ഹെറിറ്റേജ് ട്രസ്റ്റ് നടപ്പാക്കുന്ന "സുഗതവനം' പദ്ധതി ഉദ്ഘാടനം ചെയ്തത് ?
  - **ബംഗാൾ ഗവർണർ ഡോ. സി. വി. ആനന്ദബോസ്**
- തെലങ്കാനയുടെ ആദ്യ വനിതാ ചീഫ് സെക്രട്ടറിയായി നിയമിതയായത് ?
  - **എ. ശാന്തി കുമാരി**
- "സഹർഷ്" എന്ന പേരിൽ പ്രത്യേക വിദ്യാഭ്യാസ പരിപാടി ആരംഭിച്ച സംസ്ഥാനം ?
  - **ത്രിപുര**
- ഇന്ത്യൻ സ്കിമ്മറിന്റെ (റിഞ്ചോപ്സ് ആൽബിക്കോളിസ്) പ്രധാന ആവാസകേന്ദ്രമായി മാറുന്നത് ?
  - **ഗോദാവരി അഴിമുഖം, ആന്ധ്രാപ്രദേശ്**
- ഉത്തരാഖണ്ഡിലെ ജോഷിമഠിൽ ഭൂമി ഇടിഞ്ഞുതാഴുന്നത് വേഗത്തിലായെന്ന റിപ്പോർട്ട് പിൻവലിച്ചത് ?

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram
GET IT ON Google Play
Subscribe
FREE PSC TALKZ.in

- **ഐ.എസ്.ആർ.ഒ.**

❖ രാഹുൽ ഗാന്ധി നയിക്കുന്ന ഭാരത് ജോഡോ യാത്രയ്ക്കിടെ പഞ്ചാബിൽ കോൺഗ്രസ് എം.പി. കുഴഞ്ഞു വീണു മരിച്ചു. പേര് ?

- **സന്ദോഖ് സിങ് ചൗധരി(75)**
- **ജലന്ധറിൽ നിന്നുള്ള ലോക്സഭാംഗം.**

❖ ഈ വർഷത്തെ COP28 കാലാവസ്ഥാ ചർച്ചയുടെ പ്രസിഡന്റായി യുഎഇയുടെ ദേശീയ എണ്ണക്കമ്പനിയായ ADNOC ഓയിൽ മേധാവിയെ തിരഞ്ഞെടുത്തു. പേര് ?

- **സുൽത്താൻ അൽ ജാബർ**

❖ വിവിധ രാജ്യങ്ങളിലെ മൊബൈൽ ഫോൺ, ആപ്പ് ഉപയോഗം സംബന്ധിച്ച "ആപ്പ് ആനി' (ഇപ്പോൾ ഡേറ്റാ ഡോട്ട് എ.ഐ.) എന്ന വിവര വിശകലന ഏജൻസിയുടെ 2023-ലെ സ്റ്റേറ്റ് ഓഫ് മൊബൈൽ റിപ്പോർട്ട് പ്രകാരം ദിവസം ഫോണിനു മുന്നിൽ ചെലവഴിക്കുന്നതിൽ ലോകത്ത് ഇന്ത്യയുടെ സ്ഥാനം ?

- **8 (ഇന്ത്യക്കാർ ദിവസം ശരാശരി 4.9 മണിക്കൂർ)**
- **ഒന്നാം സ്ഥാനം - ഇന്തോനേഷ്യ**

❖ ലോക സാമ്പത്തിക ഉച്ചകോടി നടക്കുന്നത് ?

- **2023 ജനുവരി 16, ദാവോസ്, സ്വിറ്റ്സർലൻഡ്**
- **ഇന്ത്യൻ സംഘത്തെ കേന്ദ്രമന്ത്രിമാരായ സ്മൃതി ഇറാനി, അശ്വനി വൈഷ്ണവ് എന്നിവർ നയിക്കും.**

❖ രാജ്യത്തെ ആദ്യ ഓൺലൈൻ ഗെയിമിങ് എക്സലൻസ് സെന്റർ ആരംഭിക്കുന്നത് ?

- **ഷില്ലോങ്, മേഘാലയ**

❖ ഖനന കമ്പനിയായ എൽകെഎബി രാജ്യത്തിന്റെ വടക്കൻ പ്രദേശത്ത് ഒരു ദശലക്ഷം ടണ്ണിലധികം അപൂർവ എർത്ത് ഓക്സൈഡുകൾ കണ്ടെത്തിയത് ഏത് രാജ്യത്താണ് ?

- **സ്വീഡൻ**

❖ ചാരവൃത്തിയാരോപിച്ച് തടവിലാക്കിയ മുൻ ഉപപ്രതിരോധമന്ത്രിയെ വ്യാപകപ്രതിഷേധം അവഗണിച്ച് ഇറാൻ തൂക്കിലേറ്റി. പേര് ?

- **അലി റെസ അക്ബരി**

❖ ഗ്രേറ്റർ നോയിഡയിൽ നടന്ന പതിനാറാമത് ഓട്ടോ എക്സ്പോയിൽ രാജ്യത്തെ ആദ്യ സൗരോർജകാർ പ്രദർശിപ്പിച്ചു. പേര് ?

- **ഇവ**

- **പുണെ ആസ്ഥാനമായുള്ള ഇ.വി. സ്റ്റാർട്ടപ്പായ വേയ് മൊബിലിറ്റിയാണ് നിർമാതാക്കൾ.**

❖ ജമ്മുവിൽ നടന്ന സ്കെയ് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡൽ 11 വയസ്സുള്ള കശ്മീരി പെൺകുട്ടി ?
- **ഫലക് മുംതാസ്**

❖ പ്രശസ്ത മണൽ കലാകാരനായ(Sand Artist) സുദർശൻ പട്നായിക് ഒഡീഷയിലെ കട്ടക്കിൽ മഹാനദി നദിയുടെ തീരത്ത് നിർമ്മിച്ച ഹോക്കി സ്റ്റിക്കിന്റെ പ്രത്യേകത ?
- **5000 ഹോക്കി ബോളുകൾ ഉപയോഗിച്ച് 105 അടി നീളമുള്ള ഹോക്കി സ്റ്റിക്ക് ലോകത്തിലെ ഏറ്റവും വലുത്.**

## JAN 16

❖ കർണാടക വേദിയാകുന്ന 26ആമത് നാഷണൽ യൂത്ത് ഫെസ്റ്റിവലിന്റെ പ്രമേയം ?
- **വിക്ഷിത് യുവ, വിക്ഷിത് ഭാരത്**

❖ ജി20യുടെ ആദ്യ ഇൻഫ്രാസ്ട്രക്ചർ വർക്കിംഗ് ഗ്രൂപ്പ് യോഗം നടക്കുന്നത് ?
- **പൂനെ, മഹാരാഷ്ട്ര, ജനുവരി 16-17**

❖ പ്രകൃതി ദുരന്തങ്ങളോ മാനുഷിക പ്രതിസന്ധികളോ ബാധിച്ച ഏതൊരു വികസ്വര രാജ്യത്തിനും ആവശ്യമായ വൈദ്യസഹായം നൽകുന്നതിനുള്ള പദ്ധതി വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചു. പദ്ധതിയുടെ പേര് ?
- **ആരോഗ്യ മൈത്രി**

❖ ഗരുഡ എയ്റോസ്പേസും മുൻ ക്രിക്കറ്റ് താരം മഹേന്ദ്ര സിംഗ് ധോണിയും ചേർന്ന് ഒരു നിരീക്ഷണ ഡ്രോൺ പുറത്തിറക്കി. പേര് ?
- **ദ്രോണി(Droni)**

❖ സ്റ്റാർട്ടപ്പ് മെന്റർഷിപ്പിനായി വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ ആരംഭിക്കുന്ന പോർട്ടൽ ?
- **MAARG Portal**
- **Mentorship, Advisory, Assistance, Resilience, Growth**

❖ മദ്യം വാങ്ങുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21-ൽനിന്ന് 18 ആക്കി കുറയ്ക്കാനൊരുങ്ങുന്ന ഇന്ത്യൻ സംസ്ഥാനം ?
- **കർണാടക**

- അടുത്തിടെ ഓസ്ട്രേലിയയുടെ പുതിയ കോൺസുലേറ്റ് നിലവിൽ വരുന്ന ദക്ഷിണേന്ത്യൻ നഗരം ?
  - **ബെംഗളൂരു**
- നേപ്പാളിലെ പൊഖറ വിമാനത്താവള പരിസരത്ത് തകർന്നു വീണ വിമാനം ?
  - യതി എയർലൈൻസിന്റെ ATR-72
  - **പൊഖറ അന്താരാഷ്ട്ര വിമാനത്താവളത്തിലിറങ്ങാൻ തയ്യാറെടുക്കവേ വിമാനം സെതി ഗണ്ഡകി നദിക്കു സമീപമുള്ള മലയിടുക്കിലേക്ക് തകർന്നുവീഴുകയായിരുന്നു.**
- ദക്ഷിണാഫ്രിക്കൻ സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളിയായ ഇന്ത്യൻ വംശജ അടുത്തിടെ അന്തരിച്ചു. പേര് ?
  - **ഡോ. ഫ്രെനെ നോഷിർ ഗിൻവാല (90)**
- അടുത്തിടെ അന്തരിച്ച വിഖ്യാതനായ സെർബിയൻ- അമേരിക്കൻ കവി ?
  - **ചാൾസ് സിമിക് (84)**
  - **1990 ൽ പുലിറ്റ്സർ പുരസ്കാരം നേടിയ അദ്ദേഹത്തിന്റെ ഗദ്യകവിതകളുടെ സമാഹാരം - ദ് വേൾഡ് ഡസ്ന്റ് എൻഡ്**
- ബ്രിട്ടീഷ് രാജകുടുംബത്തിലെ ഉള്ളറക്കഥകൾ വെളിപ്പെടുത്തി ഹാരി രാജകുമാരൻ എഴുതിയ ആത്മകഥയായ 'സ്പെയർ' ആദ്യദിനം 14 ലക്ഷം പ്രതികളാണ് വിറ്റഴിച്ചത്. ആദ്യദിനം ഏറ്റവും കൂടുതൽ വിറ്റഴിച്ച ഏത് പുസ്തകത്തെ ആണ് സ്പെയർ മറികടന്നത് ?
  - **എ പ്രോമിസ്സ് ലാൻഡ്, ബറാക് ഒബാമ -8.87ലക്ഷം പ്രതികൾ**
- വർഷത്തിലെ ആദ്യ ഗ്രാൻഡ്സ്ലാം ടൂർണമെന്റായ ഓസ്ട്രേലിയൻ ഓപ്പൺ ആരംഭിക്കുന്നത് ?
  - **2023 ജനുവരി 16**
- ലോകകപ്പ് ഹോക്കിയിൽ രണ്ടാം മത്സരത്തിനിറങ്ങിയ ഇന്ത്യ ഗോൾ രഹിത സമനില പിടിച്ചത് ആർക്കെതിരെ ?
  - **ഇംഗ്ലണ്ട്**
- ഏകദിന ക്രിക്കറ്റിൽ റൺസിന്റെ അടിസ്ഥാനത്തിലുള്ള ഏറ്റവും വലിയ ജയം (317 റൺസ്)നേടിയത് ?
  - **ഇന്ത്യ, ശ്രീലങ്കയ്ക്കെതിരെ**
  - **അയർലൻഡിനെതിരേ ന്യൂസീലൻഡ് നേടിയ 290 റൺസ് മറികടന്നു.**

- ഒരുടീമിനെതിരെ ഏറ്റവും കൂടുതൽ സെഞ്ചുറി നേടുന്ന താരമായത് ?
    - **വിരാട് കോഹ്‌ലി**
    - **(ശ്രീലങ്കയ്ക്കെതിരെ 10 സെഞ്ചുറി)**
- ഹോം ഗ്രൗണ്ടിൽ ഏറ്റവും കൂടുതൽ സെഞ്ചുറി എന്ന സച്ചിന്റെ റെക്കോർഡ് മറികടന്നത് ?
    - **വിരാട് കോഹ്‌ലി (21 സെഞ്ചുറി)**
- കാര്യവട്ടത്ത് ശ്രീലങ്കയ്ക്കെതിരെ പുറത്താകാതെ 166 റൺസ് നേടിയതോടെ വിരാട് കോഹ്‌ലി എത്രാം ഏകദിന സെഞ്ചുറിയാണ് നേടിയത് ?
    - **46**
- ഏകദിന ക്രിക്കറ്റിലെ റൺവേട്ടയിൽ നിലവിൽ വിരാട് കോഹ്‌ലിയുടെ സ്ഥാനം ?
    - **5**
- ശ്രീലങ്കയ്ക്കെതിരായ മത്സരത്തിൽ കരിയറിലെ തന്റെ രണ്ടാമത്തെ സെഞ്ചുറി നേടിയത് ?
    - **ശുഭ്മാൻ ഗിൽ**
- ഫെഡറൽ ബാങ്ക് ഏർപ്പെടുത്തിയ പ്രഥമ സാഹിത്യ പുരസ്ക്കാരം നേടിയ രാഷ്ട്രീയചിന്തകനും എഴുത്തുകാരനുമായ വ്യക്തി ?
    - **കെ. വേണു**
    - **"ഒരന്വേഷണത്തിന്റെ കഥ' എന്ന അദ്ദേഹത്തിന്റെ ആത്മകഥയ്ക്കാണ് ഒരുലക്ഷം ₹യും ശില്പവും അടങ്ങുന്ന പുരസ്കാരം .**

## JAN 17

- നാഷണൽ സ്റ്റാർട്ടപ്പ് ഡേ' ആയി ആചരിക്കുന്നത് ?
    - **ജനുവരി 16**
- 2023 ജനുവരി 10-16 വരെ 'സ്റ്റാർട്ടപ്പ് ഇന്ത്യ ഇന്നൊവേഷൻ വീക്ക്' സംഘടിപ്പിക്കുന്നത് ?
    - **ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡും (DPIIT) വാണിജ്യ വ്യവസായ മന്ത്രാലയവും ചേർന്ന്**
- അന്ധത നിയന്ത്രണ നയം നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം ?
    - **രാജസ്ഥാൻ**
- മാഘ് ബിഹു കൊയ്ത്തുത്സവം നടക്കുന്ന ഇന്ത്യൻ സംസ്ഥാനം ?
    - **അസം**

- ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റുഡന്റ്സ് റൺ ഫെസ്റ്റിവൽ ആയ സാരംഗിന്റെ ഇരുപത്തെട്ടാമത് പതിപ്പിന്റെ വേദി ?
    - **ഐഐടി മദ്രാസ്**
- 2023 ജനുവരിയിൽ "Dotfest festival" ആഘോഷിച്ച ഇന്ത്യൻ സംസ്ഥാനം ?
    - **ഒഡീഷ**
- തദ്ദേശസമൂഹങ്ങളിലെ ജനസംഖ്യാവർധനയ്ക്ക് പ്രോത്സാഹനം നൽകാൻ പദ്ധതി പ്രഖ്യാപിച്ചത് ?
    - **സിക്കിം മുഖ്യമന്ത്രി പ്രേംസിങ് തമാങ്**
- ആരുടെ സഹായത്തോടെയാണ് ഹാരി രാജകുമാരൻ "സ്പെയർ" എന്ന പുസ്തകം രചിച്ചത് ?
    - **അമേരിക്കൻ നോവലിസ്റ്റ് ആയ ജെ ആർ മൊയ്റിംഗർ**
- 2022ലെ മിസ് യൂണിവേഴ്സ് കിരീടം (71-ാമത് ടൈറ്റിൽ) നേടിയത് ?
    - **ആർബോണി ഗബ്രിയേൽ (അമേരിക്ക)**

- മികച്ച വിദേശ ഭാഷാ ചിത്രത്തിനും മികച്ച ഗാനത്തിനുമുള്ള 2023ലെ 28-ാമത് ക്രിട്ടിക്സ് ചോയ്സ് അവാർഡ് ലഭിച്ചത് ?
    - **സിനിമ: RRR**
    - **ഗാനം: നാട്ടു നാട്ടു ...**
- 2023 ലെ വേൾഡ് എക്കണോമിക് ഫോറത്തിന് വേദിയാകുന്ന നഗരം ?
    - **ദാവോസ്, സ്വിറ്റ്സർലൻഡ്**
- മൊബൈൽ ഇന്റർനെറ്റ് വേഗതയിൽ ആഗോളതലത്തിൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം ?
    - **ഖത്തർ**
- യു.എസ്. പൊതുജനാരോഗ്യ ഏജൻസിയായ സെന്റേഴ്സ് ഫോർ ഡിസീസ് കൺട്രോൾ ആന്റ് പ്രിവൻഷൻ (സി.ഡി.സി.) പ്രിൻസിപ്പൽ ഡെപ്യൂട്ടി ഡയറക്ടറായി നിയമിതനായ ഇന്ത്യൻ വംശജൻ ?
    - **നീരവ് ഷാ**
- Magical Mist of Memories എന്ന പുസ്തകത്തിന്റെ രചയിതാവ് ?
    - **ഗോപിനാഥ് മുതുകാട്**

- കാര്യവട്ടത്ത് നടന്ന ഇന്ത്യ - ശ്രീലങ്ക മൂന്നാം ഏകദിനത്തിൽ പരസ്പരം കൂട്ടിയിടിച്ച് പരിക്കേറ്റ ശ്രീലങ്കൻ താരങ്ങൾ ?
  - **ജെഫ്രി വാൻഡേർസെ, ആഷൻ ബന്ദാര**
- മധ്യപ്രദേശിലെ മെയ്ഹാറിൽ നടന്ന അഖിലേന്ത്യ ഇൻഡിപ്പെൻഡൻസ് കപ്പ് ഫുട്ബോൾ ടൂർണമെന്റിൽ കിരീടം നേടിയത് ?
  - **ട്രാവൻകൂർ റോയൽസ്**

## JAN 18

- പ്രത്യേക സാങ്കേതിക വിദ്യ ഉപയോഗിച്ച് ദ്രവ്യത്തിന്റെ നാലാമത്തെ അവസ്ഥയായ പ്ലാസ്മ ഉയർന്ന ഊഷ്മാവിൽ നിർമിക്കുന്നതിനും ദ്രവ്യത്തിന്റെ പ്ലാസ്മയിലേക്കുള്ള മാറ്റം സംബന്ധിച്ച വസ്തുതകൾ മനസ്സിലാക്കാനുമുള്ള ഗവേഷണത്തിന് സെർബിന്റെ 65 ലക്ഷം ₹ ഗവേഷണ ഗ്രാന്റ് ലഭിച്ചത് ?
  - **കുസാറ്റ് ഫിസിക്സ് വകുപ്പ്**
  - **കുസാറ്റ് അസോസിയേറ്റ് പ്രൊഫ. ഡോ. റിജു സി. ഐസക്കാണ് പദ്ധതിയിലെ മുഖ്യ ഗവേഷകൻ.**
- സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് പ്രത്യേക രജിസ്ട്രേഷൻ സീരീസ് ഏർപ്പെടുത്താനുള്ള ഗതാഗതവകുപ്പിന്റെ ശിപാർശ മുഖ്യമന്ത്രി പിണറായി വിജയന്റെ പരിഗണനയ്ക്ക് കൈമാറി. എത്രയാണ് രജിസ്ട്രേഷൻ ?
  - **കെ. എൽ. 99**
  - **കെ.എൽ. 99-എ സർക്കാർ ഉടമസ്ഥതയിലുള്ള വാഹനങ്ങൾക്ക് നൽകാനാണ് നിർദേശം. കെ.എൽ. 99-ബി കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെ വാഹന ങ്ങൾക്കും കെ.എൽ. 99-സി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്കും കെ.എൽ. 99 ഡി പൊതുമേഖലാ സ്ഥാപനങ്ങൾക്കും മാറ്റിവെക്കണമെന്ന് ഗതാഗതവകുപ്പ് റിപ്പോർട്ട്.**
- ഇന്ത്യയിലെ ആദ്യത്തെ ഭരണഘടനാ സാക്ഷര ജില്ലയായത് ?
  - **കൊല്ലം**
- കണ്ണൂർ, കൊല്ലം, കോട്ടയം, മലപ്പുറം, പാലക്കാട് എന്നീ നഗരങ്ങളിൽ പുതുതായി 5G സേവനം നൽകുന്നത് ?
  - **ജിയോ ട്രൂ 5G**
- കുസാറ്റിനു പിന്നാലെ ആർത്തവകാല അവധി തീരുമാനിച്ചത് ?

- **സാങ്കേതിക സർവകലാശാല**

❖ ബ്രസീലിന്റെ പുതിയ തദ്ദേശീയ മന്ത്രാലയത്തിന്റെ ആദ്യ മന്ത്രിയായി പ്രഖ്യാപിച്ചത് ആരെയാണ് ?

- **സോണിയ ഗുജജാര**

❖ അടുത്തിടെ ഏത് രാജ്യമാണ് അവരുടെ സ്വാതന്ത്ര്യ ദിനത്തിൽ ജവഹർലാൽ നെഹ്റുവിന്റെ പേരിൽ പോസ്റ്റൽ സ്റ്റാമ്പ് പുറത്തിറക്കുന്നത് ?

- **ശ്രീലങ്ക**

❖ യൂറോപ്യൻ യൂണിയന്റെ ആദ്യത്തെ മെയിൻലാൻഡ് ഓർബിറ്റൽ ലോഞ്ച് കോംപ്ലക്സ് ഉദ്ഘാടനം ചെയ്തത് ?

- **യൂറോപ്യൻ ഉദ്യോഗസ്ഥരും സ്വീഡിഷ് രാജാവ് കാൾ പതിനാറാമൻ ഗുസ്താഫും ചേർന്ന്**

❖ ലോകത്തിൽ ആദ്യമായി ചാണകം ഇന്ധനമാക്കി പ്രവർത്തിക്കുന്ന ട്രാക്ടർ പുറത്തിറക്കിയത് ?

- **ബ്രിട്ടൺ**

❖ 2025-ഓടെ ഇന്ത്യയെ ഡോപ്ലർ വെതർ റഡാർ ശൃംഖലയുടെ പരിധിയിൽ കൊണ്ടുവരുമെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ 148-ാം സ്ഥാപക ദിനത്തിൽ പ്രഖ്യാപിച്ചത് ?

- **ഭൗമ ശാസ്ത്ര മന്ത്രി ഡോ. ജിതേന്ദ്ര സിംഗ്**

❖ അടുത്തിടെ കൊൽക്കത്തയിൽ കമ്മീഷൻ ചെയ്യപ്പെട്ട, ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ ഫാസ്റ്റ് പെട്രോൾ വെസ്സൽ സീരീസിലെ അഞ്ചാമത്തേയും അവസാനത്തേയും കപ്പൽ ?

- **കമല ദേവി**

❖ കേന്ദ്രസർക്കാർ അംഗീകാരം ലഭിക്കാത്തതിനാൽ ശുക്രയാൻ-1 അടുത്തവർഷത്തിൽനിന്ന് നീട്ടിയത് ഏത് വർഷത്തിലേക്ക് ?

- **2031**

❖ ദേശീയ സുരക്ഷാ സഹ ഉപദേഷ്ടാവ് ആയി നിയമിതനായ അതിർത്തി സുരക്ഷാ സേനയുടെ (BSF) മുൻ ഡയറക്ടർ ജനറൽ ?

- **പങ്കജ് കുമാർ സിങ്**

❖ മഹാരാഷ്ട്രയിലെ നവിമുംബൈയിൽ വമ്പൻ ഡേറ്റാ സെന്റർ ഒരുക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ച ആഗോള ടെക് കമ്പനി ?

- **ഗൂഗിൾ**

- വനിതാ ഐപിഎൽ ക്രിക്കറ്റിന്റെ മാധ്യമാവകാശം നേടിയത് ?
  - **Viacom18**

## JAN 19

- ലോകത്തിലെ ഏറ്റവും സമ്പന്നരായ അഭിനേതാക്കളുടെ പട്ടികയിൽ നാലാമതുള്ള ഇന്ത്യൻ നടൻ ?
  - **ഷാരൂഖ് ഖാൻ**
- റിപ്പബ്ലിക് ഓഫ് അർമേനിയയിലെ ഇന്ത്യയുടെ പുതിയ അംബാസഡറായി ആരെയാണ് നിയമിച്ചത് ?
  - **നിലാക്ഷി സാഹ സിൻഹ**
- അടുത്തിടെ രാജിവച്ച വിയറ്റ്നാം പ്രധാനമന്ത്രി ?
  - **നുയെൻ ഷ്വാൻ ഫുഗ്**
- ലോകത്തിലെ ഏറ്റവും പ്രായം കൂടിയ വ്യക്തി അന്തരിച്ചു. പേര് ?
  - **ലൂസിൽ റാൻഡൻ (118) - French Citizen.**
  - **സിസ്റ്റർ ആന്ദ്രേ എന്ന പേരിൽ അറിയപ്പെട്ടിരുന്നു.**
- 2023 ലെ വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ പ്രമേയം ?
  - **Cooperation in a Fragmented World**
- ലഷ്കറെ തൊയ്ബയുടെ ഉന്നതനേതാവായ അബ്ദുൾ റഹ്മാൻ മക്കിയെ ആഗോളഭീകരനായി പ്രഖ്യാപിച്ചത് ?
  - **ഐക്യരാഷ്ട്രസഭ**
- ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള 21ആമത് നാവിക അഭ്യാസം ?
  - **വരുണ**
- 100 ദിവസത്തെ സൗജന്യ നേത്രപരിശോധനയായ കാന്തി വെളുഗു (Kanti Velugu) നടക്കുന്നത് ?
  - **തെലങ്കാന**
- 2023 ജനുവരി 21-ന് ആരംഭിക്കുന്ന പഞ്ചാബ് സർക്കാരിന്റെ ആദ്യത്തെ പ്രധാന വിദ്യാഭ്യാസ പദ്ധതി ?
  - **സ്കൂൾ ഓഫ് എമിനൻസ്**
- ഭൂരിഭാഗം വയോജനങ്ങൾക്കും ക്ഷമ പെൻഷൻ നൽകുന്നതിൽ ആർ.ബി.ഐ. പ്രശംസിച്ച ഇന്ത്യൻ സംസ്ഥാനം ഏതാണ് ?
  - **കേരളം**

- സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി മാലിന്യശേഖരണത്തിന് യൂസർഫീ നിർബന്ധമാക്കാൻ തീരുമാനിച്ച സംസ്ഥാനം ?
  - **കേരളം**
- ജനപങ്കാളിത്തത്തോടെ 25,000 കേന്ദ്രങ്ങളിൽ സംയുക്ത ശുചീകരണം നടപ്പിലാക്കുന്നതിനുള്ള പദ്ധതിയുടെ മുദ്രാവാക്യം ?
  - **വലിച്ചെറിയല്ലേ മാലിന്യം**
- കേരളത്തിന്റെ ഔദ്യോഗിക തവളയായി പ്രഖ്യാപിച്ചേക്കുക ഏത് തവളയെയാണ് ?
  - **മാവേലിത്തവള (ശാസ്ത്ര നാമം: നാസികബട്രാക്കസ് സഹ്യാദ്രെൻസിസ്)**
  - **അറിയപ്പെടുന്ന മറ്റ് പേരുകൾ: പർപ്പിൾ ഫ്രോഗ്,പാതാളത്തവള, പന്നിമൂക്കൻ തവള**
- വടക്കേ അമേരിക്കയിലെ പ്രവാസി സംഘടനയായ ഫൊക്കാന ഇന്റർനാഷണലിന്റെ മികച്ച മന്ത്രിക്കുള്ള പുരസ്കാരം നേടിയത് ?
  - **പി. എ. മുഹമ്മദ് റിയാസ്**
- ഏകദിന ക്രിക്കറ്റിൽ അതിവേഗം ആയിരം റൺസ് തികച്ച ഇന്ത്യൻ താരം എന്ന ബഹുമതി ലഭിച്ചത് ?
  - **ശുഭ്മാൻ ഗിൽ (19 ഇന്നിങ്സിൽ നിന്ന്)**
  - **മറികടന്നത് 24 ഇന്നിങ്സുകളിൽ ആയിരം കടന്ന വിരാട് കോലിയുടെയും ശിഖർ ധവാന്റെയും റെക്കോഡ്**
- 18 ഇന്നിങ്സിൽ ആയിരം കടന്ന റെക്കോഡ് ഉള്ളത് ?
  - **പാക് താരം ഫഖർ സമാൻ**
- ഏകദിനത്തിൽ ഇരട്ടസെഞ്ചുറി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമായത് ?
  - **ശുഭ്മാൻ ഗിൽ(23 വയസ്സും 132 ദിവസവും)**
  - **മറികടന്നത് ബംഗ്ലാദേശിനെതിരേ 210 റൺസടിച്ച ഇഷാൻ കിഷൻ റെക്കോഡാണ് (24 വയസ്സും 145 ദിവസവും)**
- ന്യൂസിലൻഡിനെതിരായ ഏകദിനത്തിൽ 149 പന്തിൽ 208 റൺസ് നേടി, ഏകദിനത്തിൽ ഇരട്ട സെഞ്ചുറി നേടിയ അഞ്ചാമത്തെ ഇന്ത്യൻ താരം ആയത് ?
  - **ശുഭ്മാൻ ഗിൽ**
- പ്രസവാവധിയിലും ഫുട്ബോൾ താരങ്ങൾക്ക് പ്രതിഫലം നൽകണമെന്ന് പ്രസ്താവിച്ചത്
  - **ഫിഫ**

- ഉത്തേജകം ഉപയോഗിച്ചെന്ന സംശയത്തിന്റെ നിഴലിലായ ഇന്ത്യൻ വനിതാ സ്പ്രിന്ററർക്ക് താൽക്കാലിക വിലക്ക് ഏർപ്പെടുത്തി. പേര് ?
  - **ദ്യുതി ചന്ദ്**

## JAN 20

- ഓപ്പറേഷൻ ആഗ് (ആക്സിലറേറ്റഡ് ആക്ഷൻ എഗയിൻസ്റ്റ് ഗൂൺസ്) എന്ന പേരിൽ ഗുണ്ടകളെ അമർച്ച ചെയ്യാൻ പദ്ധതി ആരംഭിച്ചത് ?
  - **കേരള പോലീസ്**
- ഇന്ത്യയുടെ G-20 അധ്യക്ഷപദത്തിനുകീഴിലുള്ള ആരോഗ്യപ്രവർത്തക സമിതിയുടെ ആദ്യ യോഗത്തിന്റെ വേദി ?
  - **കോവളം**
- പാലക്കാട് "ടസ്കർ 7" എന്ന ഒറ്റയാനയെ പിടി കൂടാനുള്ള വനം വകുപ്പിന്റെ ദൗത്യം ?
  - **ഓപ്പറേഷൻ പി.ടി.**
- പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന സർഗോത്സത്തിന് വേദി ?
  - **ചെറുതുരുത്തി**
- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യം ശേഖരിച്ച് റെക്കോഡ് പ്രവർത്തനം കാഴ്ചവെച്ച കേരള സർക്കാരിന്റെ കീഴിലുള്ള കമ്പനി ?
  - **ക്ലീൻ കേരള**
- അടുത്തിടെ ഓൺലൈൻ വില്പനരംഗത്ത് പുതിയ വിപണന തന്ത്രങ്ങൾ ഒരുക്കുന്നതിനായി കേരളത്തിൽ നിന്ന് കേന്ദ്ര ഇ-കൊമേഴ്സ് ശൃംഖലയുടെ ഭാഗമാകുന്നത് ?
  - **കുടുംബശ്രീ**
- സാഹിത്യ നിരൂപണത്തിനുള്ള 2023-ലെ പ്രൊഫ. എം.പി. പോൾ പുരസ്കാരത്തിനർഹരായവർ ?
  - **ഡോ. എം. ലീലാവതി (ആജീവനാന്ത സംഭാവന)**
  - **എൻ. രാധാകൃഷ്ണൻ നായർ (കൃതി - ആത്മബലിയുടെ ആവിഷ്കാരം)**
- ഏത് രാജ്യത്തിനാണ് 12,500 ഡോസ് പെന്റാവാലന്റ് വാക്സിനുകൾ സംഭാവന ചെയ്യുമെന്ന് ഇന്ത്യ അടുത്തിടെ പ്രഖ്യാപിച്ചത് ?
  - **ക്യൂബ**
- PARAKH എന്ന പേരിൽ ഇന്ത്യയിലെ ആദ്യത്തെ നാഷണൽ അസസ്മെന്റ് റെഗുലേറ്റർ ആരംഭിച്ചത് ?

- **NCERT**

❖ പ്രശസ്ത അസമീസ് കവിയും ജ്ഞാനപീഠ പുരസ്കാര ജേതാവുമായ (56-ാമത് ജ്ഞാനപീഠ പുരസ്കാരം) വ്യക്തി അന്തരിച്ചു. പേര് ?

- **നീൽമണി ഫൂക്കൻ (89)**

❖ ആൻഡ്രോയിഡ്, ഐ.ഒ.എസ്. ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾക്ക് ബദലായി അവതരിപ്പിക്കാനൊരുങ്ങുന്ന ഇന്ത്യയുടെ തദ്ദേശീയ ഓപ്പറേറ്റിംഗ് സിസ്റ്റം ?

- **ഇൻഡ് ഒ എസ്**

❖ G20 പഠനങ്ങൾക്കായുള്ള ഇന്ത്യയിലെ ആദ്യത്തെ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്ന യൂണിവേഴ്സിറ്റി ?

- **ജിൻഡാൽ യൂണിവേഴ്സിറ്റി, ഹരിയാന**

❖ മാർട്ടിൻ ലൂഥർ കിംഗ് ഗ്രാൻഡ് പാരാ സ്പെഷ്യൽ അവാർഡ് നേടിയ ഇന്ത്യൻ-അമേരിക്കൻ വംശജൻ ആരാണ് ?

- **കൃഷ്ണ വാവിലാല**

❖ സിബി ജോർജ് ഏത് രാജ്യത്തേക്കുള്ള ഇന്ത്യയുടെ പുതിയ അംബാസിഡറായാണ് നിയമിതനായത് ?

- **മാർഷൽ ഐലൻഡ്സ്**

❖ 2023 ജനുവരിൽ രാജിവെച്ച ന്യൂസിലാൻഡ് പ്രധാനമന്ത്രി ?

- **ജസീന്ത ആർഡേൺ**

❖ അടുത്തിടെ നാല് വർഷത്തെ വിലക്കിനുശേഷം മാർവൽ സീരീസ് സിനിമകൾക്ക് പ്രദർശനാനുമതി നൽകിയ രാജ്യം ?

- **ചൈന**

## JAN 21

❖ പ്രൊജക്റ്റ് 75 ന്റെ ഭാഗമായി മുംബൈ മസഗോൺ ഡോക്കിൽ നിർമിച്ച 5th സ്കോർപിയൻ സബ്മറൈൻ ആയ INS വഗീർ കമ്മീഷൻ ചെയ്യുന്നത് ?

- **2023 ജനുവരി 23**

❖ വ്യോമയാന മേഖല യിലെ സമഗ്ര സംഭാവനയ്ക്ക് അസോസിയേഷൻ ഓഫ് ചേംബേഴ്സ് ഓഫ് കൊമേഴ്സ് (അസോചം) നൽകുന്ന അവാർഡ് ലഭിച്ച എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ബോർഡ് മുൻ അംഗം ?

- **പി. എസ്. നായർ**

❖ നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഡയറക്ടറായി നിയമിതനായത് ?

- **പ്രവീൺ ശർമ്മ**

❖ തമിഴ്നാട് സർക്കാരിന്റെ കലൈമാമണി, സംഗീത നാടക അക്കാദമി അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ള പ്രശസ്ത ഭരതനാട്യം നർത്തകി അന്തരിച്ചു. പേര് ?

- **ഗുരു ലക്ഷ്മി വിശ്വനാഥൻ**

❖ ഓറഞ്ച് നിറമുള്ള അപൂർവ വവ്വാലിനെ കണ്ടെത്തിയ ഛത്തീസ്ഗഡിലെ നാഷണൽ പാർക്ക് ?

- **കംഗേർ ഘാട്ടി നാഷണൽ പാർക്ക്**
- **'പെയിന്റഡ് ബാറ്റ്' എന്നറിയപ്പെടുന്ന ഇതിന്റെ ശാസ്ത്രീയനാമം - 'കെരിവൗല പിക്റ്റ'**

❖ വിഖ്യാതമായ ബാഫ്റ്റ അവാർഡിന്റെ ചുരുക്കപ്പട്ടികയിൽ നിന്നു പുറത്തായ ഇന്ത്യൻ സിനിമ ?

- **RRR**

❖ ബാഫ്റ്റ അവാർഡിന്റെ ഡോക്യുമെന്ററി വിഭാഗത്തിൽ അവസാന 5 ചിത്രങ്ങളുടെ നാമനിർദേശപ്പട്ടികയിൽ ഇടം നേടിയത് ?

- **ഓൾ ദാറ്റ് ബ്രീത് സ് (സംവിധാനം -ഷൗനക്ക് സെൻ)**

❖ 2023 ഫെബ്രുവരിയിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ ?

- **ത്രിപുര, മേഘാലയ, നാഗാലാന്റ്**

❖ ഗുജറാത്ത് നിയമസഭയിൽ 156 സീറ്റുകളുമായി ബി.ജെ.പി.ക്ക് ചരിത്രവിജയം സമ്മാനിച്ചത് ആഘോഷിക്കാനായി 156 ഗ്രാം സ്വർണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അർധകായശില്പം നിർമിച്ചത് ?

- **സൂറത്തിലെ ആഭരണനിർമാണസ്ഥാപനമായ രാധികാ ചെയിൻസിന്റെ ഉടമ ബസന്ത് ബോറ**

❖ 2023 ജനുവരി 22 മുതൽ 23 വരെ ഭോപ്പാലിലെ ഇന്ത്യൻ ഇന്റർനാഷണൽ സയൻസ് ഫെസ്റ്റിവലിൽ (ഐഐഎസ്എഫ്) നടക്കുന്ന ശാസ്ത്ര സാഹിത്യോത്സവം ?

- **വിജ്ഞാനിക**

❖ ആൻഡ്രോയ്ഡിനും ഐ.ഒ.എസിനും ബദലായി മൊബൈൽ ഫോണുകളിൽ ഉപയോഗിക്കാവുന്ന ഓപ്പറേറ്റിങ് സിസ്റ്റം (ഒ.എസ്.) ഐഐടി മദ്രാസ് തദ്ദേശീയമായി വികസിപ്പിച്ചു. പേര് ?

- **ഭരോസ് (BharOS)**

- അമേരിക്കയിലെ മേരിലാൻഡ് സംസ്ഥാനത്തിന്റെ പത്താം ലഫ്റ്റനന്റ് ഗവർണറായി ഭഗവദ് ഗീതയിൽ കൈവെച്ച് സത്യപ്രതിജ്ഞ ചെയ്ത ആദ്യ ഇന്ത്യൻ വംശജ ?
  - **അരുണ മില്ലർ**
- അടുത്തിടെ ഇന്ത്യയിൽ വച്ച് അന്തരിച്ച ഗാംബിയൻ വൈസ് പ്രസിഡന്റ് ?
  - **ബദര അലിയു ജൂഫ്**
- മാനവികതയ്ക്കുള്ള സേവനത്തിനുള്ള ബഹ്റൈനിന്റെ ഐഎസ്എ അവാർഡ് നേടിയ നേപ്പാളി ഒഫ്താൽമോളജിസ്റ്റ് ?
  - **ഡോ. സന്ദൂക് റൂയിറ്റ്**
- എല്ലാവർഷവും മേയ് 17 എന്ത് ദിനമായി ആചരിക്കാൻ ആണ് കേരള സർക്കാർ ഉത്തരവിറക്കിയത് ?
  - **കുടുംബശ്രീ ദിനം**

- പൊന്മുടി വന്യജീവിസങ്കേതം എന്ന പേരിൽ പുതിയ വന്യജീവിസങ്കേതം നിലവിൽ വരുന്നത് ?
  - **തിരുവനന്തപുരം**
- നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ് സാഹിത്യവേദിയുടെ പി. കുഞ്ഞിരാമൻ നായർ പുരസ്കാരം(11111₹) ലഭിച്ചത് ?
  - **ശ്രീകുമാരൻ തമ്പി**
- ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സർവകലാശാലകളിലെയും വിദ്യാർത്ഥിനികൾക്ക് ആർത്തവാവധിയും പ്രസവാവധിയും അനുവദിച്ചത് ?
  - **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**
- ഇന്ത്യയിൽ ഏകദിന ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ സിക്സറുകൾ നേടിയ താരം ?
  - **രോഹിത് ശർമ**
- ഹോക്കി ലോകകപ്പ് ചരിത്രത്തിലെ ഏറ്റവും വലിയ വിജയം എന്ന റെക്കോഡ് നേടിയ ടീം ?
  - **നെതർലന്റ്സ്**
  - **ചിലിയെ കീഴടക്കിയത് 14-0 എന്ന നിലയിൽ.**

## JAN 22

- ജാതിവിവേചനമടക്കമുള്ള ആരോപണങ്ങൾ വിവാദമായിരിക്കെ, കെ. ആർ. നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സ്ഥാനം രാജിവെച്ചത് ?

- **ശങ്കർമോഹൻ**

❖ ഭക്ഷ്യസുരക്ഷാ മുന്നറിയിപ്പോടുകൂടിയ സ്ലിപ്പോ സ്റ്റിക്കറോ ഇല്ലാത്ത ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുന്നത് നിരോധിച്ച സംസ്ഥാനം ?

- **കേരളം**

❖ അടുത്തിടെ മുഴുവൻ ഗോത്രവർഗ്ഗക്കാർക്കും ആവശ്യമായ അടിസ്ഥാന രേഖകൾ ഉറപ്പാക്കിയ ഇന്ത്യയിലെ തന്നെ ആദ്യ ജില്ല ?

- **വയനാട്**

❖ ബഡ്ജറ്റ് രേഖകളുടെ ഭീമമായ അച്ചടി ഒഴിവാക്കുന്നതിനും പേപ്പർ രഹിത ബഡ്ജറ്റ് എന്ന ആശയം നടപ്പാക്കുന്നതിനുമായി ആരംഭിച്ച ആപ്ലിക്കേഷൻ ?

- **കേരള ബഡ്ജറ്റ്**
- **കേരള ധനവകുപ്പും എൻ.ഐ.സിയും ചേർന്നാണ് നിർമാണം.**

❖ പ്രധാനമന്ത്രി രാഷ്ട്രീയ ബാലപുരസ്കാരം നേടിയ മലയാളി വിദ്യാർത്ഥി ?

- **ആദിത്യ സുരേഷ്**
- **റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് പുരസ്കാരം നൽകും. കൊല്ലം സ്വദേശി ആണ്.**

❖ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പി.എം.എസ്.എസ്.വൈ. പദ്ധതിയിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ചത് ?

- **പിണറായി വിജയൻ**

❖ 2023-ലെ അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്വെയർ കേന്ദ്രത്തിന്റെ സമ്മേളനത്തിന് വേദിയാകുന്നത് ?

- **കാര്യവട്ടം, തിരുവനന്തപുരം**

❖ ഗുജറാത്ത് കലാപവുമായി ബന്ധപ്പെട്ട് ബി.ബി.സി. തയ്യാറാക്കിയ ഡോക്യുമെന്ററി ?

- **ഇന്ത്യ: ദി മോദി ക്വസ്റ്റ്യൻ**

❖ ഇന്ത്യ: ദി മോദി ക്വസ്റ്റ്യൻ ഡോക്യുമെന്ററിയുടെ ലിങ്ക് പങ്കിടുന്ന ട്വീറ്റുകളും വീഡിയോകളും നീക്കാൻ യുട്യൂബിനോടും ട്വിറ്ററിനോടും കേന്ദ്ര സർക്കാർ നിർദേശിച്ചത് ഏത് അധികാരത്താൽ ആണ് ?

- **ഐ.ടി. ചട്ടത്തിലെ (2021) അടിയന്തരാധികാരമുപയോഗിച്ച്**

❖ ഭാരത് ജോഡോ യാത്ര ജമ്മുവിലെത്താൻ രണ്ടുദിവസം ശേഷിക്കേ ഭീതിയുയർത്തി ഇരട്ടസ്ഫോടനം നടന്നത് ?

- **ജമ്മുവിലെ നാർവാൽ മേഖലയിൽ**

❖ ഇന്ത്യ അധ്യക്ഷപദം ഏറ്റെടുത്തതിനുശേഷം പരിസ്ഥിതിയുമായി ബന്ധപ്പെട്ട ആദ്യ G20 യോഗം നടക്കുന്നത് ?

- **ബെംഗളൂരു, ഫെബ്രുവരി 9-11,2023**

❖ ഇന്ത്യയുടെ 74-ാം റിപ്പബ്ലിക് ദിന ആഘോഷങ്ങളിൽ മുഖ്യാതിഥി ആവുന്നത് ?

- **ഈജിപ്ത് പ്രസിഡന്റ് അബ്ദുൽ ഫത്താഹ് അൽ -സിസി**
- **ആദ്യമായാണ് റിപ്പബ്ലിക് ദിനത്തിൽ ഈജിപ്ത് പ്രസിഡന്റ് മുഖ്യാതിഥിയാകുന്നത്.**

❖ ഭാരത് ബയോടെക് വികസിപ്പിച്ചെടുത്ത മൂക്കിലുടെ നൽകുന്ന കോവിഡ് പ്രതിരോധവാക്സിൻ (ഇൻകോവാക് -ബി.ബി.വി. 154) വിപണിയിൽ എത്തുന്നത് ?

- **റിപ്പബ്ലിക് ദിനത്തിൽ**

❖ ഹരിത ഹൈഡ്രജൻ ഉത്പാദനവുമായി ബന്ധപ്പെട്ട് പരസ്പര സഹകരണത്തിനായി ഇന്ത്യയുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ച രാജ്യം ?

- **യുഎഇ**

❖ ന്യൂസീലൻഡിന്റെ അടുത്ത പ്രധാനമന്ത്രിയാകുന്നത് ?

- **ക്രിസ് ഹിപ്കിൻസ്**
- **നിലവിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയാണ്.**

❖ യുക്രെന് മാരക പ്രഹരശേഷിയുള്ള "ലെപ്പേഡ്-2' യുദ്ധടാങ്കറുകൾ നൽകുന്ന രാജ്യം ?

- **ജർമനി**

❖ ഫിത്തൂർ രാജ്യാന്തര ടൂറിസം മേളയ്ക്ക് വേദിയായ രാജ്യം ?

- **സ്പെയിൻ**

❖ താരങ്ങളുടെ കൈമാറ്റങ്ങളിൽ സാമ്പത്തിക ക്രമക്കേട് നടത്തിയതിനെത്തുടർന്ന് ഇറ്റാലിയൻ ഫുട്ബോൾ ഫെഡറേഷൻ കടുത്ത അച്ചടക്ക നടപടി നൽകിയ ഇറ്റാലിയൻ സീരി എ ഫുട്ബോൾ ക്ലബ്ബ് ഏതാണ് ?

- **യുവന്റസ്**
- **ലീഗിൽ മൂന്നാം സ്ഥാനത്തായിരുന്ന യുവന്റസിന്റെ 15 പോയന്റ് കുറച്ചു. ഇതോടെ ടീം 22 പോയന്റുമായി പത്താം സ്ഥാനത്തേക്ക് കൂപ്പുകുത്തി.**

❖ അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരത്തിന് ആദ്യമായി വേദിയായ ഇന്ത്യൻ സ്റ്റേഡിയം ?

- **വീർ നാരായൺ സിങ് ബിനിഞ്ജ്ജാർ സ്റ്റേഡിയം, റായ്പൂർ**

# JAN 23

- നാടിനെ വിറപ്പിച്ച പാലക്കാട് ടസ്കർ ഏഴിനെ(പി.ടി.7) മയക്കുവെടി വെച്ചത് ?
  - **ഡോ. അരുൺ സക്കറിയയുടെ നേതൃത്വത്തിലുള്ള സംഘം**
- പി.ടി.7 ഇനി അറിയപ്പെടുക ഏത് പേരിൽ ?
  - **ധോണി**
- അന്താരാഷ്ട്ര സീറോ വേസ്റ്റ് സിറ്റീസ് കോൺഫറൻസ് നടക്കുന്നത് ?
  - **മനില, ഫിലിപ്പീൻസ്**
- അന്താരാഷ്ട്ര സീറോ വേസ്റ്റ് സിറ്റീസ് കോൺഫറൻസിലേക്കു ക്ഷണം ലഭിച്ച കേരളത്തിലെ ഏക നഗരസഭയും രാജ്യത്തെ അഞ്ചു നഗരസഭകളിലൊന്നുമാണ് ?
  - **ആലപ്പുഴ**

- ആലപ്പുഴയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നത് ?
  - **സൗമ്യാരാജ് (നഗരസഭാ അധ്യക്ഷ)**
- അന്താരാഷ്ട്ര സീറോ വേസ്റ്റ് സിറ്റീസ് കോൺഫറൻസ് സംഘടിപ്പിക്കുന്നത് ?
  - **ഗയ ഏഷ്യ പസഫിക്**
- ഇന്ത്യയിലെ ഏക ചെസ്സ് ടൂറിസം പരിപാടിയായ ചെസ്സ് ഹൗസ്ബോട്ട് 2023-ന് തുടക്കം കുറിക്കുന്നത് ?
  - **ആലപ്പുഴ കളക്ടർ വി.ആർ. കൃഷ്ണ തേജ**
- പതിനഞ്ചാം നിയമസഭയുടെ എട്ടാം സമ്മേളനം ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ നയപ്രഖ്യാപനത്തോടെ തുടങ്ങുന്നത് ?
  - **2023 ജനുവരി 23**
  - **നിയമസഭ ചേരുന്നത്: 33 ദിവസം.**
- കൽവാരി ശ്രേണി യിൽപ്പെട്ട അഞ്ചാം അന്തർവാഹിനിയായ ഐ.എൻ.എസ്. വാഗിർ രാഷ്ട്രത്തിന് സമർപ്പിക്കുന്നത് ?
  - **2023 ജനുവരി 23**
- 2023 ജനുവരിയിൽ അന്തരിച്ചു കാശ്മീരിലെ ആദ്യത്തെ ജ്ഞാനപീഠ പുരസ്കാര ജേതാവ് ?
  - **റഹ്മാൻ റാഹി**
- 'പരാക്രം ദിവസ്' ആയി ആഘോഷിക്കുന്നത് ?
  - **23 ജനുവരി ( സുഭാഷ് ചന്ദ്രബോസ് ജന്മദിനം. )**

- അടുത്തിടെ അന്തരിച്ച ഡേവിഡ് ക്രോസ്ബി ഏത് നിലയിൽ പ്രശസ്തനായ വ്യക്തി ആയിരുന്നു ?
  - **റോക്ക് സംഗീതജ്ഞൻ**
- അടുത്തിടെ അന്തരിച്ച പ്രശസ്ത സംഗീതജ്ഞനും ടെക്സ് സർവകലാശാലയിലെ ഏഷ്യൻ ലിംഗ്വസ്റ്റിക് വിഭാഗം മുൻ ഡയറക്ടറുമായിരുന്ന വ്യക്തി ?
  - **പ്രൊഫ. റോഡ്നി എഫ്. മോഗ്**
- യുണൈറ്റഡ് നേഷൻസ് അന്താരാഷ്ട്ര ഒട്ടക വർഷമായി ആചരിക്കാൻ തീരുമാനിച്ച വർഷം
  - **2024**
- യുണൈറ്റഡ് നേഷൻസ് ഹിമാനികളുടെ സംരക്ഷണത്തിന്റെ അന്താരാഷ്ട്ര വർഷമായി ആചരിക്കാൻ തീരുമാനിച്ച വർഷം ?
  - **2025**
- 2023 ലെ Global Firepower Indexൽ ഒന്നാമതുള്ള രാജ്യം ?
  - **അമേരിക്ക**
- 2023 ലെ Global Firepower Indexൽ ഇന്ത്യയുടെ സ്ഥാനം ?
  - **4**
- 2023 ജനുവരി 24-ന് അഫ്ഗാൻ പെൺകുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി അന്താരാഷ്ട്ര വിദ്യാഭ്യാസ ദിനം സമർപ്പിക്കാൻ തീരുമാനിച്ചത് ?
  - **യുനെസ്കോ**
- രാജ്യത്തെ ഏറ്റവും ആഴമേറിയ ഭൂഗർഭ മെട്രോ സ്റ്റേഷൻ എന്ന ബഹുമതി ലഭിക്കുന്നത്
  - **പൂനെ സിവിൽ കോടതി**
  - **പൂനെയിലെ സിവിൽ കോർട്ട് ഇന്റർചേഞ്ച് സ്റ്റേഷന് 108.59 അടി താഴ്ചയും 95 അടി സീലിംഗും ഉണ്ടാകും.2023 ഫെബ്രുവരിയിൽ മെട്രോ പൂർത്തിയാക്കി മാർച്ചിൽ ആരംഭിക്കും.**
- 2023 ഷൂട്ടിംഗ് വേൾഡ് കപ്പിന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിതനായ മുൻ സുപ്രീം കോടതി ജഡ്ജി ?
  - **എ. കെ. സിക്രി**
- സഡൻഡെത്ത് വരെ നീണ്ട ലോകകപ്പ് ഹോക്കി ക്രോസ്ഓവർ പോരാട്ടത്തിൽ ന്യൂസീലൻഡിനോട് തോറ്റ് പുറത്തായത് ?
  - **ഇന്ത്യ**

- **നിശ്ചിത സമയത്ത് 3-3 എന്ന നിലയിലായിരുന്ന മത്സരം ഷൂട്ടൗട്ടിലേക്കും പിന്നീട് സഡൻഡത്തിലേക്കും കടക്കുകയായിരുന്നു. സഡൻ ഡെത്തിൽ ഇന്ത്യ 4-5ന് പരാജയപ്പെട്ടു.**

## JAN 24

- അന്താരാഷ്ട്ര വിദ്യാഭ്യാസ ദിനം ആചരിക്കുന്നത് ?
  - **ജനുവരി 24**
- ദേശീയ ബാലികാ ദിനം ആചരിക്കുന്നത് ?
  - **ജനുവരി 24**
- നാവികസേനാ മുൻ ഉപമേധാവി അന്തരിച്ചു. പേര് ?
  - **റിട്ട. വൈസ് അഡ്മിറൽ പി.ജെ. ജേക്കബ് (82)**
- നേതാജി സുഭാഷ് ചന്ദ്ര ബോസിന്റെ 126-ാം ജന്മവാർഷികാഘോഷത്തിന്റെ ഭാഗമായി ആൻഡമാൻ നിക്കോബാറിലെ എത്ര ദ്വീപുകൾക്കാണ് യുദ്ധവീരരുടെ പേരുകൾ നൽകുന്നത് ?
  - **21**
  - **പരമവീർ ചക്ര ബഹുമതി ലഭിച്ച സൈനികരുടെ പേരുകളാണ് ദ്വീപുകൾക്ക് നൽകിയത്.**
- മഹാരാഷ്ട്ര ഗവർണർ പദവിയിൽ നിന്ന് ഒഴിയുന്നതായി അറിയിച്ചത് ?
  - **ഭഗത്സിങ് കോഷിയാരി**
- ബാങ്കുകൾ നൽകുന്ന ലോക്കർ സേവനങ്ങൾക്കുള്ള മാർഗനിർദേശങ്ങളിലെ മാറ്റങ്ങൾ നടപ്പാക്കുന്നത് റിസർവ് ബാങ്ക് നീട്ടിയത് എന്നു വരെയാണ് ?
  - **2023 ജനുവരിയിൽ നിന്ന് 2023 ഡിസംബർ**
- എയ്ഡ്സ് ബോധവത്കരണത്തിന്റെ ഭാഗമായി ഏറ്റവും വലിയ മനുഷ്യ റെഡ് റിബൺ ചെയിൻ രൂപീകരിച്ച സംസ്ഥാനം ?
  - **ഒഡീഷ**
- ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും പ്രതിരോധകുത്തിവെപ്പു നൽകാൻ കേന്ദ്രസർക്കാർ ആരംഭിച്ച പോർട്ടൽ ?
  - **യു- വിൻ**
  - **കോ- വിൻ പോർട്ടലിനു സമാനം**
- ഇന്ത്യൻ ആർമിയുടേയും ഈജിപ്ഷ്യൻ ആർമിയുടേയും ആദ്യ സംയുക്ത സൈനികാഭ്യാസമായ സൈക്ലോൺ 1-ന് വേദിയാകുന്ന ഇന്ത്യൻ സംസ്ഥാനം ?

- **രാജസ്ഥാൻ**

❖ 2023 ജനുവരിയിൽ സൂര്യനിൽ ദൃശ്യമായ സൗരകളങ്കം ?

- **AR 3190**

❖ അടുത്തിടെ അമേരിക്ക അന്താരാഷ്ട്ര കുറ്റവാളി സംഘങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയ റഷ്യയിലെ അർധസൈനിക വിഭാഗം ?

- **വാഗ്നർ ഗ്രൂപ്പ്**

❖ വൈദ്യുതി വിതരണ ശൃംഖലയിലുണ്ടായ തകരാറുമൂലം 22 കോടിയിലേറെ പേർ ദുരിതത്തിലായ രാജ്യം ?

- **പാകിസ്ഥാൻ**

❖ ഇന്ത്യ-ചൈന അതിർത്തിയിൽ നുഴഞ്ഞുകയറ്റത്തിനെതിരെ മുന്നറിയിപ്പായി വ്യോമസേനയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന അഭ്യാസം ?

- **പ്രളയ്**

❖ ഭക്ഷണം പാകംചെയ്യൽ, വിതരണം, വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2023 ഫെബ്രുവരി ഒന്നുമുതൽ ഹെൽത്ത് കാർഡ് നിർബന്ധമാക്കിയ സംസ്ഥാനം ?

- **കേരളം**

❖ കല്പിത സർവകലാശാലയിൽനിന്ന് സംസ്ഥാന സർവകലാശാലയാക്കുന്നത് ?

- **കേരള കലാമണ്ഡലം**

❖ തമിഴ്നാട്ടിൽ "പുന്നകൈ" എന്ന പേരിൽ നടപ്പാക്കാൻ തീരുമാനിച്ച കേരളത്തിലെ പദ്ധതി ?

- **മന്ദഹാസം**

❖ മന്ദഹാസം പദ്ധതി പകർത്താൻ താൽപര്യമറിയിച്ച ഇന്ത്യൻ സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശം ?

- **തമിഴ്നാട്, അരുണാചൽ പ്രദേശ്, പുതുച്ചേരി**

❖ ആധാർ വോട്ടർപ്പട്ടികയുമായി ബന്ധിപ്പിക്കുന്നതിൽ മികച്ച നേട്ടം കൈവരിച്ച ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ കളക്ടറെ സംസ്ഥാനത്തെ മികച്ച ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായി തിരഞ്ഞെടുത്തു. പേര്, ജില്ല ?

- **കളക്ടർ വി.ആർ. കൃഷ്ണ തേജ, ആലപ്പുഴ**

- തെക്കൻ കേരളത്തിൽ പൈപ്പ് ലൈൻവഴി പാചകവാതക വിതരണം ചെയ്യുന്ന സിറ്റിഗ്യാസ് പദ്ധതിക്ക് ഔദ്യോഗിക തുടക്കം. പദ്ധതിക്കായി എ.ജി. ആൻഡ് പി. പ്രഥം കമ്പനി നിർമ്മിച്ച പ്ലാന്റുകൾ ?
  - **ചേർത്തല (ALP), കൊച്ചുവേളി(TVM)**
- പന്തളം കേരളവർമ്മ കവിതാ പുരസ്കാരം (25000₹) ലഭിച്ചത് ?
  - **കെ. ജയകുമാർ (കവിതാ സമാഹാരം - പിംഗള കേശിനി)**
- വിശ്രുത നർത്തകിയും കേരള കലാമണ്ഡലം ചാൻസലറുമായ മല്ലികാ സാരാഭായിക്ക് നൃത്തപരിപാടി അവതരിപ്പിക്കാൻ കേന്ദ്രസർക്കാർ അനുമതി നിഷേധിച്ചത് എവിടെയാണ് ?
  - **വാറങ്കലിലെ യുനെസ്കോ പൈതൃകസ്മാരകമായ രാമപ്പക്ഷേത്രത്തിൽ**
- അടുത്തിടെ നോറോ വൈറസ് സ്ഥിരീകരിച്ചത് ?
  - **എറണാകുളം**
- ഇന്ത്യൻ ഓപ്പൺ സൂപ്പർ ബാഡ്മിന്റൺ ടൂർണമെന്റിൽ പുരുഷ വിഭാഗത്തിൽ കിരീടം നേടിയത് ?
  - **കുൻലാവുട്ട് വിടിഡ്സരൻ, തായ്ലാൻഡ്**
- ഇന്ത്യൻ ഓപ്പൺ സൂപ്പർ ബാഡ്മിന്റൺ ടൂർണമെന്റിൽ വനിതാ വിഭാഗത്തിൽ കിരീടം നേടിയത് ?
  - **ആൻ സീ യൂങ്, ദക്ഷിണ കൊറിയ**
- റെസ്ലിങ് ഫെഡറേഷൻ ഓഫ് ഇന്ത്യയ്ക്കെതിരേ ഉയർന്ന ഗുരുതര ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ കായിക മന്ത്രാലയം രൂപീകരിച്ച സമിതി അധ്യക്ഷ ?
  - **ഒളിമ്പിക്സ് മെഡൽ ജേതാവ് മേരി കോം**
- പോർച്ചുഗൽ വനിതാ കപ്പ് ക്വാർട്ടർ ഫൈനലിലെ ബെൻഫിക്ക - സ്പോർട്ടിങ് ലിസ്ബൺ മത്സരത്തിനിടെ മത്സരം നിയന്ത്രിച്ച റഫറി കാതറിന കാംപോസ് ബ്രാൻഡിഷെദ് കാണിച്ച കാർഡ് ?
  - **വെള്ള കാർഡ്**
  - **ഡഗ്ഔട്ടിലുണ്ടായിരുന്ന ഒരാൾക്ക് പെട്ടെന്ന് അസുഖം ബാധിച്ചപ്പോൾ ഇരുടീമിലെയും മെഡിക്കൽസംഘം വേഗത്തിൽ പരിചരണത്തിനെത്തി.**

## JAN 25

- ദേശീയ ടൂറിസം ദിനം,ദേശീയ സമ്മതിദായക ദിനം ആചരിക്കുന്നത് ?
  - **ജനുവരി 25**
- കേന്ദ്ര വിലക്ക് മറികടന്ന് പ്രതിപക്ഷ യുവജനസംഘടനകൾ പലയിടത്തും പ്രദർശിപ്പിച്ച ഗുജറാത്ത് കലാപത്തിൽ അന്നത്തെ മുഖ്യമന്ത്രി നരേന്ദ്ര മോദിക്ക് പങ്കുണ്ടെന്ന് ആരോപിക്കുന്ന ബി.ബി.സി. ഡോക്യുമെന്ററി ?
  - **ഇന്ത്യ ദി മോദി ക്വസ്റ്റ്യൻ**
- ഇന്ത്യൻ വാസ്തുവിദ്യാരംഗത്തെ കുലപതിയെന്ന് അറിയപ്പെടുന്ന വ്യക്തി അന്തരിച്ചു. പേര് ?
  - **ഡോ. ബി.വി. ദോഷി(95) (ബാലകൃഷ്ണ വിഠൽദാസ് ദോഷി)**

- ഡോ. ബി.വി. ദോഷിക്ക് വാസ്തുവിദ്യാരംഗത്തെ നൊബേൽ എന്നറിയപ്പെടുന്ന പ്രിറ്റ്സ്കർ പുരസ്ക്കാരം ലഭിച്ച വർഷം ?
  - **2018**
  - **പ്രിറ്റ്സ്കർ പുരസ്ക്കാരം നേടിയ ആദ്യ ഇന്ത്യക്കാരനും സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഏറ്റവും സ്വാധീനം ചെലുത്തിയ ആർക്കിടെക്റ്റുമാണ് അദ്ദേഹം.**
- ബ്രിട്ടീഷ് രാജ്ഞി നേരിട്ട് നൽകുന്ന റോയൽ ഗോൾഡ് മെഡൽ പുരസ്ക്കാരം ഡോ. ബി.വി. ദോഷിക്ക് ലഭിച്ചത് ?
  - **2022 മെയ്**
- ഐ.ഐ.ടി. മദ്രാസ് തദ്ദേശീയമായി വികസിപ്പിച്ച 'ഭരോസ്' പരീക്ഷിച്ചത് ?
  - **കേന്ദ്ര ഐ.ടി. മന്ത്രി അശ്വിനി വൈഷ്ണവ്, വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്രപ്രധാൻ**
- 22 ജാതികളെ എസ്ഇബിസിയുടെ സംസ്ഥാന പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അംഗീകാരം നൽകിയ സംസ്ഥാനം ?
  - **ഒഡീഷ**
- ഉത്തരേന്ത്യയിലെ ഏറ്റവും വലിയ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ഉദ്ഘാടനം ചെയ്തത് എവിടെ, ആര് ?
  - **ചണ്ഡീഗഡിലെ വാട്ടർ വർക്സിൽ 2000kWp ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി;; പഞ്ചാബ് ഗവർണർ ബൻവാരി ലാൽ പുരോഹിത്**

- ഏത് സംസ്ഥാനത്താണ് സസ്യഭുക്കുകളായ ടൈറ്റാനോസോറസ് വിഭാഗത്തിലെ ദിനോസറുകളുടെ മുട്ടകൾ കണ്ടെത്തിയത് ?
  - **മധ്യപ്രദേശ്**
- കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം(CTCRI) പുതിയ ഡയറക്ടറായി നിയമിതനായത് ?
  - **ജി.ബൈജു**
- സൗഹൃദ പൈപ്പ് ലൈൻ വഴി ഏത് രാജ്യത്തേക്കുള്ള ഡീസൽ വിതരണമാണ് ഇന്ത്യ ആരംഭിക്കുന്നത് ?
  - **ബംഗ്ലാദേശ്**
  - **131.5 Km പൈപ്പ് ലൈനിന്റെ നീളം.ഇതിൽ 126.5 Km ബംഗ്ലാദേശിലും അഞ്ച് Km ഇന്ത്യയിലും.**
- വീഡിയോ സ്ട്രീമിങ് കമ്പനിയായ നെറ്റ്ഫ്ലിക്സിന്റെ സഹസ്ഥാപകൻ സി.ഇ.ഒ. സ്ഥാനത്തുനിന്ന് രാജി വെച്ചു. പേര് ?
  - **റീഡ് ഹാസ്റ്റിങ്സ്**
- ആദ്യമായാണ് ഒരു ഇ-കൊമേഴ്സ് കമ്പനി രാജ്യത്ത് ചരക്കുനീക്കത്തിന് സ്വന്തമായി വിമാന സർവീസ് തുടങ്ങുന്നത്. പേര് ?
  - **ആമസോൺ എയർ**
- ഡൽഹി, നോയിഡ, ഗാസിയാബാദ്, ലക്നൗ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ജനുവരി 24 ന് അനുഭവപ്പെട്ട നേരിയ ഭൂചലനത്തിന്റെ തീവ്രത ?
  - **റിക്ടർ സ്കെയിലിൽ 5.8**
  - **പ്രഭവകേന്ദ്രം: നേപ്പാൾ**
- അറബ് സ്പോർട്സ്മാൻ ഓഫ് ദി ഇയർ-2022 പുരസ്കാരം മൊറോക്കോയുടെയും പി.എസ്.ജി.യുടെയും പ്രതിരോധ താരം ?
  - **അഷ്റഫ് ഹക്കീമി**
- ICC യുടെ 2022-ലെ ടെസ്റ്റ് ടീമിൽ ഇന്ത്യയിൽനിന്ന് ഉൾപ്പെട്ട ഏക താരം ?
  - **ഋഷഭ് പന്ത്**
- മൂന്നാം ഏകദിനത്തിൽ ന്യൂസീലൻഡിനെ 90 റൺസിന് തോൽപ്പിച്ച് ഏകദിന റാങ്കിങ്ങിൽ ഒന്നാമത് എത്തിയത് ?
  - **ഇന്ത്യ**
  - **നിലവിൽ ഏകദിന, ടpന്റി20 റാങ്കിങ്ങിൽ ഒന്നാം സ്ഥാനം:: ഇന്ത്യ**

❖ ഏകദിന സെഞ്ചുറികളുടെ എണ്ണത്തിൽ മുൻ ഓസ്ട്രേലിയൻ താരം റിക്കി പോണ്ടിങ്ങിന്റെ റെക്കോഡിന് ഒപ്പമെത്തിയത് ?
   - **രോഹിത് ശർമ(30സെഞ്ചുറി)**
   - **മുന്നിൽ വിരാട് കോഹ്‌ലി, സച്ചിൻ**

❖ കേരള അത്‌ലറ്റിക്സ് അസോസിയേഷൻ സംഘടിപ്പിക്കുന്ന പ്രഥമ സംസ്ഥാന കിഡ്സ് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് ആരംഭിക്കുന്നത് ?
   - **കോലഞ്ചേരി സെയ്ന്റ് പീറ്റേഴ്സ് കോളേജ് ഗ്രൗണ്ട്, 2023 ജനുവരി 25**

❖ തൃശ്ശൂർ ലിറ്ററി ഫോറത്തിന്റെ യൂസഫലി കേച്ചേരി പുരസ്കാരത്തിന് ആലങ്കോട് ലീലാകൃഷ്ണനെ അർഹനാക്കിയ കവിത സമാഹാരം ?
   - **അപ്രത്യക്ഷം**

❖ ഇലഞ്ഞിമേൽ കെ.പി. രാമൻനായർ ഭാഷാപഠനകേന്ദ്രത്തിന്റെ 2022-ലെ മികച്ച മാതൃഭാഷാധ്യാപക പുരസ്ക്കാരത്തിന് (11,111 രൂപ) അർഹയായത് ?
   - **പാലക്കാട് ചിറ്റിലഞ്ചേരി എം.എൻ.കെ.എം. ഹയർ സെക്കൻഡറി സ്കൂൾ മലയാളം അധ്യാപിക ഡോ. എം. സുജാത കുമാരി**

❖ ഓസ്കർ അന്തിമപട്ടികയിൽ ഇന്ത്യയുടെ മൂന്ന് ചിത്രങ്ങൾ ഇടം പിടിച്ചു. മികച്ച ഒറിജിനൽ ഗാന വിഭാഗം ?
   - **നാട്ടു നാട്ടു ....**

❖ ഡോക്യുമെന്ററി ഫീച്ചർ ഫിലിം വിഭാഗത്തിൽ ഇടം നേടിയത് ?
   - **ഓൾ ദാറ്റ് ബ്രീത് സ്**

❖ ഡോക്യുമെന്ററി ഷോർട്ട്ഫിലിം വിഭാഗത്തിൽ ഇടം നേടിയത് ?
   - **ദി എലിഫന്റ് വിസ്പറേഴ്സ്**
   - **(സംവിധാനം:കർത്തികി ഗോൺസാൽവസ്)**

## JAN 26

❖ എത്രാമത് റിപ്പബ്ലിക് ദിനം ആണ് ഇന്ത്യ ആഘോഷിക്കുന്നത് ?
   - **74**

❖ പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. എത്രപേർക്ക് ?
   - **പത്മവിഭൂഷൺ - 6 ,**
   - **പത്മഭൂഷൺ - 9 ,**
   - **പത്മശ്രീ – 91 , (ആകെ – 106 )**

❖ പത്മവിഭൂഷൺ നേടിയത് ആരെല്ലാം ?

01

10th Main Full Syllabus Mock Test

02

5 - 10 SCERT Complete Mock Test

03

Daily Current Affair Updates

04

Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in

- **ഉത്തർപ്രദേശ് മുൻ മുഖ്യമന്ത്രി മുലായം സിങ് യാദവ്,**
- **കർണാടക മുൻമുഖ്യമന്ത്രി എസ്.എം. കൃഷ്ണ,**
- **തബലമാന്ത്രികൻ സാക്കിർ ഹുസൈൻ,**
- **ഒ.ആർ.എസ്സിന്റെ പ്രയോക്താവ് ദിലീപ് മഹലനോബിസ്,**
- **പ്രമുഖ വാസ്തുശില്പി ബാലകൃഷ്ണ ദോഷി,**
- **ശാസ്ത്രജ്ഞൻ ശ്രീനിവാസ് വരദൻ**

❖ പത്മഭൂഷൺ നേടിയത് ആരെല്ലാം ?
- **സുധാ മൂർത്തി,**
- **വ്യവസായി കുമാർ മംഗളം ബിർള,**
- **ഭാഷാശാസ്ത്ര പണ്ഡിതൻ കപിൽ കപൂർ,**
- **കന്നഡ നോവലിസ്റ്റും തിരക്കഥാകൃത്തുമായ എസ് എൽ ഭൈരപ്പ,**
- **പിന്നണി ഗായകരായ വാണി ജയറാം, സുമൻ കല്യാൺ**
- **ഭൗതികശാസ്ത്രജ്ഞൻ ദീപക് ധർ,**
- **തെലങ്കാന ആത്മീയ നേതാക്കളായ സ്വാമി ചിന്ന ജീയാർ, കമലേഷ് ഡി പട്ടേൽ.**

❖ പത്മശ്രീ പുരസ്കാരം ലഭിച്ച മലയാളികൾ ?
- **സ്വാതന്ത്ര്യസമരസേനാനിയും ഗാന്ധിയനുമായ കണ്ണൂർ സ്വദേശി വി.പി. അപ്പുക്കുട്ടൻ പൊതുവാൾ,**
- **പരമ്പരാഗത നെൽവിത്തുസംരക്ഷകൻ വയനാട് സ്വദേശി ചെറുവയൽ രാമൻ,**
- **ചരിത്രകാരനും വിദ്യാഭ്യാസ വിദഗ്ധനുമായ സി.ഐ. ഐസക്,**
- **കളരിപ്പയറ്റ് ആചാര്യൻ എസ്.ആർ.ഡി. പ്രസാദ്**

❖ പരംവിശിഷ്ട സേവാ മെഡൽ നേടിയ മലയാളി ?
- **ലെഫ്റ്റനന്റ് ജനറൽ പ്രദീപ് ചന്ദ്രൻ നായർ**

❖ രണ്ടാംവട്ടവും അതിവിശിഷ്ടസേവാ മെഡലിന് അർഹനായ മലയാളി ?
- **മേജർ ജനറൽ കെ. നാരായണൻ**

❖ ഇന്ത്യൻ റീഡേഴ്സ് ഫോറം കേരള ചാപ്റ്ററിന്റെ കെ.പി. കേശവമേനോൻ പുരസ്കാരം ലഭിച്ചത് ?
- **എം.പി. സൂര്യദാസ്**

❖ തായാട്ട് ശങ്കരൻ പുരസ്കാരം ദേശാഭിമാനി ന്യൂസ് എഡിറ്റർ ?

- **പി.വി. ജീജോ**

❖ ശ്രീ സ്വാതി തിരുനാൾ സംഗീതവേദിയുടെ സംഗീത പുരസ്കാരം നേടിയ ഗായകൻ ?

- **പി. ജയചന്ദ്രൻ**
- **ഒരു ലക്ഷം ₹യും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.**

❖ മികച്ച ഗാന്ധിമാർഗ പ്രവർത്തകനുള്ള കെ.ജനാർദനൻപിള്ള പുരസ്കാരം(15000₹) നേടിയ എഴുത്തുകാരൻ ?

- **കെ.അരവിന്ദാക്ഷൻ**

❖ കുടുംബശ്രീ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന അയൽക്കൂട്ട സംഗമം ?

- **ചുവട് 2023**

❖ മാധ്യമമേഖലയിലെ മികവിന് മുതിർന്ന മാധ്യമപ്രവർത്തകർക്കു സർക്കാർ നൽകുന്ന പുരസ്കാരമായ 2020-ലെ സ്വദേശാഭിമാനി കേസരി പുരസ്കാരം ലഭിച്ചത് ?

- **എസ്.ആർ. ശക്തിധരൻ**
- **ഒരു ലക്ഷം ₹യും കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത ശില്പവുമടങ്ങുന്നതാണ് പുരസ്കാരം.**

❖ സുകുമാർ അഴീക്കോട് സ്മരണക്കായി എല്ലാവർഷവും 7 ദിവസം നീളുന്ന സാംസ്കാരികോത്സവം നടത്തുമെന്ന് പ്രഖ്യാപിച്ചത് ?

- **സജി ചെറിയാൻ, സാംസ്കാരിക വകുപ്പ് മന്ത്രി**

❖ നവീകരിച്ച സുകുമാർ അഴീക്കോട് സ്മാരകം സ്ഥിതി ചെയ്യുന്നത് ?

- **എരവിമംഗലം, തൃശൂർ**

❖ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ (VISL) മാനേജിങ് ഡയറക്ടറായി നിയമിതനാവുന്നത് ?

- **ഗോപാലകൃഷ്ണൻ കെ.**

❖ ആകാശമിട്ടായി എന്ന പേരിൽ ബേപ്പൂരിൽ സ്മാരകം ഒരുങ്ങുന്നത് ആരുടെ പേരിൽ ?

- **വൈക്കം മുഹമ്മദ് ബഷീർ**

❖ തദ്ദേശീയമായി വികസിപ്പിച്ച 5G, 4G സാങ്കേതികവിദ്യ ഈ വർഷം പുറത്തിറക്കുമെന്നും അടുത്ത വർഷം മുതൽ ഇതു മറ്റു രാജ്യങ്ങൾക്കു നൽകുമെന്നും പ്രസ്താവിച്ചത് ?

- **കേന്ദ്ര ടെലികോം മന്ത്രി അശ്വിനി വൈഷ്ണവ്**

❖ 2023-ലെ സരസ് കരകൗശല മേളയുടെ വേദി ?

- **ജമ്മു കാശ്മീർ**

❖ ഭൂമിയുടെ ഉൾക്കാമ്പായ ഇന്നർ കോർ ഇടയ്ക്ക് കറക്കം നിർത്തിയെന്നും അതുവരെ കറങ്ങിയ ദിശ മാറി തിരിച്ച് കറങ്ങിയെന്നും കണ്ടെത്തിയ ചൈനീസ് ശാസ്ത്രജ്ഞർ ?

- **യി യാങ്ങ്, ഷിയാ ഡോങ്ങ് സോങ്ങ്**

❖ ഭിന്നശേഷിക്കാരനായ അമേരിക്കൻ കായികതാരം സിയോൺ ക്ലാർക്ക് ഗിന്നസ് റെക്കോഡ് നേടിയത് എങ്ങനെ ?

- **കൈകൾ കൊണ്ട് 20 മീറ്റർ ദൂരം 4.78 സെക്കന്റ് കൊണ്ട് ഓടിക്കയറി.**

❖ പോർച്ചുഗൽ ഫുട്ബോൾ ടീമിന്റെ മുൻ കോച്ച് ഫെർണാണ്ടോ സാന്റോസിനെ മുഖ്യ പരിശീലകനായി നിയമിച്ചത് ?

- **പോളണ്ട്**

❖ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ ഏകദിന ബൗളിങ് റാങ്കിങ്ങിൽ ഒന്നാംസ്ഥാനത്ത് എത്തിയ ഇന്ത്യൻ താരം ?

- **മുഹമ്മദ് സിറാജ്**

❖ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ ട്വന്റി 20 ക്രിക്കറ്റർ ഓഫ് ദ ഇയർ അവാർഡിന് അർഹനായത് ?

- **സൂര്യ കുമാർ യാദവ്**

❖ വനിതാ ക്രിക്കറ്റിലെ എമർജിങ് പ്ലെയറായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ താരം ?

- **രേണുക സിങ് താക്കൂർ**

❖ വനിത പ്രീമിയർ ലീഗ് ക്രിക്കറ്റിലെ അഞ്ച് ടീമുകളുടെ വിൽപ്പനവഴി ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡിന് ലഭിച്ചത് ?

- **4669.99 കോടി ₹**

❖ ഈ വർഷത്തെ സൂപ്പർ കപ്പ് ഫുട്ബോളിനു വേദിയാകുന്നത് ? **കേരളം**

❖ ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഡെക്കാത്‌ലണിൽ സ്വർണം നേടിയ ഇന്ത്യൻ താരം അടുത്തിടെ അന്തരിച്ചു. പേര് ?

- **സാബിർ അലി**

❖ 2023 ഏപ്രിലിൽ വിക്ഷേപിക്കുന്ന JUICE ദൗത്യം ആരുടേതാണ് ?

- **യൂറോപ്യൻ ബഹിരാകാശ ഏജൻസി (JUICE- Jupiter Icy moons Explorer).**
- **വ്യാഴത്തിന്റെ മൂന്ന് പ്രധാന ഉപഗ്രഹങ്ങളായ ഗാനിമീഡ്, യൂറോപ്പ്, കാലിസ്റ്റോ എന്നിവയെക്കുറിച്ച് പഠിക്കുകയാണ് ദൗത്യം.**

## JAN 27

- അന്താരാഷ്ട്ര കസ്റ്റംസ് ദിനം ആചരിക്കുന്നത് ?
    - **ജനുവരി 26**
- റിപ്പബ്ലിക് ദിന ആഘോഷങ്ങളുടെ ഭാഗമായി 2023 ജനുവരി 26 മുതൽ 31 വരെ ഡൽഹിയിലെ ചെങ്കോട്ടയിൽ കേന്ദ്ര ടൂറിസം മന്ത്രാലയം സംഘടിപ്പിക്കുന്ന മെഗാ ഇവന്റ് ?
    - **ഭാരത് പർവ്**
- 2023-ലെ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് കീർത്തിചക്ര നേടിയവരുടെ എണ്ണം ?
    - **6**
- അടുത്തിടെ ഓറഞ്ച് ഫെസ്റ്റിവലിന്റെ മൂന്നാം പതിപ്പ് നടന്ന ഇന്ത്യൻ സംസ്ഥാനം ?
    - **നാഗാലാൻഡ്**
- ഇന്ത്യയിലെ ആദ്യകാല പാരിറ്റബിൾ ഫൗണ്ടേഷനുകളിൽ ഒന്നായ ടാറ്റ ട്രസ്റ്റിന്റെ സി.ഇ.ഒ. ആയി നിയമിതനായത് ?
    - **സിദ്ധാർഥ് ശർമ**
- 2023 ൽ പത്മ പുരസ്കാരം ലഭിച്ചവരിൽ വനിതകളുടെ എണ്ണം ?
    - **19**
- "ആധാർ ഫോർ ലാന്റ്" എന്ന് അറിയപ്പെടുന്ന യുണീക്ക് ലാൻഡ് പാഴ്സൽ ഐഡന്റിഫിക്കേഷൻ നമ്പർ (യുഎൽപിഎൻ) അടുത്തിടെ പുറത്തിറക്കിയത് ?
    - **ലഡാക്ക്, ലെഫ്റ്റനന്റ് ഗവർണർ ആർ കെ മാത്തൂർ**
- 2023 ഓഗസ്റ്റിൽ നടക്കുന്ന SCO (Shanghai Cooperation Org) മീറ്റിംഗ് ഏത് രാജ്യത്തിന്റെ ചെയർമാൻഷിപ്പിലാണ് ?
    - **ഇന്ത്യ**
- അടുത്തിടെ ഭോപ്പാലിൽ നടന്ന എട്ടാമത് ഇന്ത്യൻ ഇന്റർനാഷണൽ സയൻസ് ഫിലിം ഫെസ്റ്റിവലിൽ പ്രത്യേക ജൂറി പുരസ്കാരം നേടിയ ഡോക്യുമെന്ററി ?
    - **ആനന്ദവനത്തിലെ വിസ്മയങ്ങൾ**
- ഇന്ത്യൻ ഇന്റർനാഷണൽ സയൻസ് ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കപ്പെട്ട മലയാളിയുടെ പേരിലുള്ള ഓർക്കിഡ് ?
    - **അരാൻഡ സതീഷ് കുമാർ**
- ഇന്ത്യാസ് നോളജ് സുപ്രിമസി എന്ന പുസ്തകത്തിന്റെ രചയിതാവ് ?
    - **ഡോ. അശ്വിൻ ഫെർണാണ്ടസ്**

- സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2022-ലെ ബാലസാഹിത്യ പുരസ്കാരം നേടിയ കഥ ?
    - **അമ്മ മണമുള്ള കനിവുകൾ (രചയിതാവ് - ഇ.എൻ. ഷീജ)**
    - **കവിത -മനോജ് മണിയൂർ (ചിമ്മിനിവെട്ടം)**
    - **ആത്മകഥ - സുധീർ പൂച്ചാലി (മാർക്കോണി)**
    - **നാടകം -ഡോ. നെത്തല്ലൂർ ഹരികൃഷ്ണൻ (കായലമ്മ)**
- കമ്മ്യൂണിസ്റ്റ് നേതാവും പരിസ്ഥിതി പ്രവർത്തകനുമായിരുന്ന കെ.വി.സുരേന്ദ്രനാഥിന്റെ പേരിലുള്ള പുരസ്കാരം നേടിയത് ?
    - **അംബികാ സുതൻ മാങ്ങാട്**
    - **(കൃതി - എൻഡോസൾഫാൻ നിലവിളികൾ അവസാനിക്കുന്നില്ല)**
- പോപ്പ് ഇതിഹാസം മൈക്കിൾ ജാക്സന്റെ ജീവിതം ആസ്പദമാക്കി നിർമിക്കുന്ന സിനിമ
    - **മൈക്കൽ (സംവിധാനം: അന്റോയിൻ ഫ്യൂക)**
- 50,000 വർഷങ്ങൾക്കുശേഷം വീണ്ടും ഭൂമിക്കരികിൽ എത്തുന്ന വാൽനക്ഷത്രം ?
    - **സി /2022 E3**
    - **2022 മാർച്ചിലാണ് കാലിഫോർണിയയിലെ പലോമർ വാനനിരീക്ഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ സ്വിക്കി ട്രാൻസിയന്റ് സംവിധാനമുപയോഗിച്ച് ഇതിനെ കണ്ടെത്തിയത്. ഫെബ്രുവരി ഒന്ന്, രണ്ട് തീയതികളിൽ വടക്കൻ ചക്രവാളത്തിൽ 2.7 കോടി മൈൽ അകലെയായി ഈ നക്ഷത്രത്തെ കൂടുതൽ വ്യക്തമായി കാണാം.**
- ഈ വർഷത്തെ പുരുഷ ക്രിക്കറ്റർ, പുരുഷ ഏകദിന ക്രിക്കറ്റർ ഓഫ് ദ ഇയർ അവാർഡുകൾ നേടിയത് ?
    - **ബാബർ അസം (പാകിസ്ഥാൻ)**
- ഈ വർഷത്തെ വനിതാ ഏകദിന ക്രിക്കറ്റർ, വനിതാ ക്രിക്കറ്റർ ഓഫ് ദ ഇയർ അവാർഡുകൾ നേടിയത് ?
    - **നാറ്റ് സ്കീവർ (ഇംഗ്ലണ്ട്)**
- അമ്പയർ ഓഫ് ദ ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടത് ?
    - **റിച്ചാർഡ് ഇല്ലിംഗ്വർത്ത് (ഇംഗ്ലണ്ട്)**

## JAN 28

- ഡേറ്റാ സയൻസ്, ഇലക്ട്രോണിക്സ് നിർമ്മാണം എന്നിവയിലെ ഗവേഷണത്തിന് കേരള ഡിജിറ്റൽ സർവകലാശാലയുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ച സ്ഥാപനം ?
  - **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആന്റ് റിസർച്ച് (IISER)**
- കേരള കാർഷിക സർവകലാശാലയുടെ വൈസ് ചാൻസലറായി വീണ്ടും നിയമിതയായത് ?
  - **ഡോ. കെ. ആര്യ**
- ആഴത്തിലേക്ക് മുങ്ങിത്താണ മൂന്നു ജീവനുകളെ ജീവിതത്തിലേക്ക് കൈപിടിച്ചു കയറ്റിയ സാഹസികതയ്ക്ക് രാഷ്ട്രപതിയുടെ ഉത്തം ജീവൻ രക്ഷാപഥക് പുരസ്കാരം ലഭിച്ച 13-കാരൻ ?
  - **അതുൽ ബിനീഷ് (ആലപ്പുഴ കാവാലം സ്വദേശി)**

- 2023 ൽ ആരംഭിച്ച പ്രഥമ കിഡ്സ് അത്‌ലറ്റിക്സിൽ ജേതാക്കളായ ജില്ല ?

  **പാലക്കാട്**
- ചെസ് ഹൗസ്ബോട്ട് 2023 രാജ്യാന്തര ചെസ് മത്സരത്തിൽ ജേതാവായ യുഎസ് താരം ?
  - **ജോൺ ടൗസൻ**
  - **കേരളത്തിന്റെ യുവതാരം പ്രശാന്ത് സുഗതൻ റണ്ണറപ്പായി. ചെസ് ഒളിമ്പ്യൻ എൻ.ആർ. അനിൽ കുമാർ മൂന്നാമതെത്തി.**
- അഖിലേന്ത്യ അന്തർ സർവകലാശാല വനിതാ വെയ്റ്റ്ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നത് ?
  - **കാലിക്കറ്റ് സർവകലാശാല**
- ബയോടെക്നോളജി ഇൻഡസ്ട്രി റിസർച്ച് അസിസ്റ്റൻസുമായി സഹകരിച്ച് ഭാരത് ബയോടെക് ഇന്റർനാഷണൽ ലിമിറ്റഡ് (BBIL) വികസിപ്പിച്ച ലോകത്തിലെ ആദ്യത്തെ ഇൻട്രാനേസൽ COVID-19 വാക്സിൻ പുറത്തിറക്കിയത് ?
  - **കേന്ദ്ര ആരോഗ്യമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ**
  - **INNCOVACC**
- ജൽ ജീവൻ മിഷന്റെ കീഴിലുള്ള "ഹർ ഘർ നൽ സേ ജൽ" പദ്ധതി പൂർത്തിയാകുന്നത് ?
  - **2024 ഓടെ**

- നൂറിലേറെ രാജ്യങ്ങളിൽ റിലീസ് ചെയ്യുന്ന ആദ്യ ഇന്ത്യൻ ചിത്രം എന്ന റെക്കോഡുമായി പ്രദർശനത്തിനെത്തിയ സിനിമ ?
  - **പഠാൻ**
- 'ഏറ്റവും ഉയർന്ന പ്ലാറ്റിനം റേറ്റിംഗുള്ള ഗ്രീൻ റെയിൽവേ സ്റ്റേഷൻ സർട്ടിഫിക്കേഷൻ' അടുത്തിടെ ലഭിച്ച റെയിൽവേ സ്റ്റേഷൻ ?
  - **വിശാഖപട്ടണം റെയിൽവേ സ്റ്റേഷൻ**
- 30-ാമത് ദേശീയ ബാലശാസ്ത്ര കോൺഗ്രസ് നടക്കുന്നത് ?
  - **2023 ജനുവരി 27-31, ഗുജറാത്തിലെ അഹമ്മദാബാദിൽ**
- 30-ാമത് ദേശീയ ബാലശാസ്ത്ര കോൺഗ്രസിന്റെ പ്രമേയം ?
  - **Understanding Ecosystem for Mental and Wellbeing**
- ഇന്ത്യയുടെ ആദ്യ സൗരദൗത്യമായ ആദിത്യ എൽ 1 വിക്ഷേപണത്തിനൊരുങ്ങുന്നു. ഏത് റോക്കറ്റ്, എന്ന് ??
  - **പി.എസ്.എൽ.വി. റോക്കറ്റിൽ, 2023 ജൂൺ -ജൂലൈ**
- ഇസ്ലാംഭീതി തടയാനും രാജ്യത്തെ മുസ്ലിം ജനതയെ സംരക്ഷിക്കാനും പദ്ധതി ആസൂത്രണം ചെയ്യാനുമായി ഉപദേശകയെ നിയമിച്ച രാജ്യം ?
  - **കാനഡ**
  - **പേര്- അമീറ എൽഘവാബി**
- കടുത്ത സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന പാകിസ്ഥാനിൽ കഴിഞ്ഞ ഒരു ദിവസംകൊണ്ട് രൂപയുടെ മൂല്യം കുത്തനെ താഴേക്ക്. ഡോളറുമായുള്ള മൂല്യം ?
  - **ഒരു ഡോളർ = 252 പാക് രൂപ**
- അടുത്തിടെ ഫ്രാൻസിലെ ലിയോണിൽ നടന്ന പേസ്ട്രി ലോകകപ്പിൽ കിരീടം നേടിയ രാജ്യം ?
  - **ജപ്പാൻ**
- 2022 ലെ ഏറ്റവും മികച്ച ട്വന്റി20 വനിതാ ക്രിക്കറ്റ് താരമായി ഐസിസി തിരഞ്ഞെടുത്തത് ?
  - **തഹലിയ മഗ്രാത് (ഓസ്ട്രേലിയ)**
- 2022 ലെ സർ ഗാർഫീൽഡ് സോബേഴ്സ് ട്രോഫി നേടിയ താരം ?
  - **ബാബർ അസം (പാകിസ്ഥാൻ)**
- 2023 ജനുവരിയിൽ ടെന്നീസിൽ നിന്നും വിരമിച്ച ഇന്ത്യൻ വനിതാ താരം ?
  - **സാനിയ മിർസ**

- ലോകകപ്പ് ഹോക്കി ഫൈനൽ നടക്കുന്നത് ?
    - **ജർമനി - ബെൽജിയം**
- പ്രഥമ അണ്ടർ 19 വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ന്യൂസീലൻഡിനെ തോൽപ്പിച്ച് ഫൈനലിൽ കടന്നത് ?
    - **ഇന്ത്യ**

## JAN 29

- ലോകമെമ്പാടും ഡാറ്റ പ്രൈവസി ദിനം ആയി ആചരിക്കുന്നത് ?
    - **ജനുവരി 28**
- ഈ വർഷത്തെ ഡാറ്റ പ്രൈവസി ദിനത്തിന്റെ പ്രമേയം ?
    - **Think Privacy First**
- അടുത്ത എട്ട് മുതൽ പത്ത് വർഷത്തിനുള്ളിൽ പ്രതിവർഷം 12 ചീറ്റകളെ എത്തിക്കാൻ ധാരണാപത്രത്തിൽ (MOU) ഒപ്പുവെച്ചത് ?
    - **ഇന്ത്യ & ദക്ഷിണാഫ്രിക്ക**
- 15-ാമത് ബ്രിക്സ് ഉച്ചകോടിക്ക് ദക്ഷിണാഫ്രിക്ക ആതിഥേയത്വം വഹിക്കുന്നത് ?
    - **2023 ഓഗസ്റ്റിൽ**
- ഹെകാഷെപ്സ് എന്ന പേരുള്ള ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന മമ്മി കണ്ടെത്തിയത് ?
    - **ഈജിപ്ത്**
- പല നിറങ്ങളിലുള്ളതും ദീർഘചതുരാകൃതിയുള്ളതുമായ പുതിയ ക്യു. ആർ. കോഡുകൾ അവതരിപ്പിക്കുമെന്ന് പ്രസ്താവിച്ചത് ?
    - **ജാപ്പനീസ് എൻജിനിയർ ആയ മസാഹിരോ ഹര**
    - **ഇദ്ദേഹം ആണ് QR Code കണ്ടുപിടിച്ചത് - Quick Response Code.**
- റഷ്യൻ സർക്കാർ ഏർപ്പെടുത്തിയ ദസ്തയോവ്സ്കി മെഡലിന് അർഹയായ തിരുവനന്തപുരം റഷ്യൻ ഹൗസ് ഡെപ്യൂട്ടി ഡയറക്ടർ ?
    - **കവിതാ നായർ**
- പ്രമുഖരുടെ കെട്ടിടങ്ങളുടെ ചരിത്രപരമായ പ്രാധാന്യത്തെ മാനിക്കാൻ ഇംഗ്ലീഷ് ഹെറിറ്റേജ് ചാരിറ്റി നടത്തിവരുന്ന പദ്ധതി ?
    - **നീലഫലക പദ്ധതി**
- അടുത്തിടെ നീലഫലക പദ്ധതി നൽകിയത് ?

- **ബ്രിട്ടീഷ് - ഇന്ത്യൻ രാജകുമാരി സോഫിയ ദുലീപ് സിങ്ങിന്റെ സ്മരണയ്ക്കായി അവരുടെ വസതിക്ക്**

❖ ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ പോയിന്റ് ഓഫ് ലൈറ്റ് പുരസ്കാരം ലഭിച്ച ഇന്ത്യൻ വംശജൻ ?

- **നവ്ജ്യോത് സാവിനി**

❖ മൂന്നാമത് ഇന്റർപോൾ യംഗ് ഗ്ലോബൽ പോലീസ് ലീഡേഴ്സ് പ്രോഗ്രാം നടക്കുന്നത് ?

- **2023 ജനുവരി 25 മുതൽ ഫെബ്രുവരി 2 വരെ ന്യൂഡൽഹിയിൽ**

❖ 2023 ജനുവരി മുതൽ മാർച്ച് വരെ നീളുന്ന ഇന്ത്യൻ നേവിയുടെ സൈനിക അഭ്യാസം ?

- **ട്രോപെക്സ് 2023**

❖ യുഎസ് എയർഫോഴ്സ് ബ്രിഗേഡിയർ ജനറലായി പ്രസിഡന്റ് ജോ ബൈഡൻ നാമനിർദ്ദേശം ചെയ്ത ഇന്ത്യൻ-അമേരിക്കൻ ബഹിരാകാശ സഞ്ചാരി ?

- **രാജാ ജെ. ചാരി**

❖ അടുത്തിടെ സൈനികർക്ക് വേണ്ടി വിക്രം ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ച ബാങ്ക് ?

- **ബാങ്ക് ഓഫ് ബറോഡ**

❖ ഏഷ്യയിലെ രണ്ടാമത്തേതും രാജ്യത്തെ ആദ്യത്തെതുമായ കേബിൾ തൂക്കുപാലമായ "ബജ്രംഗ് സേതു" ഉത്തരാഖണ്ഡിലെ ഋഷികേശിൽ പൂർത്തിയാകുന്നത് ?

- **2023 ജൂലൈ**

❖ ഐ ജി ഡ്രോൺസ് എന്ന സ്റ്റാർട്ട് സ്ഥാപനം നിർമ്മിച്ച ഇന്ത്യയിലെ ആദ്യത്തെ 5G ഡ്രോൺ ?

- **Skyhawk**

❖ പരിശീലനപ്പറക്കലിനിടെ മധ്യപ്രദേശിൽ വ്യോമസേനയുടെ രണ്ട് യുദ്ധവിമാനങ്ങൾ തകർന്നുവീണു. ഏതെല്ലാം ?

- **സുഖോയ്-30 എം.കെ.ഐ., മിറാഷ്-2000**

❖ മിറാഷ് വിമാനം പറത്തിയ പൈലറ്റ് മരിച്ചു. പേര് ?

- **വിങ് കമാൻഡർ ഹനുമന്ത് റാവു സാരഥി**
- **സുഖോയ് വിമാനം പറത്തിയ രണ്ടു പൈലറ്റുമാർ പാരച്യൂട്ടിന്റെ സഹായത്തോടെ പുറത്തേക്കു കുതിച്ച് പരിക്കുകളോടെ രക്ഷപ്പെട്ടു.**

❖ "മുഗൾ ഗാർഡൻ" എന്ന പേരിൽ പ്രശസ്തമായ രാഷ്ട്രപതി ഭവനിലെ പൂന്തോട്ടങ്ങളുടെ പേര് പുനർനാമകരണം ചെയ്തു. പേര് ?

- **അമൃത് ഉദ്യാൻ**

- ഇൻക്ലൂസീവ് ഫിനാൻസ് ഇന്ത്യ അവാർഡ്സ് 2022 നേടിയ കേരളത്തിൽ നിന്നുള്ള ബാങ്ക് ?
    - **ഇസാഫ് (ഇവാഞ്ചലിക്കൽ സോഷ്യൽ ആക്ഷൻ ഫോറം)**
- ലോകത്തിലെ ഏറ്റവും മികച്ച അഞ്ച് ബിസിനസ് ഇൻകുബേറ്ററുകളിലൊന്നായി തിരഞ്ഞെടുക്കപ്പെട്ടത് ?
    - **കേരള സ്റ്റാർട്ടപ്പ് മിഷൻ**
- കേന്ദ്രസാഹിത്യ അക്കാദമി വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടാൻ സാധ്യത ഉള്ളത് ?
    - **സി. രാധാകൃഷ്ണൻ**
- ഓസ്ട്രേലിയൻ ഓപ്പൺ ടെന്നിസ് വനിതാവിഭാഗം കിരീടം നേടിയത് ?
    - **ആര്യാന സബലേങ്ക (ബെലാറസ്)**
    - **ഫൈനലിൽ കസഖിസ്ഥാന്റെ വിംബിൾഡൺ ചാമ്പ്യൻ എലെന റിബാക്കിനയെ തോൽപ്പിച്ചു.**
- കിരീട നേട്ടത്തോടെ ലോക രണ്ടാം നമ്പർ താരം ആയത് ?
    - **ആര്യാന സബലേങ്ക**
- ഗ്രാൻഡ്സ്ലാം നേടുന്ന ആദ്യ നിഷ്പക്ഷ അത്‌ലറ്റ് ആയത് ?
    - **ആര്യാന സബലേങ്ക**
    - **ബെലാറസ് പതാകയ്ക്ക് വിലക്കുള്ളതിനാൽ സബലേങ്ക നിഷ്പക്ഷപതാകയ്ക്കു കീഴിലാണ് കളിച്ചത്.**

## JAN 30

- ഇന്ത്യയിലുടനീളം രക്തസാക്ഷി ദിനം ആചരിക്കുന്നത് ?
    - **ജനുവരി 30**
    - **മഹാത്മാഗാന്ധിയുടെ ചരമവാർഷികം.**
- പോലീസുകാരന്റെ വെടിയേറ്റ് കൊല്ലപ്പെട്ട ഒഡീഷ ആരോഗ്യ കുടുംബക്ഷേമ മന്ത്രി ?
    - **നബ കിഷോർ ദാസ് (60)**
    - **എ.എസ്.ഐ. ഗോപാൽ ദാസാണ് വെടിയുതിർത്തത്.**
- വസന്തകാലത്തോടനുബന്ധിച്ച് രാഷ്ട്രപതിഭവനിലെ പൂന്തോട്ടങ്ങൾ തുറക്കുന്ന ഉദ്യാനോത്സവം 2023 ഉദ്ഘാടനം ചെയ്തത് ?
    - **ദ്രൗപദി മുർമു**
- മധ്യപ്രദേശിലെ ഹോഷംഗബാദ് റെയിൽവേ സ്റ്റേഷന്റെ പുതിയ പേര് ?
    - **നർമദാപുരം**

- ലോക കുഷ്ഠരോഗ ദിനം (ജനുവരി 29,2023) ന്റെ പ്രമേയം ?
  - **Act Now. End Leprosy.**
- അമുലിന്റെ ചെയർമാനായി നിയമിതനായത് ?
  - **ഷമൽഭായ് ബി. പട്ടേൽ**
- അമുലിന്റെ വൈസ് ചെയർമാനായി നിയമിതനായത് ?
  - **വലംജിഭായ് ഹമ്പൽ**
- ജനുവരി 27 മുതൽ ഖാദി ഫെസ്റ്റ്-23 നടക്കുന്നത് ?
  - **മുംബൈ**
- അടുത്തിടെ 165 വെറ്ററിനറി ആംബുലൻസുകൾ ഫ്ലാഗ് ഓഫ് ചെയ്തത് ?
  - **ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി YS ജഗൻമോഹൻ റെഡ്ഡി**
- സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള സ്ത്രീകൾക്ക് മാസം 1000₹ നൽകുന്ന ലാഡ്‌ലി ബഹ്ന പദ്ധതിക്ക് തുടക്കം കുറിച്ചത് ?
  - **മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ**
- അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർവകലാശാലാ ഭൂമി തിരികെ നൽകണമെന്നാവശ്യപ്പെട്ട് ശാന്തിനികേതനിലെ വിശ്വഭാരതി സർവകലാശാല കത്തയച്ചത് ഏത് നോബൽ സമ്മാന ജേതാവിനാണ് ?
  - **അമർത്യാ സെൻ**
- ചെക്ക് റിപ്പബ്ലിക്കിന്റെ പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട നാറ്റോ മിലിട്ടറി കമ്മിറ്റിയുടെ മുൻ ചെയർമാൻ ?
  - **പീറ്റർ പവൽ**
- 2023 ജനുവരി 29 മുതൽ 31 വരെ ഇന്ത്യ സന്ദർശിക്കുന്ന യുഎൻ ജനറൽ അസംബ്ലി പ്രസിഡന്റ് ?
  - **സബ കൊറോസി**
- യുനെസ്കോ ഉക്രെയ്നിലെ കരിങ്കടൽ തീരത്തെ തന്ത്രപ്രധാനമായ ഏത് തുറമുഖ നഗരത്തെയാണ് World Heritage in Danger site ആയി പരിഗണിച്ചത് ?
  - **ഒഡെസ (Odesa)**
- നികുതികാര്യങ്ങളുമായി ബന്ധപ്പെട്ട് നേരിട്ട അന്വേഷണത്തെക്കുറിച്ച് തുറന്നു പറയാത്തതിൽ ഋഷി സുനക് പുറത്താക്കിയ ബ്രിട്ടീഷ് കാബിനറ്റ് മന്ത്രിയും കൺസർവേറ്റീവ് പാർട്ടി ചെയർമാനുമായ വ്യക്തി ?
  - **നദീം സഹാവി**

- 2023-ൽ ഇന്ത്യയുടെ വളർച്ച 5.8 ശതമാനമായി കുറയുമെന്ന് പ്രവചിച്ചത് ?
  - **യുഎൻ**
- ഹൈദരാബാദ് ആസ്ഥാനമായുള്ള നവരത്ന ഖനന പൊതുമേഖലാ സ്ഥാപനമായ എൻഎംഡിസി ബ്രാൻഡ് അംബാസഡറായി നിയമിച്ചത് ?
  - **നിഖാത് സരീൻ**
- പത്താം തവണയും ഓസ്ട്രേലിയൻ ഓപ്പൺ കിരീടം നേടിയത് ?
  - **നൊവാക് ജോക്കോവിച്ച് (സെർബിയ)**
- 2023 ലെ ഓസ്ട്രേലിയൻ ഓപ്പണിൽ ഫൈനലിൽ സ്റ്റെഫാനോസ് സിറ്റ്സിപാസിനെ കീഴടക്കി 22-ാം ഗ്രാൻഡ്സ്ലാം കിരീടം നേടി റാഫേൽ നഡാലിനൊപ്പം എത്തിയത് ?
  - **നൊവാക് ജോക്കോവിച്ച്**
- മെൽബൺ പാർക്കിലെ പത്താം കിരീടത്തോടെ ലോക ഒന്നാം നമ്പർ പദവി സ്വന്തമാക്കിയത് ?
  - **നൊവാക് ജോക്കോവിച്ച്**
- പ്രഥമ അണ്ടർ 19 വനിതാ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ഫൈനലിൽ ഇംഗ്ലണ്ടിനെ ഏഴ് വിക്കറ്റിന് തോൽപ്പിച്ച് കിരീടം നേടിയത് ?
  - **ഇന്ത്യ**
  - **ആദ്യമായാണ് ഇന്ത്യയുടെ ഒരു വനിതാ ടീം ലോകകപ്പ് സ്വന്തമാക്കുന്നത്.**
- പ്രഥമ അണ്ടർ 19 വനിതാ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പ് കിരീടം നേടിയ ഇന്ത്യൻ ടീമിന്റെ ക്യാപ്റ്റൻ, കോച്ച്, മലയാളി താരം ???
  - **ഷഫാലി വർമ, നൂഷിൻ അൽ ഖദീർ, സി.എം.സി. നജ്ല**
- പെനാൽട്ടി ഷൂട്ടൗട്ടിലേക്ക് നീണ്ട ഫൈനലിൽ നിലവിലെ ചാമ്പ്യൻമാരായ ബെൽജിയത്തെ 5-4 ന് കീഴടക്കി 15ആമത്(2023) പുരുഷ ഹോക്കി ലോകകപ്പ് കിരീടം നേടിയത് ?
  - **ജർമനി (ഇന്ത്യയ്ക്ക് 9ആം സ്ഥാനം)**
- അമേരിക്കൻ മലയാളികളുടെ സംഘടനയായ ഫൊക്കാനയുടെ മികച്ച എം.പിയ്ക്കുള്ള പുരസ്കാരം നേടിയത് ?
  - **ജോൺ ബ്രിട്ടാസ്**
  - **എംഎൽഎ - തിരുവഞ്ചൂർ രാധാകൃഷ്ണൻ**
- 2021-22-ലെ കേരള സംസ്ഥാന ജൈവവൈവിധ്യ പുരസ്കാരങ്ങളിൽ മികച്ച ഹരിത വ്യക്തിയായി തിരഞ്ഞെടുക്കപ്പെട്ടത് ?

- **കെ. ജി. രമേശ്**

## JAN 31

❖ 2023 ലെ റിപബ്ലിക് ദിന പരേഡിൽ ഡൽഹി പോലീസിനെ നയിച്ച മലയാളി ഐ.പി.എസ്. ഉദ്യോഗസ്ഥ ?
- **ശ്വേത കെ. സുഗതൻ**

❖ 2023 ൽ കേരളത്തിൽ നടപ്പിലാക്കപ്പെടുന്ന ഭക്ഷ്യസുരക്ഷാ പദ്ധതി ?
- **കേരളം സുരക്ഷിത ഭക്ഷണ ഇടം**

❖ അടുത്തിടെ കൊച്ചി കായലിൽ നിന്നും കണ്ടെത്തിയ ഞണ്ട് ?
- **അനിപ്റ്റുംനസ് ബിജോയ്**

❖ അടുത്തിടെ കേരളത്തിലെ ഏറ്റവും വലിയ കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തനമാരംഭിച്ച ജില്ല ?
- **എറണാകുളം**

❖ അടുത്തിടെ സമാപിച്ച അണ്ടർ19 വനിതാ ട്വന്റി-20 ലോകകപ്പിനായുള്ള യു.എ.ഇ. ടീമിൽ ഇടംപിടിച്ച മലയാളി ?
- **ഗീതിക ജ്യോതിസ്**

❖ 2019 മുതൽ അസോസിയേഷനിൽ വരവുചെലവുകൾ അവതരിപ്പിച്ചില്ലെന്നു കാട്ടി കേരള സ്പോർട്ട്സ് കൗൺസിൽ സസ്പെൻഡു ചെയ്തത് ?
- **കേരള സ്റ്റേറ്റ് അമചർ ബോക്സിങ് അസോസിയേഷനെ**

❖ സ്ത്രീകളുടെ സ്വയംപര്യാപ്തതയ്ക്കും ശാക്തീകരണത്തിനും നൽകിയ സമഗ്രസംഭാവനകൾ പരിഗണിച്ച് ആറാമത് ഏഷ്യാനെറ്റ് ന്യൂസ് ടി.എൻ.ജി. പുരസ്കാരം ലഭിച്ചത് ?
- **കുടുംബശ്രീ**
- **രണ്ടു ലക്ഷം ₹യും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.**

❖ കണ്ണൂർ വിമാനത്താവള കമ്പനിയുടെ (കിയാൽ) എം.ഡി.യായി നിയമിതനായത് ?
- **സി. ദിനേശ് കുമാർ**

❖ അടുത്തിടെ ഏത് ലോക്സഭാ മണ്ഡലത്തിലേക്ക് ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച തീരുമാനം ആണ് തിരഞ്ഞെടുപ്പ് കമ്മിഷൻ മരവിപ്പിച്ചത് ?
- **ലക്ഷദ്വീപ്**

- 2026 ഓടെ കേരളത്തിൽ തീവണ്ടികളുടെ വേഗം മണിക്കൂറിൽ എത്ര Km. ലേക്ക് വർധിപ്പിക്കാനുള്ള നിർമാണപ്രവർത്തനങ്ങൾ ആണ് പൂർത്തിയാവുക ?
  - **130 Kmph**
- ലോകത്തിലെ ഏറ്റവും വലിയ ചതുപ്പുനിലമായി അറിയപ്പെടുന്ന ദക്ഷിണ സുഡാനിലെ അൽ സുഡ് ദ്വീപ് നിവാസികൾക്ക് ഭക്ഷണമെത്തിക്കുന്നതിന് സുഗമയാത്രയൊരുക്കാൻ പ്രത്യേക ജലവാഹനം രൂപകൽപ്പന ചെയ്തത് ?
  - **കോട്ടയം**
  - **അക്വാട്ടിക് വീഡ് ഷ്രെഡർ എന്നാണ് പേര്. ജലപാതയിലെ പുല്ലും ചെളിയും മുറിച്ചു നീക്കുന്ന ഉപകരണമാണിത്.**
- ഇന്ത്യയിലെ ആദ്യത്തെ ഹരിത സോളാർ പാനൽ ഫാക്ടറി ഉത്തരാഖണ്ഡിൽ നിർമ്മിക്കുന്നത് ?
  - **ലൂമിനസ് പവർ ടെക്നോളജീസ്**

- 30-ാമത് ദേശീയ ബാലശാസ്ത്ര കോൺഗ്രസ് ആരംഭിച്ചത് ?
  - **അഹമ്മദാബാദ്, ഗുജറാത്ത്**
- Papilio noblei എന്ന ശാസ്ത്രനാമം ഉള്ള Noble's Helen Butterfly യെ അടുത്തിടെ ഇന്ത്യയിൽ ആദ്യമായി കണ്ടെത്തിയത് ?
  - **നംദഫ നാഷണൽ പാർക്ക്, അരുണാചൽ പ്രദേശ്**
- 135 ദിവസം, കന്യാകുമാരി മുതൽ കശ്മീർ വരെ 4080 കിലോമീറ്റർ, സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ വലിയ പദയാത്രകളിലൊന്നിന് ശ്രീനഗറിൽ സമാപനം. പേര് ?
  - **ഭാരത് ജോഡോ യാത്ര**
- ഫോർബ്സ് പട്ടികയിൽ ഗൗതം അദാനി നാലാം സ്ഥാനത്തുനിന്നും എത്രാം സ്ഥാനത്തേക്കാണ് പിന്തള്ളപ്പെട്ടത് ?
  - **7**
  - **1. ബെർണാഡ് അർനോൾട്ട് (ഫ്രാൻസ്)**
  - **2.ടെസ്‌ല സിഇഒ എലോൺ മസ്ക്**
  - **3.ആമസോൺ സഹസ്ഥാപകൻ ജെഫ് ബെസോസ്**
- അമേരിക്കൻ നിക്ഷേപ ഗവേഷണ ഏജൻസിയായ ഹിൻഡൻബർഗ് റിസർച്ചിന്റെ റിപ്പോർട്ടിൽ ഓഹരി ഇടപാടുകളിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയത് ?
  - **അദാനി ഗ്രൂപ്പ്**

- ഫ്യൂച്ചേഴ്സ് ഇൻഡസ്ട്രി അസോസിയേഷൻ (FIA) പ്രകാരം തുടർച്ചയായ നാലാം വർഷവും ലോകത്തിലെ ഏറ്റവും വലിയ ഡെറിവേറ്റീവ് എക്സ്ചേഞ്ചായി മാറിയത് ?
    - **നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ (NSE)**
- 24 എന്ന സീരീസിലെ റെനീ വാൾക്കർ എന്ന എഫ്.ബി.ഐ. ഏജന്റിന്റെ കഥാപാത്രത്തിലൂടെ പ്രശസ്തയായ അമേരിക്കൻ നടി അർബുദ രോഗബാധയെ തുടർന്ന് അന്തരിച്ചു. പേര് ?
    - **ആനി വെർഷിങ് (45)**
- മികച്ച നടിക്കുള്ള ഓസ്കാർ നോമിനേഷൻ നേടുന്ന ആദ്യ ഏഷ്യക്കാരി ?
    - **മിഷേൽ യോ, മലേഷ്യൻ വംശജ, ചിത്രം: Everything everywhere all at once.**
- ലോകത്തിലെ ആദ്യത്തെ ഫോട്ടോണിക് അധിഷ്ഠിത ക്വാണ്ടം കമ്പ്യൂട്ടർ വാണിജ്യവൽക്കരിക്കുന്നത് ?
    - **കാനഡ**

- അടുത്തിടെ അന്താരാഷ്ട്ര ക്രിക്കറ്റിൽനിന്ന് വിരമിച്ച മുൻ ഇന്ത്യൻ ഓപ്പണർ ?
    - **മുരളി വിജയ്**
- ഇന്ത്യൻ പുരുഷ ഹോക്കി ടീമിന്റെ മുഖ്യ പരിശീലകൻ രാജി വെച്ചു. പേര് ?
    - **ഗ്രഹാം റീഡ്**
- ഓസ്ട്രേലിയൻ ക്രിക്കറ്റിലെ കഴിഞ്ഞവർഷത്തെ മികച്ച താരത്തിനുള്ള അലൻ ബോർഡർ മെഡൽ നേടിയത് ?
    - **സ്റ്റീവ് സ്മിത്ത്**
    - **റിക്കി പോണ്ടിങ്, മൈക്കൽ ക്ലാർക്ക് എന്നിവർക്കുശേഷം നാലുവട്ടം മെഡൽനേടുന്ന ആദ്യതാരം.**
- മികച്ച വനിതാതാരത്തിനുള്ള പുരസ്കാരം
    - **ബെത്ത് മൂണി.**

**************************************

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram
GET IT ON Google Play
Subscribe
FREE PSC TALKZ.in